**JEEVA MOZHIKAL** RNI/KERBIL/-2003/21404
**May 2014** www.jeevamozhikal.org
Annual Subscription Rs. 100/-

Regn No: KL/KTM/608/2012-14
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 30-04-2014

# ഇല്ലായ്മയിലെ സന്തോഷം

നമ്മൾ യഥാർത്ഥത്തിൽ വിവേകമുള്ളവരാണെങ്കിൽ സാധനസാമഗ്രികളോ വസ്തുവകകളോ വാങ്ങിച്ചുകൂട്ടണമെന്ന് ആഗ്രഹിക്കുകയില്ല എന്ന അഭിപ്രായക്കാരനായിരുന്നു പുരാതന ഗ്രീക്ക് തത്വചിന്തകൻ സോക്രട്ടീസ്.

താൻ പറയുന്നതുപോലെ പ്രവർത്തിക്കുന്നയാളാണെന്ന് കാണിക്കാനായി ഒരു ജോഡി ചെരുപ്പു പോലും വാങ്ങിച്ച് ഇടാതെയാണ് അദ്ദേഹം നടന്നത്. ഒന്നും വാങ്ങുകയില്ലെങ്കിലും ചന്തദിവസങ്ങളിൽ അവിടെയെല്ലാം ചെന്ന് വില്പനയ്ക്ക് വച്ചിരിക്കുന്നവയൊക്കെ ചുറ്റിനടന്ന് കാണുന്നത് അദ്ദേഹത്തിന് വലിയ ഇഷ്ടമായിരുന്നു. ഒരു ദിവസം ഒരു പരിചയക്കാരൻ ചോദിച്ചു: "അങ്ങെന്തിനാണ് ഇങ്ങനെ ഇതെല്ലാം നടന്ന് കാണുന്നത്? ഒരു സാധനം പോലും ഈ കടകളിൽ നിന്നും വാങ്ങിക്കാറില്ലല്ലോ?" സോക്രട്ടീസ് അയാളോട് മറുപടി പറഞ്ഞതിങ്ങനെ: "ഞാനീ ചന്തയിൽ വരുന്നതെന്തിനാണെന്നല്ലേ? ഇവിടെ വില്പനയ്ക്ക് വച്ചിരിക്കുന്ന ഒരു സാധനം പോലും എന്റെ വീട്ടിലില്ല. അങ്ങനെയുള്ള എന്തെല്ലാം സാധനങ്ങൾ സ്വന്തമായി ഇല്ലാതെ തന്നെ എനിക്ക് യഥാർത്ഥത്തിൽ സന്തോഷമായിരിക്കാൻ സാധിക്കുമെന്നറിയാനാണ് ഞാൻ ഇവിടെ വരുന്നത്".

ഇന്നത്തെ ഉപഭോഗസംസ്കാരം നമ്മെ ബാധിച്ചിട്ടുണ്ടോ? കോടികൾ ചെലവഴിച്ച് പരസ്യം കൊടുക്കുന്നത് തങ്ങളുടെ ഈ പുതിയ ഉൽപ്പന്നം കൂടാതെ നമുക്ക് സന്തോഷമായിരിക്കാൻ കഴിയുകയില്ലെന്ന് നമ്മെ ഓർമ്മിപ്പിക്കാനാണ്. ഇതൊരു കെണിയാണെന്ന് നമ്മളറിയുന്നുമില്ല. ജീവിതം കൂടുതൽ സന്തോഷപ്രദമാക്കാൻ ഇതെല്ലാം കൂടിയേ തീരൂ എന്നു വിചാരിച്ച് നമ്മളും അവരുടെ കെണിയിൽ വീഴുന്നു.

ഒരാളുടെ വസ്തുവകകളല്ല യഥാർത്ഥത്തിൽ അവനെ സമ്പന്നനാക്കുന്നത് എന്നറിയുന്നത് എത്ര നന്ന്.

"*ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്*" (ലൂക്കോസ് 12:15)

## 'Now, you can pay your subscription, online!'.

**Jeevamozhikal - Direct Fund transfer Details**

Account Name : JEEVAMOZHIKAL
Account No. : 67074193088
Bank & Branch : SBT, Kumaranalloor, Kottayam
Bank IFS CODE : SBTR0000677

**Note:**
Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 12 – ലക്കം 5 മെയ് 2014



**മതഭക്തിയോ ആത്മീയതയോ?**
**സാക് പുന്നൻ**

**എങ്ങോട്ടാണ് താങ്കൾ പോകുന്നത്?**

JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 12 മെയ് 2014 ലക്കം 5

വാർഷിക സ്വമേധ സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :



ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള – 686 016,
ഫോൺ 0481 – 2391519, 8281027519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org


## ഒറ്റനോട്ടത്തിൽ

### കർത്താവ്

*യേശുവിനെ*
*രക്ഷകനായി*
*കണ്ടെത്തിയിരിക്കുന്ന*
*പലരും തന്നെ*
*കർത്താവായി*
*കണ്ടിട്ടില്ല*

## മൊഴിമുത്തുകൾ

### രണ്ടുതരം പാപങ്ങൾ



ദൈവമുമ്പാകെ രണ്ടുതരം പാപങ്ങൾ മാത്രമേയുള്ളൂ. ഒന്ന് ദൈവകല്പനകൾക്കെതിരെ മത്സരിക്കുക. അഥവാ അവിടുന്ന് കല്പന നൽകുമ്പോൾ അത് അനുസരിക്കാതിരിക്കുക. രണ്ടാമത്തേത് കർത്താവു കല്പിച്ചിട്ടില്ലാതിരിക്കെ സ്വമേധയ മുന്നോട്ടു പോവുക. ആദ്യത്തേതു മത്സരം; രണ്ടാമത്തേതു വ്യഥാ സങ്കൽപം.

വാച്ച്മാൻ നീ

## മരുഭൂമിയിലെ മരുപ്പച്ച




'അപ്പമല്ലാത്തതിനു ദ്രവ്യവും തൃപ്തിവരുത്താത്തതിനു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നത് എന്തിന്? എന്റെ വാക്ക് ശ്രദ്ധിച്ചുകേട്ടു നന്മയനുഭവിപ്പിൻ; പുഷ്ടഭോജനം കഴിച്ചു മോദിച്ചുകൊൾവിൻ' *(യെശയ്യാവ് 55:2)*

# JESUS IS COMING BACK!

**Peter Pollock**

Luke 12: 37: " Blessed are those servants whom the master, when he comes, will find watching. Assuredly I say to you that he will gird himself and have them sit down to eat and will come and serve them"

When did you last hear anyone preach about the Second Coming ? It is the fulfillment of all scripture and prophecy and is the ultimate moment for all those who believe in Jesus Christ. Every knee shall bow and every tongue will confess His Lordship when He reveals Himself and shows all that He is truly the Son of God. But you would be excused for not considering it very important if you were the average churchgoer! It is seldom mentioned from the pulpit. Of course, there will be rational explanations for this, in just the same way as we excuse not preaching about sin and hell.

The faithful servant is always ready! The master of the household might well be long in coming but this servant is at the ready. In modern church terms, he would be constantly in anticipation of Christ's return, would be praying for it and certainly talking about it as he noted all the end-time signs being fulfilled around the world. The Lord's " prayer" urges us to plead " Thy Kingdom come" before we start to think of ourselves! We should be living this day as if Jesus is coming tonight and that would certainly enhance the spirit of evangelism and expectation. There would be excitement and urgency, to say the least! Blessed is the servant who is enthusing with this kind of anticipation, says Jesus, for He will make him ruler over all he has.

But, there is the other servant who is tired from waiting. His focus has switched to the material and physical and his relationships have soured badly. He is caught up in the hedonism of this world and his priorities have gone down the drain. He does not want to hear anybody talking about the Master's return! He even gets quite angry when it is mentioned! In fact, he might even have reached a stage where he doubts that it is even going to happen. The earthly influences hold sway in his life and he is in the process of losing his salvation.

The end times are going to be just like that. It is going to be a testing time with evil abounding and patience waning! We don't know when but the signs are abounding! The twigs are budding! Summer is near!

**എഡിറ്റോറിയൽ**

# മതഭക്തിയിൽ നിന്ന് ആത്മീയതയിലേക്കുള്ള ദൂരം



**യേ**ശു ജീവിച്ചിരുന്ന കാലത്തെ ഏറ്റവും മതഭക്തരായ ആളുകൾ പരീശന്മാരായിരുന്നു; അക്കാലത്തെ (എക്കാലത്തേയും) ഏറ്റവും ആത്മീയനായ വ്യക്തിയാകട്ടെ യേശുവും. ഇന്നും ഈ രണ്ടു മാതൃകകളാണു നമ്മുടെ മുന്നിലുള്ളത്. നാം ഇതിൽ ആരെ പിന്തുടരുമെന്നത് നിർണായകമാണ്. യേശുവിനെ അനുഗമിച്ചാൽ ആത്മീയരാകും. പരീശന്മാരെ അനുകരിച്ചാൽ മതഭക്തിയിൽ ചെന്ന് അവസാനിക്കും.

പരീശന്മാരുടെ ഉദ്ദേശ്യം നല്ലതായിരുന്നു-ദൈവത്തെ പ്രസാദിപ്പിക്കുക. പക്ഷേ അവർക്കതിനു കഴിഞ്ഞില്ല. അതുകൊണ്ടാണല്ലോ ദൈവപുത്രൻ അവരെ വിലയിരുത്തിയിട്ട് ഇങ്ങനെ പറഞ്ഞത്: 'അവരുടെ പ്രവൃത്തികൾപോലെ നിങ്ങൾ ചെയ്യരുത്' (മത്തായി 23:3). ഇതേ സമയം യേശുവിൽ സ്വർഗ്ഗം പ്രസാദിച്ചു (മത്തായി 3:17, ലൂക്കോ.3:22). നോക്കുക: മതഭക്തിയുടെ മാർഗ്ഗം ദൈവത്തെ പ്രസാദിപ്പിക്കുകയില്ല, ആത്മീയനുമാത്രമേ ദൈവപ്രസാദം ലഭിക്കുകയുള്ളൂ.

നല്ല ഉദ്ദേശ്യം ഉള്ളവരായിട്ടും ദൈവപ്രസാദം ലഭിക്കാതെ പരീശന്മാർ മതഭക്തിയിൽ ചെന്നവസാനിച്ചതിന്റെ കാരണം എന്താണ്? യേശുവിന്റെ ഈ വാക്കുകൾ അതേക്കുറിച്ച് ഒട്ടേറെ സൂചനകൾ നൽകുന്നു: '...അയച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ലല്ലോ. നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു. അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നവല്ലോ. അവ എനിക്കു സാക്ഷ്യം പറയുന്നു. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല. ഞാൻ മനുഷ്യരോടു ബഹുമാനം വാങ്ങുന്നില്ല. എന്നാൽ നിങ്ങൾക്ക് ഉള്ളിൽ ദൈവസ്നേഹമില്ല എന്നു ഞാൻ അറിഞ്ഞിരിക്കുന്നു. ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു. എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല; മറ്റൊരുത്തൻ സ്വന്ത നാമത്തിൽ വന്നാൽ അവനെ കൈക്കൊള്ളും. തമ്മിൽത്തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏക ദൈവത്തിന്റെ പക്കൽനിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും? (യോഹ. 5:38-44).

ഈ വചനഭാഗത്തിന്റെ ആരംഭത്തിലും അവസാനത്തിലും യേശു, പരിശീന്മാർക്കു യഥാർത്ഥവിശ്വാസമില്ലെന്നു പറഞ്ഞിരിക്കുന്നു. ഇവയുടെ മധ്യത്തിൽ മതഭക്തിയുടെ മൂന്നു ലക്ഷണങ്ങൾ യേശു എടുത്തുകാട്ടിയിട്ടുണ്ട്. അവ അക്കമിട്ട് ഇങ്ങനെ പറയാമെന്നു തോന്നുന്നു. ഒന്ന്: മതഭക്തർക്ക് വചനം പ്രധാനമാണ്. എന്നാൽ വചനം ജഡമായവന്റെ അടുത്തേക്കു വരുവാൻ അവർക്കു താത്പര്യമില്ല. രണ്ട്: മതഭക്തർ യഥാർത്ഥത്തിലുള്ള ദൈവസ്നേഹത്തിന്റെ അടിസ്ഥാനത്തിലല്ല പ്രവർത്തിക്കുന്നത്. അവർ എല്ലാം ഒരു ചടങ്ങുപോലെയാണ് ചെയ്യുന്നത്. മൂന്ന്: മതഭക്തർ മനുഷ്യരുടെ മുന്നിലുള്ള മാനമാണ് അന്വേഷിക്കുന്നത്. ദൈവമുമ്പാകെയല്ല അവർ ജീവിക്കുന്നത്; ദൈവത്തിൽനിന്നുള്ള മാനമല്ല അവർ തേടുന്നത്.

യഹൂദന്മാരെക്കുറിച്ച് യേശുപറഞ്ഞ ഈ മൂന്ന് കാര്യങ്ങളുടെ അടിസ്ഥാനത്തിൽ പുതിയനിയമവിശ്വാസികളായ നാം നമ്മെത്തന്നെ പരിശോധിച്ചാൽ നാം യഥാർത്ഥത്തിൽ അന്വേഷിക്കുന്നതു കേവലം മതഭക്തിയാണോ യഥാർത്ഥ ആത്മീയതയാണോ എന്ന് വ്യക്തമാകും. ഇവ ഓരോന്നായി നോക്കാം:

**അക്ഷരം കൊല്ലുന്നു ആത്മാവോ ജീവിപ്പിക്കുന്നു:**

യഹൂദൻ അക്ഷരത്തിൽ ജീവിച്ചവനാണ്. തോറയും (Tora) തൽമൂദും (Talmud) ആയിരുന്നു അവന്റെ പ്രമാണങ്ങൾ. മോശവഴി യഹൂദനു ലഭിച്ച കൽപനകളുടെ ആകെത്തുകയെയാണ് തോറ (തൗറാത്ത്) എന്നു വിളിക്കുന്നത്. ഇതിലെ ഭക്ഷണപാനീയ നിബന്ധനകൾ, ശുദ്ധീകരണവ്യവസ്ഥകൾ, ശബത്ത് സംബന്ധിച്ച നിയമങ്ങൾ എന്നിവയെല്ലാം വള്ളിപുള്ളിവിടാതെ പാലിക്കാൻ അവൻ ബാധ്യസ്ഥനായിരുന്നു. ഇതിനു പുറമേയാണ് തൽമൂദ്. എഴുതപ്പെട്ട വചനത്തിനനുബന്ധമായി പിതാക്കന്മാരിലൂടെ കൈമാറിവന്ന പാരമ്പര്യങ്ങളുടെ ഭാരിച്ച ചുമടാണ് തൽമൂദ് എന്നു പറയാം. പരമ്പരാഗതമായ ആരാധന, ആചാര രീതികളാണിവ. ഈ മതകൽപ്പനകളും നിയമസംഹിതകളും അക്ഷരാർത്ഥത്തിൽ തന്നെ പാലിക്കാനുള്ള തത്രപ്പാടിനിടയിൽ ഈ തിരുവെഴുത്തുകൾ അവർക്കു നൽകിയ സാക്ഷാൽ ജീവനായകനായ ദൈവപുത്രൻ അവരുടെ അടുത്തുവന്നപ്പോൾ അവർക്ക് തിരിച്ചറിയാനും അംഗീകരിക്കാനും കഴിഞ്ഞില്ല.

ഇതിനു സമാന്തരമായി മതഭക്തർക്ക് ഇന്നു സംഭവിക്കാവുന്നതെന്താണ്? ഇന്ന് എഴുതപ്പെട്ട വചനങ്ങളുടെ അക്ഷരത്തെ (Letter) അവർ പിടിക്കും, അതിന്റെ ആത്മാവിനെ (Spirit) അവർ തള്ളിക്കളയും. പാരമ്പര്യങ്ങളെ അവർ മുറുകെ പിടിക്കും. ക്രിസ്തുവിനെ അവർ കണ്ടില്ലെന്നു നടിക്കും. ഉപദേശങ്ങൾ അവർക്ക് പരമപ്രധാനമായിരിക്കും. ജീവിതം അവർക്ക് ഗൗരവമുള്ളതായിരിക്കുകയില്ല.

ഇന്നു നമുക്ക് ജീവിതത്തെക്കാൾ പ്രധാനം ഉപദേശങ്ങളാണെങ്കിൽ നാം മതഭക്തരായിരിക്കും. ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപരാകുന്നതിനെക്കാൾ കർത്തൃമേശ പകലാണോ രാത്രിയിലാണോ നടത്തേണ്ടത് എന്നതിനെച്ചൊല്ലിയുള്ള ഉപദേശം സ്ഥാപിക്കാനാണു താത്പര്യമെങ്കിൽ സംശയമില്ല നാം മതഭക്തരാണ്. മത്തായി അഞ്ചു മതുൽ ഏഴുവരെയുള്ള അധ്യായങ്ങളിലെ ഗിരിപ്രഭാഷണത്തെക്കാൾ നമ്മുടെ ശ്രദ്ധ ആയിരമാണ്ടുവാഴ്ച, പ്രതിഫലവിഭജനം എന്നിവയെക്കുറിച്ചു പരാമർശിക്കുന്ന വെളിപ്പാടുപുസ്തകത്തിലെ ഭാഗങ്ങളിലാണെങ്കിൽ നാം മതഭക്തരാണ്! കർത്താവു നമ്മോടു പറയുന്നത് ഈ മട്ടിൽ ആയിരിക്കും..'നിങ്ങൾ പുതിയനിയമഉപദേശങ്ങളുടെ തലനാരിഴ കീറി സ്വന്തം ഉപദേശം സ്ഥാപിക്കാൻ തത്പരരാണ്. എന്നാൽ പുതിയ ഉടമ്പടി സ്ഥാപിച്ച ഞാൻ നിങ്ങൾക്ക് പ്രധാനമല്ല. അക്ഷരങ്ങളാണ് നിങ്ങൾക്കു പ്രധാനം, അതിന്റെ ആത്മാവല്ല. എന്റെ സ്വഭാവത്തോട് അനുരൂപരാകുവാൻ എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല'

**വലിയതു സ്നേഹം**

നാം ചിന്തിക്കുന്ന വേദഭാഗത്തു പരീശന്മാരോടു കർത്താവു പറഞ്ഞു: 'നിങ്ങൾക്ക് ഉള്ളിൽ ദൈവസ്നേഹമില്ല എന്നു ഞാൻ അറിഞ്ഞിരിക്കുന്നു'. യെഹൂദന്മാർ ശുദ്ധീകരണനിബന്ധനകൾ, ശബത്തുനിയമങ്ങൾ, യാഗത്തിന്റെ പ്രമാണങ്ങൾ എന്നിവയെല്ലാം കടുകിട തെറ്റാതെ പാലിച്ചിരുന്നു. എന്നാൽ അവയെല്ലാം വിരസമായ കടമ നിറവേറ്റുന്നതുപോലെ ചെയ്തു, ദൈവസ്നേഹം അതിനെ മധുരവും ദീപ്തവുമാക്കിയില്ല. ഫലം അവരെ ദൈവം മതഭക്തരെന്നു മുദ്രകുത്തി.

ഇന്നു നാം യോഗങ്ങൾ നടത്തുന്നു. കൺവൻഷനുകൾ സംഘടിപ്പിക്കുന്നു, സുവിശേഷപ്രചാരണപരിപാടികൾ ക്രമീകരിക്കുന്നു. പക്ഷേ ഇവയെല്ലാം ചെയ്യുന്നതു കർത്താവിനോടുള്ള കറകളഞ്ഞ സ്നേഹത്തിലാണോ? നാം ദൈവസ്നേഹത്തിലാണ് ഇവ ചെയ്യുന്നതെന്ന് എങ്ങനെ തിരിച്ചറിയാം? പൂർണസ്നേഹത്തിലാണു ചെയ്യുന്നതെങ്കിൽ നമ്മുടെ മഹത്വമല്ല ദൈവനാമമഹത്വം മാത്രമായിരിക്കും നമ്മുടെ ലക്ഷ്യം. നമ്മെ പരിഗണിച്ചില്ലെന്ന പരാതികളും ജോലിഭാരത്തെക്കുറിച്ചുള്ള പരിഭവങ്ങളും

(ശേഷം പേജ് 31 ൽ)

സന്ദേശം

# മതഭക്തിയോ ആത്മീയതയോ?

സാക് പുന്നൻ

ഒരു വിശുദ്ധജീവിതത്തിനു വേണ്ടിയുള്ള പ്രയാണത്തിനിടയിൽ ക്രിസ്ത്യാനിയെ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വിപത്തുകളിലൊന്ന് ആത്മീയതയ്ക്കു പകരം മതഭക്തിയിൽ ചെന്നവസാനിക്കുവാനുള്ള സാധ്യതയാണ്. വിവേചന ശക്തിയില്ലാത്ത വിശ്വാസി പലപ്പോഴും മതഭക്തിയെ ആത്മീയതയായി തെറ്റിദ്ധരിക്കുന്നു. എന്നാൽ ഇവ തമ്മിൽ അതിവിപുലമായ അന്തരമുണ്ട്. ആദ്യത്തേത് മാനുഷികമെങ്കിൽ രണ്ടാമത്തേതു ദൈവികമാണ്. ന്യായപ്രമാണത്തിന് മനു



*ഒരു മകനോ ഭാര്യയോ സമയം വച്ചല്ല, പ്രതിഫലം നോക്കിയുമല്ല, പിന്നെയോ സ്നേഹത്തിന്റെ പേരിലാണ് തങ്ങളുടെ കടമ ചെയ്യുന്നത്.*

> വിവേചന ശക്തിയില്ലാത്ത വിശ്വാസി പലപ്പോഴും മതഭക്തിയെ ആത്മീയതയായി തെറ്റിദ്ധരിക്കുന്നു. എന്നാൽ ഇവ തമ്മിൽ അതിവിപുലമായ അന്തരമുണ്ട്. ആദ്യത്തേത് മാനുഷികമെങ്കിൽ രണ്ടാമത്തേതു ദൈവികമാണ്. ന്യായപ്രമാണത്തിന് മനുഷ്യരെ മതഭക്തരാക്കുവാനേ കഴിവുണ്ടായുള്ളു; ആത്മീയരാക്കുവാൻ അതിനു കഴിവില്ല. മതഭക്തി പുറമേയുള്ള ദൃശ്യമായ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു; ആത്മീയതയാകട്ടെ പ്രാഥമികമായി ഹൃദയാവസ്ഥയെ സംബന്ധിക്കുന്നതത്രേ. അന്ത്യകാലത്ത് ഭക്തിയുടെ വേഷം മാത്രം ധരിച്ച് അതിന്റെ ശക്തി നഷ്ടപ്പെട്ട ധാരാളമാളുകൾ ഉണ്ടാവുമെന്ന് ദൈവവചനം നമുക്കു താക്കീതു നൽകുന്നു. മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ ഈ ഘട്ടത്തിൽ ആളുകൾ മതഭക്തരായിരിക്കും. ആത്മീയരായിരിക്കുകയില്ല എന്നർത്ഥം.

ഷ്യരെ മതഭക്തരാക്കുവാനേ കഴിവുണ്ടായുള്ളു; ആത്മീയരാക്കുവാൻ അതിനു കഴിവില്ല. മതഭക്തി പുറമേയുള്ള ദൃശ്യമായ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു; ആത്മീയതയാകട്ടെ പ്രാഥമികമായി ഹൃദയാവസ്ഥയെ സംബന്ധിക്കുന്നതത്രേ.

അന്ത്യകാലത്ത് ഭക്തിയുടെ വേഷം മാത്രം ധരിച്ച് അതിന്റെ ശക്തി നഷ്ടപ്പെട്ട ധാരാളമാളുകൾ ഉണ്ടാവുമെന്ന് ദൈവവചനം നമുക്കു താക്കീതു നൽകുന്നു. മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ ഈ ഘട്ടത്തിൽ ആളുകൾ മതഭക്തരായിരിക്കും. ആത്മീയരായിരിക്കുകയില്ല എന്നർത്ഥം. (2 തിമൊഥി. 3:5) അവർ പതിവായി സഭായോഗങ്ങളിൽ സംബന്ധിക്കും. ദിനംതോറും പ്രാർത്ഥിക്കയും ബൈബിൾ വായിക്കുകയും രാത്രി മുഴുവൻ നീളുന്ന ഉപവാസപ്രാർത്ഥനകളിൽ പങ്കെടുക്കുകയും ദശാംശം നൽകുകയുമെല്ലാം ചെയ്യും. എന്നാലും അവർ മനുഷ്യരുടെ മാനമന്വേഷിക്കും, തങ്ങൾക്കു വേണ്ടിത്തന്നെ ജീവിക്കും, പണത്തെ സ്നേഹിക്കും, വ്യർത്ഥസംസാരത്തിൽ താത്പര്യം കാണിക്കും. ഇത്തരക്കാർ മതഭക്തരാണ്. ആത്മീയരല്ല അവർക്ക് ഭക്തിയുടെ വേഷമുണ്ട്, ശക്തിയില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

നിങ്ങൾക്ക് സ്വന്തം ജഡത്തെ ക്രൂശിക്കുന്നതിനേക്കാൾ (ഗലാ. 5: 24) സഭായോഗങ്ങളിൽ സംബന്ധിക്കുന്നതിലാണ് കൂടുതൽ താത്പര്യമെങ്കിൽ നിങ്ങൾ മതഭക്തരാണ്, ആത്മീയരല്ല.

നിങ്ങൾക്ക് ദിവസം മുഴുവനും സ്വന്തം നാവിനെ നിയന്ത്രിക്കുന്നതിനുള്ളതിൽ കൂടുതൽ താത്പര്യം പ്രഭാതത്തിൽ പതിവുള്ള ദൈവവചന ധ്യാനം നിറവേറ്റുവാനാണെങ്കിൽ നിങ്ങൾ മതഭക്തനാണ്, ആത്മീയനല്ല.

പണത്തോടുള്ള സ്നേഹത്തിൽ നിന്ന് സ്വാതന്ത്ര്യം നേടുന്നതിനുള്ളതിനെക്കാൾ അധികം താത്പര്യം നിങ്ങൾക്ക് ഉപവാസത്തിലും പ്രാർത്ഥനയിലുമാണെങ്കിൽ നിങ്ങൾ ആത്മീയനല്ല, മതഭക്തൻ തന്നെ.

നിങ്ങൾക്ക് സ്വന്തം വിശുദ്ധീകരണത്തെക്കാൾ പ്രധാനം സുവിശേഷ പ്ര

ചാരണമാണെങ്കിൽ നിങ്ങൾ മതഭക്തനാണ്, ആത്മീയനല്ല.

മേല്പറഞ്ഞ ഉദാഹരണങ്ങളിൽ പരാമർശിച്ച മതഭക്തന്മാരുടെ പ്രവർത്തനങ്ങൾ എല്ലാം നല്ലതു തന്നെ. എന്നാൽ മുൻഗണന ഏതിന് എന്നതാണ് ഇവിടത്തെ പ്രശ്നം. ശരിയായ മുൻഗണനകളാണ് ഒരുവനെ ആത്മീയനാക്കുന്നത്.

മതഭക്തന്മാർക്ക് എഴുതപ്പെട്ട ദൈവവചനത്തിൽ (അക്ഷരത്തിൽ) മാത്രമാണ് താത്പര്യം. അവർ ന്യായപ്രമാണം മൂലമുള്ള നീതിയിൽച്ചെന്നവസാനിക്കുന്നു ആത്മീയന്മാർ ഇതിനു പുറമേ, വചനം തങ്ങളിൽ ജഡമായിത്തീരുന്നതിൽ കൂടെ





തൽപരരാണ്. നമ്മുടേതു പോലെ മോഹങ്ങളും ആഗ്രഹങ്ങളും ഉണ്ടായിരുന്ന ജഡത്തിൽ പാപരഹിതനായി ക്രിസ്തു വെളിപ്പെട്ടതു പോലെ) ഇക്കൂട്ടർ അന്തിമമായി ദൈവത്തിന്റെ നീതിയിൽ അഥവാ ദൈവസ്വഭാവത്തിൽ ചെന്നു ചേരുന്നു.

മതഭക്തന്മാർ ചില വലിയ ദൈവഭൃത്യന്മാരുടെ വാക്കുകൾ വച്ചുകൊണ്ട് സ്വന്തം പ്രവൃത്തികളെ ന്യായീകരിക്കുവാൻ ശ്രമിക്കുന്നു; ആത്മീയരാകട്ടെ, ഒരിക്കലും മനുഷ്യരുടെ മുമ്പിൽ തങ്ങളെത്തന്നെ നീതികരിക്കുവാൻ ശ്രമിക്കുന്നില്ല.

മതഭക്തന്മാർക്ക്, ദൈവത്തിനു തങ്ങളെക്കുറിച്ചുണ്ടാകേണ്ട നല്ല അഭിപ്രായത്തെക്കാളധികം മനുഷ്യരുടെ നല്ല അഭിപ്രായത്തോടയാണ് ആഭിമുഖ്യം. ആത്മീയരാകട്ടെ, ദൈവത്തിന്റെ മാത്രം നല്ല അഭിപ്രായം തേടുന്നവരാണ്. തങ്ങളെപ്പറ്റി ഏതെങ്കിലും ദൈവഭൃത്യൻ പറഞ്ഞ നല്ല അഭിപ്രായത്തെപ്പറ്റി മതഭക്തന്മാർ ദീർഘകാലം ചിന്തിച്ചുകൊണ്ടിരിക്കും. എന്നാൽ ആത്മീയർക്കാകട്ടെ. യേശുവിനെന്ന പോലെ മനുഷ്യരുടെ സാക്ഷ്യം ആവശ്യമില്ല. (യോഹ. 5:34) തങ്ങളുടെ ഉള്ളിൽ തങ്ങൾ തന്നെ കാണുന്ന ദുഷ്ടത മറ്റു മനുഷ്യർക്ക് അറിവുണ്ടാകയില്ലെന്ന് ആത്മീയർക്കറിയാം. അതിനാൽ മനുഷ്യരുടെ പ്രശംസ തികച്ചും വിലയറ്റതാണെന്ന് അവർക്കു ബോധ്യമുണ്ട്.

മതഭക്തന്മാർ നിയമാനുസാരികളും ന്യായപ്രമാണത്തിൽ കീഴിൽ ജീവിക്കുന്നവരുമാണ്. ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡമാണ് അവർ അന്വേഷിക്കുന്നത്. അതുകൊണ്ടാണ് തങ്ങളുടെ വരുമാനത്തിന്റെ കൃത്യം 10% എത്രയെന്നു കണക്കുകൂട്ടി അത്രയും അവർ വൈമനസ്യത്തോടെ ദൈവത്തിനായി കൊടുക്കുന്നത്. പഴയനിയമകാലത്ത് ഈ മനോഭാവം അന്തിമമായി, കണ്ണുപൊട്ടിയതിനെയും രോഗം

മതഭക്തന്മാർ നിയമാനുസാരികളും ന്യായപ്രമാണത്തിൽ കീഴിൽ ജീവിക്കുന്നവരുമാണ്. ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡമാണ് അവർ അന്വേഷിക്കുന്നത്. അതുകൊണ്ടാണ് തങ്ങളുടെ വരുമാനത്തിന്റെ കൃത്യം 10% എത്രയെന്നു കണക്കുകൂട്ടി അത്രയും അവർ വൈമനസ്യത്തോടെ ദൈവത്തിനായി കൊടുക്കുന്നത്. പഴയനിയമകാലത്ത് ഈ മനോഭാവം അന്തിമമായി, കണ്ണുപൊട്ടിയതിനെയും രോഗം ബാധിച്ചതിനേയും യഹോവയ്ക്കു യാഗം കഴിക്കുന്ന ഒരു സ്വഭാവത്തിലേക്ക് യിസ്രായേൽ ജനങ്ങളെ നയിച്ചു.

ബാധിച്ചതിനേയും യഹോവയ്ക്കു യാഗം കഴിക്കുന്ന ഒരു സ്വഭാവത്തിലേക്ക് യിസ്രായേൽ ജനങ്ങളെ നയിച്ചു. (മലാഖി. 1:8) പുതിയ നിയമ കല്പനകളോടും ഇതിനു തുല്യമായ ഒരു മനോഭാവം ഉണ്ടാവുക സാധ്യമാണ്. ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കണമെന്നുള്ള ദൈവകല്പനയനുസരിക്കുവാൻ താൻ ചെയ്യേണ്ടതിന്റെ മിനിമം (പരമാവധി കുറഞ്ഞ തോത്) അന്വേഷിക്കുവാൻ ഒരു സഹോദരിയെ ഇതു പ്രേരിപ്പിച്ചെന്നു വരാം. സഭായോഗങ്ങളിൽ സ്ത്രീകൾ തല മറയ്ക്കണമെന്നുള്ള കല്പന പാലിക്കുമ്പോൾ തന്റെ കേശഭംഗി മുഴുവൻ മറഞ്ഞു പോകാതെ പരമാവധി കുറഞ്ഞ ആവരണമണിയാൻ ഇത് പ്രേരിപ്പിച്ചേക്കാം. എല്ലാം ദൈവത്തിനുവേണ്ടി വിട്ടു കളയാതെ ആത്മീയത്വം പാലിക്കുവാനാവശ്യമായ ഒരു മിനിമം കണ്ടെത്തുവാൻ ഇത് പുരുഷന്മാരെയും സ്ത്രീകളെയും ഉത്സാഹിപ്പിച്ചെന്നു വരാം.

ലോകമയത്വം വെടിയുന്നതിലും മിനിമം എന്തെന്നുള്ള പ്രശ്നമായിരിക്കും ഇത്തരക്കാരുടെ മനസ്സിൽ ഉദിക്കുന്നത്. ഇക്കൂട്ടർക്ക് മതഭക്തരാകുവാനേ കഴിയൂ; ആത്മീയരാകുവാൻ ഒരിക്കലും സാധ്യമല്ല.

യേശുവിന്റെ മനോഭാവം ഇതിൽനിന്നു പാടേ വ്യത്യസ്തമായിരുന്നു. തന്റെ പിതാവിനെ പ്രസാദിപ്പിക്കുവാൻ പരമാവധി കുറഞ്ഞ തോതെന്തെന്ന് കർത്താവ് ഒരിക്കലും ചിന്തിച്ചില്ല. നേരേമറിച്ച് പരമാവധി കൂടിയതെന്തെന്നന്വേഷിക്കുകയും അത് അർപ്പിക്കയുമായിരുന്നു അവിടുത്തെ പതിവ്. തന്മൂലം ഒരു ചെറിയ കുട്ടിയെന്ന നിലയിൽ ന്യായപ്രമാണം അഭ്യസിച്ചപ്പോൾ അക്ഷരത്തിനു പിമ്പിലുള്ള ആത്മാവിനെ കണ്ടെത്തുവാൻ അവിടുന്നു പരിശ്രമിച്ചു. അങ്ങനെ ശാരീരികമായി വ്യഭിചാരം ചെയ്യാതിരിക്കുന്നതുകൊണ്ടു മാത്രം മതിയാവുകയില്ലെന്ന് അവിടുന്നു മനസ്സിലാക്കി. തന്റെ പിതാവിന്റെ മുഖമന്വേഷിച്ചുകൊണ്ട് ന്യായപ്രമാണത്തെപ്പറ്റി ധ്യാനിച്ചപ്പോൾ അവിടുത്തേക്ക് വെളിച്ചം ലഭിച്ചു. (ആത്മാവിൽ താൻ ചെയ്ത അധ്വാനഫലമായി അവൻ വെളിച്ചം കണ്ടെത്തും. യെശ. 53:11 NASB Margin) ഒരുവൻ ഹൃദയം കൊണ്ട് മോഹിക്കുക പോലും ചെയ്യരുത് എന്നതാണ് ആ കല്പനയുടെ ആത്മാവെന്ന് കർത്താവു മനസ്സിലാക്കി. ഇതുപോലെ കോപവും കൊലയും തുല്യമാണെന്ന വസ്തുതയും അവിടുന്നു ഗ്രഹിച്ചു. ഇങ്ങനെ ന്യായപ്രമാണത്തിന്റെ ആത്മാവിലേക്കു കർത്താവ് പ്രവേശിച്ചു. ഈ വിധത്തിലാണ് തന്റെ ജഡത്തിൽക്കൂടി അവിടുന്ന് ജീവനുള്ള ഒരു പുതുവഴി നമുക്കായി തുറന്നു തന്നത്.

തന്റെ കാന്തനുമായി അനുരാഗബന്ധത്തിൽക്കഴിയുന്ന ഒരു കന്യക തന്റെ പ്രിയതമനെ സന്തോഷിപ്പിക്കുവാൻ പരമാവധി കുറഞ്ഞ കാര്യമെന്തെന്ന് ചിന്തിക്കുകയില്ല. നേരേമറിച്ച് പരമാവധി കൂടുതൽ ചെയ്യാവുന്നതെന്തെന്നായിരിക്കും അവൾ ചിന്തിക്കുക. ക്രിസ്തുവിന്റെ കാന്തയുടെ മനോഭാവവും ഇതുതന്നെ. ഇവിടെയാണ് ദാസിയും കാന്തയും തമ്മിലുള്ള വ്യത്യാസം നാം കണ്ടെത്തുക. ന്യായപ്രമാണത്തിൽ കീഴിലുള്ളവർക്ക് ദാസരായിരിക്കാനേ കഴിയൂ.ഒരു ജോലിക്കാരൻ ശമ്പളത്തിനായി ജോലി ചെയ്യുന്നു. തന്മൂലം കണക്കു നോക്കിയാണ് അയാൾ സേവ ചെയ്യുന്നത്. ക്ലോക്കു നോക്കിക്കൊണ്ട് അവൻ തന്റെ ജോലി തികയ്ക്കുന്നു. നിശ്ചിത സമയം കഴിഞ്ഞ് ജോലി ചെയ്യുന്ന പക്ഷം ഓവർ ടൈം വേതനം ലഭിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. നേരേമറിച്ച് ഒരു മകനോ ഭാര്യയോ സമയം വച്ചല്ല, പ്രതിഫലം നോക്കിയുമല്ല, പിന്നെയോ സ്നേഹത്തിന്റെ പേരിലാണ് തങ്ങളുടെ ജോലി ചെയ്യുന്നത്. മതഭക്തിയും ആത്മീയതയും തമ്മിലുള്ള

തന്റെ കാന്തനുമായി അനുരാഗബന്ധത്തിൽക്കഴിയുന്ന ഒരു കന്യക തന്റെ പ്രിയതമനെ സന്തോഷിപ്പിക്കുവാൻ പരമാവധികുറഞ്ഞ കാര്യമെന്തെന്ന് ചിന്തിക്കുകയില്ല. നേരേമറിച്ച് പരമാവധി കൂടുതൽ ചെയ്യാവുന്നതെന്തെന്നായിരിക്കും അവൾ ചിന്തിക്കുക. ക്രിസ്തുവിന്റെ കാന്തയുടെ മനോഭാവവും ഇതുതന്നെ. ഇവിടെയാണ് ദാസിയും കാന്തയും തമ്മിലുള്ള വ്യത്യാസം നാം കണ്ടെത്തുക. ന്യായപ്രമാണത്തിൽ കീഴിലുള്ളവർക്ക് ദാസരായിരിക്കാനേ കഴിയൂ. ഒരു ജോലിക്കാരൻ ശമ്പളത്തിനായി ജോലി ചെയ്യുന്നു. തന്മൂലം കണക്കു നോക്കിയാണ് അയാൾ സേവ ചെയ്യുന്നത്. ക്ലോക്കു നോക്കിക്കൊണ്ട് അവൻ തന്റെ ജോലി തികയ്ക്കുന്നു.





വ്യത്യാസവും ഇതു തന്നെയാണ്.

'കർത്താവിൽ നിന്ന് എനിക്ക് എന്തു കിട്ടും' എന്നു ചിന്തിക്കുന്ന മനോഭാവം മതഭക്തിയിലേക്കു നയിക്കുന്നതാണ്. നേരേമറിച്ച്, 'എനിക്ക് ആകെക്കൂടിയുള്ള ഒരൊറ്റ ജീവിതം മൂലം ദൈവത്തിന് എന്തു ലഭിക്കും' എന്ന മനോഭാവമാണ് ആത്മീയതയിലേക്കു വഴി നടത്തുന്നത്. അപ്പോൾ ഒരു മൈൽ മാത്രം പോകേണ്ടിടത്ത് രണ്ടു മൈൽ പോകുവാൻ നമുക്കു സാധിക്കും.

ആദാം അത്തിയില കൂട്ടിത്തുന്നി തനിക്ക് ഒരു അരയാടയുണ്ടാക്കി. ഇത് മനുഷ്യരുടെ മുമ്പിലും ദൈവത്തിന്റെ മുമ്പിൽത്തന്നെയും പ്രദർശനയോഗ്യരായി കാണപ്പെടുവാൻ ശ്രമിക്കുന്ന മതഭക്തിയുടെ ഒരു പ്രതീകമാണ്. യേശു അത്തിയിലയാൽ മൂടിയിരുന്ന മരത്തെ ശപിച്ചു. (മർക്കോസ്. 11:13, 14,21) എല്ലാ മതഭക്തിയും ശാപയോഗ്യമാണ്. ദൈവം അതിനെ വെറുക്കുന്നു. ദൈവം ആദാമിന് തോൽ കൊണ്ടു നിർമ്മിച്ച മറ്റൊരു വസ്ത്രം നൽകി. ഇത് യഥാർത്ഥമായ ആത്മീയതയുടെ പ്രതീകമത്രേ. ഇത് മനുഷ്യൻ സ്വയം നിർമ്മിക്കുന്നതല്ല. മറിച്ച് ദൈവം തന്നെ നല്കുന്ന ദിവ്യസ്വഭാവമാണ്. യേശു അത്തിവൃക്ഷത്തിനരികെ വന്നപ്പോൾ അത്തിപ്പഴത്തിന്റെ കാലമായിരുന്നില്ല. പഴയ നിയമകാലം ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന കാലമല്ലെന്ന് നമുക്ക് കരുതാം. മനുഷ്യരെ അടിമത്തത്തിലേക്കു നയിക്കുന്ന നിയമപാലനത്തിന്റേതായ ആ വ്യവസ്ഥ ഇപ്പോൾ നീങ്ങിപ്പോയിരിക്കുന്നു. മനുഷ്യൻ തന്റെ ആവശ്യം മനസ്സിലാക്കുന്നതിനുവേണ്ടി ഒരു കാലഘട്ടത്തിലേക്കു മാത്രം ദൈവം നിയമിച്ചിരുന്ന ഒരു വ്യവസ്ഥയായിരുന്നു അത്. ന്യായപ്രമാണം ഒരിക്കലും വിശുദ്ധീകരണത്തിലേക്കു നയിക്കുന്ന ഒരു മാർഗ്ഗമായിരുന്നില്ല. അതു മനുഷ്യനെ ആത്മീയനാക്കാതെ കേവലം മതഭക്തനാക്കി മാത്രം തീർക്കുന്നതിനാൽ തെറ്റായ ഒരു വ്യവസ്ഥയായിരുന്നുവെന്ന് എബ്രായർ 8:7 പറയുന്നു. ആത്മീയനായിത്തീരുന്നതിലേക്ക് ഒരുവൻ പുതിയ ഉടമ്പടിയിലേക്കു പ്രവേശിച്ചേ മതിയാവൂ.

അന്യരുടെ ബഹുമാനം നേടുവാൻ മാത്രം സഹായിക്കുന്ന ഒരു ബാഹ്യമായ നീതികൊണ്ട് മനുഷ്യൻ തൃപ്തിയടയുമോ, അതോ അതിനപ്പുറമുള്ള ഒന്നിനെ അവർ അന്വേഷിക്കുമോ എന്നു പരിശോധിക്കുവാൻ വേണ്ടിയാണ് ദൈവം ന്യായപ്രമാണം മനുഷ്യർക്കു നല്കിയത്. ഇന്നത്തെ ഭൂരിപക്ഷം വിശ്വാസികളും പുറമേയുള്ള ഒരു നീതികൊണ്ടു മാത്രം തൃപ്തിയടയുന്നവരാണ്. തന്മൂലം അവർ ന്യായപ്രമാണം കൊണ്ടു മാത്രം, സംതൃപ്തരായിക്കഴിയുന്നു. എന്നാൽ സുവിശേഷം രക്ഷയ്ക്കായി വ്യാപരിക്കുന്ന ദൈവശക്തിയാണ്. അത് അത്തിയിലകളെ ശപിച്ച് ഉണക്കിക്കളയും. മനുഷ്യന്

ആദാം അത്തിയില കൂട്ടിത്തുന്നി തനിക്ക് ഒരു അരയാടയുണ്ടാക്കി. ഇത് മനുഷ്യരുടെ മുമ്പിലും ദൈവത്തിന്റെ മുമ്പിൽത്തന്നെയും പ്രദർശനയോഗ്യരായി കാണപ്പെടുവാൻ ശ്രമിക്കുന്ന മതഭക്തിയുടെ ഒരു പ്രതീകമാണ്. യേശു അത്തിയിലയാൽ മൂടിയിരുന്ന മരത്തെ ശപിച്ചു. എല്ലാ മതഭക്തിയും ശാപയോഗ്യമാണ്. ദൈവം അതിനെ വെറുക്കുന്നു. ദൈവം ആദാമിന് തോൽ കൊണ്ടു നിർമ്മിച്ച മറ്റൊരു വസ്ത്രം നൽകി. ഇത് യഥാർത്ഥമായ ആത്മീയതയുടെ പ്രതീകമത്രേ. ഇത് മനുഷ്യൻ സ്വയം നിർമ്മിക്കുന്നതല്ല. മറിച്ച് ദൈവം തന്നെ നല്കുന്ന ദിവ്യസ്വഭാവമാണ്.

> മതഭക്തന്മാർ വേഗം വഞ്ചിക്കപ്പെടുന്നവരാണ്. ഒരു ഭർത്താവിന് ആറു മാസക്കാലമായി ഭാര്യയുടെ നേരേ തെറ്റായ ഒരു മനോഭാവം പുലർത്തുവാനും അതേ സമയം അവളെ മുറിപ്പെടുത്തുമാറ് ഒരു വാക്കുപോലും പറയാതെ ആത്മസംയമനം പാലിക്കുവാനും കഴിയും. എന്നാൽ പിന്നീടൊരു ദിവസം അയാൾ കോപം കൊണ്ട് പൊട്ടിത്തെറിക്കുവാനിടയാകുന്നു. ആറു മാസക്കാലമായി തനിക്കു പാപത്തിന്മേൽ വിജയം ഉണ്ടായിരുന്നുവെന്നും എന്നാൽ കോപിച്ചതോടെ പെട്ടെന്നു പാപത്തിൽ വീണപോയെന്നും അയാൾ കരുതുന്ന പക്ഷം അയാൾ സ്വയം വഞ്ചിക്കുകയാണ്.

ലഭിക്കണമെന്നു ദൈവം ആഗ്രഹിച്ച യഥാർത്ഥവിശുദ്ധീകരണം അവർക്കു നൽകുകയും ചെയ്യും.

എന്നാൽ ഈ സുവിശേഷം ലഭിക്കുന്നതിനായി നമുക്ക് ആദ്യം തന്നെ അടിത്തട്ടോളമുള്ള ഒരു മാനസാന്തരം (a radical repentance) ആവശ്യമാണ്. യേശുവിന്റെ മുന്നോടിയായിരുന്ന യോഹന്നാൻ സ്നാപകൻ ഈ മാനസാന്തര സന്ദേശം പ്രസംഗിച്ചുകൊണ്ടാണ് വന്നത്. യേശു വൃക്ഷങ്ങളുടെ വേരിന്മേൽ കോടാലി വയ്ക്കുന്നവനാണെന്നുള്ള സത്യം അദ്ദേഹം പ്രഖ്യാപിച്ചു. എല്ലാ പാപവും ഒരു വേരിൽ നിന്നാണ് ഉത്ഭവിക്കുന്നത്. പാപമാകുന്ന വൃക്ഷത്തിന്റെ ഫലങ്ങൾ നീക്കിക്കളയുന്ന ഒരു മാനസാന്തരം മാത്രമാണ് നമുക്ക് ഉണ്ടാകുന്നതെങ്കിൽ ആ മാനസാന്തരം വേരിനെ ബാധിക്കുന്നത് (radical) അല്ല. ഉദാഹരണമായി പരദൂഷണം എന്ന പാപം എടുക്കുക. സഹോദരന്റെ നേരേയുള്ള തെറ്റായ മനോഭാവം എന്ന വേരിൽ നിന്നാണ് ഈ ഫലം (പാപം) ഉണ്ടാകുന്നത്. അടിസ്ഥാനപരമായ മാനസാന്തരം പരദൂഷണമെന്ന കൃത്യത്തെ മാത്രമല്ല അതിനും വേരായ ആ മനോഭാവത്തെത്തന്നെ നീക്കിക്കളയുന്നു. ബാഹ്യകൃത്യത്തെക്കുറിച്ചു മാത്രം അനുതപിക്കുന്നത് ഒരു കത്രിക കൊണ്ട് ഫലം മുറിച്ചു നീക്കിക്കളയുന്നതു പോലെയാണ്. യേശുവാകട്ടെ, ഇപ്രകാരമുള്ള ഒരു കത്രികയുമായിട്ടല്ല, പിന്നെയോ വേരിനെത്തന്നെ മുറിക്കുന്ന കോടാലിയുമായിട്ടാണ് വന്നത്. അവിടുന്ന് നോക്കുന്നത് കേവലം ഇലകളെ (മതഭക്തിയെ) മാത്രമല്ല, യഥാർത്ഥ ഫലങ്ങളെയാണ്. വെറും ഇലകൾ മാത്രം കാണപ്പെടുന്നിടത്ത് അവിടുന്ന് അവയെ ശപിച്ച് ഉണക്കിക്കളയുകയും (മനുഷ്യർ അതിനു സമ്മതം നൽകുന്നവരെങ്കിൽ) അവരിൽ ആത്മീയതയുടെ ഫലം ഉൽപാദിപ്പിക്കുകയും ചെയ്യും. സ്വാർത്ഥമന്വേഷിക്കുക, പണത്തെ സ്നേഹിക്കുക എന്നിങ്ങനെയുള്ള മറ്റനേകം പാപങ്ങളും ഇതുപോലെ അടിസ്ഥാനപരമായ ഒരു ആന്തരികമനോഭാവത്തിന്റെ ഫലമാണ്. ആത്മീയമനുഷ്യൻ മാനുഷബോധ്യത്തിനു വേണ്ടി പാപമെന്ന ബാഹ്യഫലങ്ങളെ മാത്രം മുറിച്ചു നീക്കുന്നവനല്ല; നേരേമറിച്ച് ദൈവികമായ പ്രകാശത്തിൽ പാപത്തിന്റെ വേരിനെത്തന്നെ കണ്ടെത്തി അതിനെ മുറിച്ച് നീക്കിക്കളയുന്നവനാണ്.

മതഭക്തന്മാർ വേഗം വഞ്ചിക്കപ്പെടുന്നവരാണ്. ഒരു ഭർത്താവിന് ആറു മാസക്കാലമായി ഭാര്യയുടെ നേരേ തെറ്റായ ഒരു മനോഭാവം പുലർത്തുവാനും അതേ സമയം അവളെ മുറിപ്പെടുത്തുമാറ് ഒരു വാക്കുപോലും പറയാതെ ആത്മസംയമനം പാലിക്കുവാനും കഴിയും. എന്നാൽ പിന്നീടൊരു ദിവസം അയാൾ കോപം കൊണ്ട് പൊട്ടിത്തെറിക്കുവാനിടയാകുന്നു. ആറു മാസക്കാലമായി തനിക്കു പാപത്തി

*(ശേഷം പേജ് 38 ൽ)*





**ദൈവം യോജിപ്പിച്ചത്**

### കാതറിനും വില്യം ബൂത്തും - 4

# ഭർത്താവിനു പിന്നാലെ ഭാര്യയും

**അജയ് ജോർജ്**

വില്യംബൂത്തിന് പ്രസംഗങ്ങൾ എഴുതി കൊടുത്തിരുന്ന കാതറിനോട് ഒരു സഭായോഗത്തിൽ പ്രസംഗിക്കാനും ഉത്തരവാദപ്പെട്ടവർ ആവശ്യപ്പെട്ടു. കാതറിൻ അത് സന്തോഷത്തോടെ സ്വീകരിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു: "ഇന്നുവരെ ക്രിസ്തുവിനുവേണ്ടി ഒരു വിഡ്ഢിയാകാൻ എനിക്കു കഴിഞ്ഞില്ല. ഇന്ന് അങ്ങനെയാകാൻ ഒരവസരമുണ്ടായല്ലോ. ക്രിസ്തുവിനായി വിഡ്ഢിയാകുന്നതാണെന്റെ സന്തോഷവും ഭാഗ്യവും."



*രണ്ടാൾ ഒരു ലക്ഷ്യം...*
**വില്യംബൂത്തും ഭാര്യയും**

ശത്രുവിന്റെ തന്ത്രങ്ങളോടെതിർത്തു നിന്നുകൊണ്ട് അന്ന് ആ രാവിലെ സഭായോഗത്തിൽ മനസ്സിൽത്തട്ടി പറഞ്ഞ വാക്കുകൾ ലക്ഷ്യം കണ്ടു എന്നതിന്റെ തെളിവായിരുന്നു വൈകുന്നേരത്തെ യോഗത്തിലും രണ്ടുവാക്ക് സംസാരിക്കണമെന്ന അഭ്യർത്ഥനയുണ്ടായത്. ഒരു പക്ഷേ തന്റെ ഭർത്താവിനേക്കാൾ ആളുകൾ കേൾക്കാൻ കൊതിച്ച ഒരു പ്രസംഗശുശ്രൂഷയുടെ സമാരംഭം അന്ന് അവിടെ തുടങ്ങി. അക്കാലങ്ങളിൽ കുലീനകളായ സ്ത്രീകൾ വെളുത്ത കയ്യുറകളും ധരിച്ചു നിശബ്ദരായിരിക്കുകയല്ലാതെ സമൂഹമദ്ധ്യേ സംസാരിക്കുന്ന പതിവേ ഇല്ലായിരുന്നു. അഥവാ എന്തെങ്കിലും സംസാരിച്ചുപോയാൽ അവരെ കഠിനമായി താക്കീത് ചെയ്യാനും പുരുഷന്മാർ മടിച്ചില്ല. അങ്ങനെയുള്ളൊരു കാലഘട്ടത്തി

ലാണ് കാതറിന്റെ അരങ്ങേറ്റം എന്നോർക്കണം.

കാതറിന്റെ സ്റ്റൈലിനെപ്പറ്റി ഒരു ജീവിചരിത്രകാരൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു: വൃത്തിയുള്ള വസ്ത്രധാരണം, തലയിൽ കറുത്ത തൊപ്പി, ഇട്ടിരിക്കുന്ന കറുത്ത ജാക്കറ്റ് അയവുള്ളതാണ്. എന്നാൽ അതിന്റെ കൈകൾ ഇറുകിക്കിടക്കും. പിന്നെ അതിനോട് ചേരുന്ന ഒരു സിൽക്ക് ഉടുപ്പും. എല്ലാം കൊണ്ടും ഒരു മതപ്രംഗകയ്ക്ക് യോജിച്ച വേഷവിധാനം. പ്രസംഗം വളരെ ശാന്തമായ വാക്കുകളിൽ. വ്യക്തമായി, അനാവശ്യമായതൊന്നുമില്ലാതെ, പ്രസക്തമായതുമാത്രം പറയുന്ന രീതി.

പുതിയ സഭയിലായിട്ട് നാലു വർഷം കഴിഞ്ഞു. ഓരോ കൊല്ലത്തേയും കൺവൻഷൻ കഴിയുമ്പോൾ, സഭയുടെ ചുമതലയിൽ നിന്നു തന്നെ ഒഴിവാക്കി സുവിശേഷപ്രവർത്തനത്തിന് അയയ്ക്കണമെന്ന് വില്യം ആവശ്യപ്പെടും. 'ഇവാഞ്ചലിസ്'മാണ് തന്റെ ദൈവികനിയോഗമെന്ന് അദ്ദേഹത്തിന് തീർച്ചയായിരുന്നു. ഒരു സഭയുടെ ശുശ്രൂഷകനായി മാത്രം നിൽക്കുമ്പോൾ തന്റെ 'വിളി'യിൽ നിന്നും താൻ അകന്നിരിക്കുകയാണെന്ന തോന്നൽ ദിവസങ്ങൾ കഴിയുന്തോറും ശക്തമായിക്കൊണ്ടിരുന്നു. എന്തുകൊണ്ടാണ് തന്റെ പള്ളി മേലധികാരികൾ തന്നെ അതിന് അനുവദിക്കാത്തതെന്ന് അദ്ദേഹത്തിന് ഒരു തരത്തിലും മനസ്സിലാക്കാനായില്ല.

സഭവിടുക എന്ന ആശയം കാതറിനാണ് ആദ്യം മുമ്പോട്ടു വച്ചത്. വില്യം അത്ര പെട്ടെന്ന് ആ തീരുമാനത്തിലെത്തിയില്ല. എടുത്തുചാട്ടം അദ്ദേഹത്തിന്റെ പ്രകൃതമായിരുന്നില്ല. വളരെ ആലോചിച്ച് ചെയ്യേണ്ടുന്ന കാര്യമായിരുന്നു അത്. കാതറിൻ അതിനെപ്പറ്റി എഴുതിയതിപ്രകാരമായിരുന്നു:'രാജിവച്ചു പിരിയുക എന്നതല്ലാതെ മാന്യമായ വേറൊരു വഴിയും ഞങ്ങൾക്കു മുന്നിലില്ലെന്ന് എനിക്ക് തോന്നിയിരുന്നു. പക്ഷേ വില്യമിന് ധൈര്യം വരുന്നില്ല. വില്യം എന്നെയും കുഞ്ഞുങ്ങളെപ്പറ്റിയും ചിന്തിക്കുന്നു. ഞങ്ങളോടുള്ള അദ്ദേഹത്തിന്റെ കരുതൽ എനിക്ക് മനസ്സിലാവുമെങ്കിലും, ദൈവം നമുക്കായി കരുതിക്കൊള്ളും എന്നു പറഞ്ഞ് ഞാൻ സമാധാനിപ്പിക്കും.

1861 ലെ കൺവൻഷൻ കഴിഞ്ഞപ്പോൾ വില്യമിനും തീർച്ചയായി കാതറിന്റെ തീരുമാനമാണ് ശരിയെന്ന്. സഭ വിടുക. സ്വതന്ത്രമായി സുവിശേഷപ്രവർത്തനം തുടങ്ങുകതന്നെ. വരുമാനമുണ്ടാക്കാവുന്നയാതൊന്നും മുന്നിൽക്കാണാതെ നാലു കുഞ്ഞുങ്ങളുമായി വിശാലമായ ലോകത്തിലേക്ക് അങ്ങിനെയാണവർ വിശ്വാസത്താൽ ഇറങ്ങിപ്പുറപ്പെട്ടത്. തുടർന്നുവന്ന നാലു വർഷങ്ങളിൽ ഇംഗ്ലണ്ടിലെ വിവിധ സ്ഥലങ്ങളിൽ വില്യം സുവിശേഷസംരംഭങ്ങൾ നടത്തി. പലപ്പോഴും കാതറിനും ഒപ്പമുണ്ടാവും. ചിലപ്പോഴൊക്കെ കാതറിന് മാറിനിൽക്കേണ്ടിവരും. അപ്പോഴൊക്കെ വില്യം വിഷമത്തിലാവും. ഒരിക്കൽ അത്തരമൊരവസരത്തിൽ, കാതറിൻ ലണ്ടനിലായിരുന്നപ്പോൾ വില്യം ഭാര്യക്ക് ഇങ്ങനെയെഴുതി: 'ഞാൻ എന്റെ തന്നെ കറുത്തവശങ്ങളെപ്പറ്റി ചിന്തിക്കുകയാണ്. വേറെ എന്താണ് ചിന്തിക്കാനുള്ളത്? മാനസികമായും, ശാരീരികമായും, ആത്മീയമായും ഞാൻ കറുത്തിരിക്കുന്നു. ദൈവത്തിന് എന്നോട് കരുണയുണ്ടാകട്ടെ. എന്റെ നോട്ടത്തിൽ, ദൈവത്തിന്റേയോ മനുഷ്യരുടേയോ ശ്രദ്ധ കിട്ടത്തക്കവിധം എന്തെങ്കിലും കഴിവ് എനിക്കുണ്ടെന്ന് തോന്നുന്നില്ല'.

ഒരേ നിലയിലുള്ള സ്വഭാവവിശേഷമായിരുന്നില്ല വില്യമിനുണ്ടായിരുന്നത്. സന്തോഷവും സന്താപവുമൊക്കെ മാറി

*(ശേഷം പേജ് 32 ൽ)*





**സുവിശേഷം**

# എങ്ങോട്ടാണ് താങ്കൾ പോകുന്നത്?

രണ്ടായിരാമാണ്ടിന്റെ തുടക്കത്തിൽലോകപ്രസിദ്ധസുവിശേഷകൻ ബില്ലിഗ്രഹാമിനെ ആദരിക്കാനായിനോർത്തു കരോലിനയിലെ പൗരാവലി ഒരു വിരുന്നു സംഘടിപ്പിച്ചു.പാർക്കിൻസൺ രോഗം മൂലം ബുദ്ധിമുട്ടിയിരുന്ന ബില്ലിഗ്രഹാം ആദ്യം ഇതിനുള്ള ക്ഷണം സ്വീകരിക്കാൻ മടിച്ചു. പക്ഷേ "വലിയ പ്രസംഗം ഒന്നും നടത്തേണ്ട. വിരുന്നിനു വരിക. ഞങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങയുടെ ബഹുമാനാർത്ഥം ഒരു ചടങ്ങു സംഘടിപ്പിക്കുക എന്നതാണു പരമപ്രധാനം" എന്ന ആ നാട്ടുകാരുടെ സ്നേഹപൂർവമായ നിർബന്ധത്തിന് ഒടുവിൽ അദ്ദേഹം വഴങ്ങി.

തന്റെ മേൽ ചൊരിഞ്ഞ പ്രശംസാവചനങ്ങൾക്കു മറുപടിപറയാൻ ബില്ലിഗ്രഹാം വിരുന്നിന്റെ അവസാനത്തിൽ വേദിയിലെത്തി. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്ന്:

"പ്രശസ്തമായ ടൈം മാസിക ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹദ്വ്യക്തിയായി തിരഞ്ഞെടുത്ത ഭൗതിക ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീനെക്കുറിച്ച് ഇന്നു ഞാൻ ഓർത്തുപോകുന്നു. അദ്ദേഹം ഒരിക്കൽ പ്രിൻസ്റ്റണിൽ നിന്നു ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. പൊടുന്നനെ കോച്ചിൽ ടിക്കറ്റ് എക്സാമിനർ എത്തി. അദ്ദേഹം ഓരോരുത്തരുടേയും ടിക്കറ്റ് പരിശോധിച്ചുവരവേ ഐൻസ്റ്റിന്റേയും അടുത്തെത്തി. ഐൻസ്റ്റിൻ പെട്ടെന്നു കീശയിൽ പരതി. പക്ഷേ ടിക്കറ്റ് കണ്ടെത്തിയില്ല. തുടർന്ന് അദ്ദേഹം പഴ്സിലും ബ്രീഫ്കെയ്സിലും ഇരുന്ന സീറ്റിലും എല്ലാം ടിക്കറ്റ് കണ്ടെത്താനായി തപ്പി. എന്നാൽ ടിക്കറ്റു മാത്രം കണ്ടുകിട്ടിയില്ല.

ടിക്കറ്റ് എക്സാമിനർ ഐൻസ്റ്റിനെ ആശ്വസിപ്പിച്ചു. "ഡോ. ഐൻസ്റ്റിൻ. അങ്ങാരാണെന്ന് എനിക്കറിയാം. ഈ കംപാർട്ട്മെന്റിലുള്ള എല്ലാവർക്കും അറിയാം. അങ്ങു തീർച്ചയായും ടിക്കറ്റ് എടുത്തിട്ടുണ്ടെന്ന് ഞങ്ങൾക്കെല്ലാം ഉറപ്പുണ്ട്. അതുകൊണ്ട് ദയവുചെയ്ത് അതേപ്പറ്റി വിഷമിക്കാതിരുന്നാലും."

ഐൻസ്റ്റിൻ ആ വാക്കുകൾ അംഗീകരിച്ചു തലയാട്ടി. ടിക്കറ്റ് എക്സാമിനർ സാവധാനത്തിൽ മറ്റുള്ളവരുടെ ടിക്കറ്റുകൾ പരിശോധിച്ചു നടന്നു നീങ്ങി.

ഒടുവിൽ ആ കോച്ചിലെ പരിശോധന പൂർത്തിയാക്കി അടുത്ത കംപാർട്ടുമെന്റിലേക്കു കടക്കുന്നതിനു തൊട്ടുമുൻപ് യാദൃച്ഛികമായി തിരിഞ്ഞു നോക്കിയ ടിക്കറ്റ് എക്സാമിനർ അമ്പരപ്പിക്കുന്ന ഒരു കാഴ്ചയാണു കണ്ടത്. ലോകപ്രശസ്ത ശാസ്ത്രജ്ഞനായ ഐൻസ്റ്റിൻ അതാ മുട്ടുകുത്തി ഇഴഞ്ഞ് സീറ്റിനടിയിലേക്കു കയറി എന്തോ അന്വേഷിക്കുന്നു!

പരിഭ്രാന്തനായ ടിക്കറ്റ് എക്സാമിനർ

താൻ ഈ 'ശരീരം വിട്ടാൽ ക്രിസ്തുവിനോടുകൂടെ' എന്നതായിരുന്നു പൗലൊസിന്റെ ഉറപ്പ്. തന്റെ മരണത്തെ ഒരു തുറമുഖം വിട്ട് യാത്രയാകുന്ന കപ്പലിന്റെ പ്രയാണത്തോടാണു പൗലൊസ് ഉപമിച്ചത്. അപ്പോസ്തലനായ പത്രോസ് അടുത്തുവരുന്ന തന്റെ മരണത്തെ നോക്കി ഇപ്രകാരം പറഞ്ഞു "എന്റെ ഭൂമിയിലെ ഈ കൂടാരം പൊളിഞ്ഞു പോകാനുള്ള ദിനം സമാഗതമാകുന്നു". ഭൂമിയിലെ ശരീരം, പൊളിഞ്ഞു പോകുന്ന കൂടാരമാണെങ്കിൽ സ്വർഗ്ഗത്തിൽ തനിക്കു സ്ഥിരമായ ഒരു പാർപ്പിടം ഉണ്ട് എന്ന ഉറപ്പായിരുന്നു പത്രോസിന്റെ കൈമുതൽ.

ഐൻസ്റ്റിന്റെ അടുത്തേക്ക് ഓടി വന്നു: "ഡോ.ഐൻസ്റ്റിൻ, ഡോ. ഐൻസ്റ്റിൻ, ദയവുചെയ്ത് ടിക്കറ്റിനായി ഇങ്ങനെ ബുദ്ധിമുട്ടരുതേ. അങ്ങാരാണെന്ന് എനിക്കറിയാം. ഒരു പ്രശ്നവുമില്ല. അങ്ങേയ്ക്കു ടിക്കറ്റേ ആവശ്യമില്ല."

ഐൻസ്റ്റിൻ ശാന്തനായി ടിക്കറ്റ് എക്സാമിനറെ നോക്കി ഇങ്ങനെ പറഞ്ഞു "ചെറുപ്പക്കാരാ, എനിക്കും അറിയാം ഞാൻ ആരാണെന്ന്. എന്നാൽ എനിക്കറിഞ്ഞു കൂടാത്തത് ഒന്നുണ്ട്. ഞാൻ എങ്ങോട്ടാണു പോകുന്നതെന്നത്. ടിക്കറ്റ് കിട്ടിയാലേ എങ്ങോട്ടാണു പോകുന്നതെന്ന് ഓർമ്മ വരൂ. അതാണ് പ്രശ്നം."

സദസ്സു മുഴുവൻ ഒരു പൊട്ടിച്ചിരിയിൽ അലിഞ്ഞുചേർന്നപ്പോൾ ബില്ലിഗ്രഹാം തുടർന്നു:

"ഇന്നു ഞാൻ ധരിച്ചിരിക്കുന്ന ഈ സൂട്ടുകണ്ടോ? ഇതു പുതുപുത്തനാണ്. ഞാൻ പ്രായമായപ്പോൾ ഇത്തിരി പഴഞ്ചനായെന്നാണ് എന്റെ ഭാര്യയും മക്കളും കൊച്ചുമക്കളും ഒക്കെ എന്നോടു പറഞ്ഞത്. അതുകൊണ്ട് ഞാൻ പോയി ഒരു പുത്തൻ സൂട്ടു വാങ്ങി. അത് ഈ ചടങ്ങിനും മറ്റൊരു സന്ദർഭത്തിനും വേണ്ടി ഉപയോഗിക്കാനാണ്.

"സൂട്ട് ഉപയോഗിക്കുന്ന ഈ ചടങ്ങല്ലാതെ മറ്റേ ചടങ്ങ് ഏതാണെന്നാണു നിങ്ങൾ ഊഹിക്കുന്നത്? ഞാൻ പറയാം, അത് എന്റെ ശവസംസ്കാരച്ചടങ്ങ് ആയിരിക്കും. അന്നും ഈ സൂട്ടായിരിക്കും ഞാൻ ധരിക്കുക. പക്ഷേ ഞാൻ മരിച്ചെന്ന് ഈ നാളുകളിലൊന്നിൽ കേൾക്കുമ്പോൾ നിങ്ങൾ പെട്ടെന്ന് എന്റെ സൂട്ടിനെക്കുറിച്ചല്ല ഓർക്കേണ്ടത്. മറിച്ച് നിങ്ങൾ ഈ കാര്യം ഓർക്കണം: ഞാൻ ഐൻസ്റ്റിനെപ്പോലെ അല്ല. ഞാൻ ആരാണെന്നു മാത്രമല്ല എനിക്കറിയാവുന്നത്. ഞാൻ എവിടേക്കു പോകുന്നുവെന്നും എനിക്കറിയാം."

ബില്ലിഗ്രഹാം പ്രസംഗം പൂർത്തിയാക്കി ഇരിപ്പിടത്തിലേക്കു മടങ്ങുമ്പോൾ സദസ്സിൽ സൂചി വീണാൽ കേൾക്കാവുന്ന നിശ്ശബ്ദതയായിരുന്നു!

എവിടെനിന്നു വന്നു എന്നും എവിടേക്കു പോകുന്നുവെന്നും യേശുവിന് അറിയാമായിരുന്നു. താൻ പോകുന്നതു തന്റെ പിതാവിന്റെ അടുത്തേക്കാണെന്ന് യേശുവിന് ഉറപ്പുണ്ടായിരുന്നു.

തങ്ങൾ എങ്ങോട്ടാണു പോകുന്നത് എന്നതിനെക്കുറിച്ച് ക്രിസ്തീയ സഭാപിതാക്കന്മാരായ അപ്പോസ്തലന്മാർക്കും നല്ല ബോധ്യം ഉണ്ടായിരുന്നു.

താൻ ഈ 'ശരീരം വിട്ടാൽ ക്രിസ്തുവിനോടുകൂടെ' എന്നതായിരുന്നു പൗലൊസിന്റെ ഉറപ്പ്. തന്റെ മരണത്തെ ഒരു തുറമുഖം വിട്ട് യാത്രയാകുന്ന കപ്പലിന്റെ പ്രയാണത്തോടാണു പൗലൊസ് ഉപമിച്ചത്. ആ യാത്രയ്ക്ക് വ്യക്തമായ ദിശാബോധം ഉണ്ടായിരുന്നു. ആ കപ്പൽ





ചെന്നുചേരുന്ന ലക്ഷ്യത്തെക്കുറിച്ച് വലിയ ഉറപ്പ് പൗലൊസിന് ഉണ്ടായിരുന്നു.

അപ്പോസ്തലനായ പത്രോസ് അടുത്തുവരുന്ന തന്റെ മരണത്തെ നോക്കി ഇപ്രകാരം പറഞ്ഞു "എന്റെ ഭൂമിയിലെ ഈ കൂടാരം പൊളിഞ്ഞു പോകാനുള്ള ദിനം സമാഗതമാകുന്നു". ഭൂമിയിലെ ശരീരം, പൊളിഞ്ഞു പോകുന്ന കൂടാരമാണെങ്കിൽ സ്വർഗ്ഗത്തിൽ തനിക്കു സ്ഥിരമായ ഒരു പാർപ്പിടം ഉണ്ട് എന്ന ഉറപ്പായിരുന്നു പത്രോസിന്റെ കൈമുതൽ.

ചുരുക്കത്തിൽ താൻ എവിടെനിന്നു വന്നു എന്നും എവിടേക്കു പോകുന്നുവെന്നും യേശുവിന് അറിയാമായിരുന്നു.(യോഹ.13:3).തങ്ങൾ ആരാണെന്നും എങ്ങോട്ടാണു പോകുന്നതെന്നും അപ്പോസ്തലന്മാർക്കും ബോധ്യമുണ്ടായിരുന്നു. സുഹൃത്തേ, താങ്കൾക്ക് എങ്ങോട്ടാണു പോകുന്നതെന്ന് ഉറപ്പുണ്ടോ?

മരണത്തിലൂടെ കടന്ന് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു ബൈബിളിലെ അവസാന പുസ്തകമായ വെളിപ്പാടിൽ ആളുകളുടെ പേടിസ്വപ്നമായ മരണത്തെ പുനർനിർവചിക്കുന്നത് ഇങ്ങനെയാണ്: "ഭയപ്പെടേണ്ട..... ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ എന്നെന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശമുണ്ട്."

'മരണം' എന്നുപറയുന്നത് മറ്റൊരു ലോകത്തേക്കുള്ള 'ജനനം' കൂടിയാണ്.മരണത്തിന്മേലുള്ള ക്രിസ്തുവിന്റെ വിജയം നാം ഓരോരുത്തരും കൈയടക്കുന്ന ആ സമയം സന്തോഷത്തിന്റെ സമയമാണ്. തന്റെ മരണത്തെക്കുറിച്ചു സംസാരിച്ചപ്പോൾ യേശു ഉപയോഗിച്ച ഉപമ കുഞ്ഞിനെ നൊന്തു പ്രസവിക്കുന്ന അമ്മ കുഞ്ഞിന്റെ മുഖം കാണുമ്പോൾ ആനന്ദഭരിതയാകുന്നത് എങ്ങനെ എന്നതാണെന്നതു ശ്രദ്ധിക്കുക (യോഹന്നാൻ 16:21).

'മരണം' എന്നുപറയുന്നത് മറ്റൊരു ലോകത്തേക്കുള്ള 'ജനനം' കൂടിയാണ്. മരണത്തിന്മേലുള്ള ക്രിസ്തുവിന്റെ വിജയം നാം ഓരോരുത്തരും കൈയടക്കുന്ന ആ സമയം സന്തോഷത്തിന്റെ സമയമാണ്. തന്റെ മരണത്തെക്കുറിച്ചു സംസാരിച്ചപ്പോൾ യേശു ഉപയോഗിച്ച ഉപമ കുഞ്ഞിനെ നൊന്തു പ്രസവിക്കുന്ന അമ്മ കുഞ്ഞിന്റെ മുഖം കാണുമ്പോൾ ആനന്ദഭരിതയാകുന്നത് എങ്ങനെ എന്നതാണെന്നതു ശ്രദ്ധിക്കുക. ഒരു ക്രിസ്തുവിശ്വാസിയുടെ മരണവും ഒരു പുതുലോകത്തേക്കുള്ള ആനന്ദഭരിതമായ പ്രവേശനമാണെന്നതിലേക്കല്ലേ ഇതു വിരൽ ചൂണ്ടുന്നത്?

ഒരു ക്രിസ്തുവിശ്വാസിയുടെ മരണവും ഒരു പുതുലോകത്തേക്കുള്ള ആനന്ദഭരിതമായ പ്രവേശനമാണെന്നതിലേക്കല്ലേ ഇതു വിരൽ ചൂണ്ടുന്നത്?

ജോസഫ് ബെയ്‌ലി എന്ന എഴുത്തുകാരൻ ജനനവും മരണവും ഒരുപോലെയാണെന്ന് സമർത്ഥിച്ചിട്ടുണ്ട്. ജനനസമയത്തെക്കുറിച്ച് നവജാതശിശുവിന് ഓർമ്മയുണ്ടെങ്കിൽ അതു പറയുമായിരുന്നത് ഭയങ്കരമായ പേടി, സന്തോഷത്തിനു വഴി മാറിയതിനെക്കുറിച്ചായിരിക്കും. അമ്മയുടെ വയറ്റിൽ സുഖമായിക്കഴിയുന്ന ശിശു, പ്രസവസമയത്ത് അജ്ഞാതമായ ഒരു ലോകത്തേക്ക് പൊടുന്നനെ തള്ളിവിടപ്പെടുകയാണ്. ഇരുളടഞ്ഞ ഒരു തുരങ്കത്തിലൂടെ ഇടവിട്ട് ആവർത്തിക്കുന്ന ഒരു വേദനയുടെ ചുഴിയിൽപ്പെട്ട് അതു മെല്ലെ മുന്നോട്ടു നീങ്ങുന്നു. ഒടുവിൽ കണ്ണിൽ തുളച്ചു കയറുന്ന ഒരു പ്രകാശത്തിലേക്ക് ഒരു നിലവിളിയോടെ അതു

> യേശുകർത്താവിലുള്ള ലളിതമായ വിശ്വാസവും ആശ്രയവും കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളായി അനേകകോടി ആളുകളെ മരണത്തെ മന്ദഹാസത്തോടെ അഭിമുഖീകരിക്കുവാൻ സഹായിച്ചിട്ടുണ്ട്. അവരിൽ വലിയവരുണ്ട്, ചെറിയവരുണ്ട്. വിദ്യാസമ്പന്നരും വിദ്യാവിഹീനരും ഉണ്ട്. സമ്പന്നരുണ്ട്, ദാരിദ്രരുണ്ട്. വിവിധ ദേശക്കാരും ഭാഷക്കാരും വ്യത്യസ്തകാലഘട്ടങ്ങളിൽ ജീവിച്ചിരുന്നവരും ഉണ്ട്. മരണം അവർക്കൊരു പേടി സ്വപ്നം ആയിരുന്നില്ല. കാരണം 'മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ കൈകളിലേന്തിയ' യേശുക്രിസ്തു അവരുടെ നാഥനായിരുന്നു. ഈ ഒരേ ഒരു കാര്യം തികച്ചും സാധാരണക്കാരായ അവരെ അസാധാരണ ആളുകളാക്കി.

വാർന്നു വീഴുകയാണ്. ഒരു ജനനമാണ് നടന്നത്. നവജാതശിശുവും അമ്മയും വേദനയുടെ പിന്നിട്ട നിമിഷങ്ങളെ ഓർക്കുന്നില്ല. വേദന, ആഹ്ലാദത്തിനു വഴിമാറിയിരിക്കുന്നു!

മരണത്തിലും ഇതുതന്നെയാണു സംഭവിക്കുന്നതെന്നു ബെയ്‌ലി വിശദീകരിക്കുന്നു. മരിക്കുമ്പോൾ ഇരുളടഞ്ഞ ഒരു തുരങ്കത്തിലൂടെ വേദനയുടെ അകമ്പടിയോടെ അജ്ഞാതമായ ഒരു സ്ഥലത്തേക്കു നാം പോകുകയാണ്. അതിന്റെ അന്ത്യത്തിൽ വിശ്വാസി ആഹ്ലാദത്തിന്റെ പ്രകാശലോകത്തേക്കു പിറന്നു വീഴുകയാണ്. 'ഇവിടെ' മരിക്കുന്നു; 'അവിടെ' ജനിക്കുന്നു. സത്യത്തിൽ മരണം ഒരു ജനനം തന്നെയല്ലേ? മരണത്തെക്കുറിച്ചു പരാമർശിച്ചപ്പോൾ യേശു ഒരു കുഞ്ഞു ജനിക്കുന്നതിനെക്കുറിച്ചു പറഞ്ഞത് യാദൃച്ഛികമായല്ലെന്ന് ഇപ്പോൾ വ്യക്തമായില്ലേ?

മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് തന്നിൽ വിശ്വസിക്കുന്നവർക്ക് അക്കരെ നാട്ടിൽ സ്ഥലം ഒരുക്കാൻ പോയിരിക്കുന്ന യേശുക്രിസ്തുവിലുള്ള വിശ്വാസം, മരണത്തെ ധൈര്യത്തോടെ നേരിടാൻ നമ്മെ സഹായിക്കും. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്നാണ് യേശുവിന്റെ വാഗ്ദാനം. യേശുവിൽ വിശ്വസിച്ച് തന്നെ ജീവിതത്തിന്റെ നാഥനും കർത്താവുമായി വാഴിക്കുക. "അവനെ (യേശുകർത്താവിനെ) കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അധികാരം നൽകിയിരിക്കുന്നു" എന്ന് അസന്ദിഗ്ദ്ധമായ ഭാഷയിൽ ബൈബിൾ വ്യക്തമാക്കുന്നു.

യേശുകർത്താവിലുള്ള ലളിതമായ വിശ്വാസവും ആശ്രയവും കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളായി അനേകകോടി ആളുകളെ മരണത്തെ മന്ദഹാസത്തോടെ അഭിമുഖീകരിക്കുവാൻ സഹായിച്ചിട്ടുണ്ട്. അവരിൽ വലിയവരുണ്ട്, ചെറിയവരുണ്ട്. വിദ്യാസമ്പന്നരും വിദ്യാവിഹീനരും ഉണ്ട്. സമ്പന്നരുണ്ട്, ദാരിദ്രരുണ്ട്. വിവിധ ദേശക്കാരും ഭാഷക്കാരും വ്യത്യസ്തകാലഘട്ടങ്ങളിൽ ജീവിച്ചിരുന്നവരും ഉണ്ട്. മരണം അവർക്കൊരു പേടി സ്വപ്നം ആയിരുന്നില്ല. കാരണം 'മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ കൈകളിലേന്തിയ' യേശുക്രിസ്തു അവരുടെ നാഥനായിരുന്നു. ഈ ഒരേ ഒരു കാര്യം തികച്ചും സാധാരണക്കാരായ അവരെ അസാധാരണ ആളുകളാക്കി. തങ്ങൾ എങ്ങോട്ടാണു പോകുന്നതെന്ന വ്യക്തത അവർക്കുണ്ടായിരുന്നു. മരണത്തിന് അപ്പുറത്തേക്കു നീളുന്ന ആ പ്രത്യാശയായിരുന്നു അവരുടെ വിജയരഹസ്യം!

നാമെല്ലാവരും പോകുന്നത് ഒരേ ഒരിടത്തേക്കാണ്-മരണത്തിലേക്ക്. ഓരോ ദിവസവും നാം അടിവച്ച് അടുത്തുകൊണ്ടിരിക്കുന്നത് നമ്മുടെ ശവക്കുഴിയിലേക്കാ





ചിന്തയ്ക്ക്

## ക്രിസ്തുസഹിതരും ക്രിസ്തുരഹിതരും-2

# സന്ന്യാസിമാരുടെ സത്യാന്വേഷണം

സാധു സുന്ദർസിങ്

ഒരിക്കൽ ഞാൻ ഋഷികേശിലെ കാടുകളിൽ ഏതാനും ദിവസങ്ങൾ ചെലവഴിക്കാനിടയായി. അവിടെ അനേകം സന്ന്യാസിമാരുണ്ടായിരുന്നു. ഗംഗാ നദീതീരത്തു തപോനുഷ്ഠാനം നടത്തുന്ന ഒരു സന്ന്യാസിയുടെ ചുറ്റിലും അനേകംപേർ ഇരിക്കുന്നതു കണ്ടു. ഈ സന്ന്യാസി തന്റെ കൈ തലയ്ക്കു മുകളിൽ പൊക്കി പിടിച്ചിട്ടുണ്ട്. അകലെ നിന്നു നോക്കിയപ്പോൾ, അദ്ദേഹം കൈ പൊക്കി ജനങ്ങളെ ആശീർവദിക്കുകയാണെന്നു തോന്നി. എന്നാൽ, അദ്ദേഹത്തിന്റെ കൈയുടെ അസ്ഥികൾ ആ നിലയിൽ ഉറച്ചുപോയെന്നും കൈ താഴ്ത്തുവാൻ നിവൃത്തിയില്ലെന്നും അടുത്തുവന്നപ്പോൾ എനിക്കു മനസ്സിലായി. ജനങ്ങളോടുള്ള അദ്ദേഹത്തിന്റെ പ്രഭാഷണം അവസാനിച്ചപ്പോൾ,



കൈ ഇങ്ങനെ താഴ്ത്തുവാൻ വയ്യാത്ത വിധം ഉണങ്ങിപ്പോയതിന്റെ കാരണം എന്താണെന്നു ഞാൻ ആരാഞ്ഞു. യുദ്ധത്തിൽ ഒരു ശത്രുവിനെ ജയിച്ച മാതിരി

---

ണ്. ഇന്നലത്തേതിനെക്കാൾ ഇന്നു നമ്മുടെ മരണത്തോട് നാം ഒരു ദിവസം കൂടി അടുത്തിരിക്കുന്നു.

ഇതെല്ലാം യാഥാർത്ഥ്യങ്ങളാണ്. എന്നാൽ സുഹൃത്തേ, പ്രസക്തമായ ഒരു ചോദ്യം ഇവിടെയുണ്ട്.

ഈ മരണത്തിനുശേഷം എങ്ങോട്ടാണു പോകുന്നതെന്ന വ്യക്തത താങ്കൾക്കുണ്ടോ? നിത്യനാശത്തിലേക്കോ നിത്യസന്തോഷത്തിലേക്കോ?

യേശു കർത്താവിനെ ജീവിതത്തിൽ രക്ഷകനും നാഥനുമായി സ്വീകരിക്കുക. അവിടുത്തേക്കു വേണ്ടി ഹൃദയം തുറന്നു കൊടുക്കുക. അപ്പോൾ മരണാനന്തരം നിത്യനാശത്തിലേക്കല്ല നിത്യസൗഭാഗ്യത്തിലേക്കാണു പ്രവേശിക്കുന്നതെന്ന ഉറപ്പ് നിങ്ങൾക്കുണ്ടായിരിക്കും. അപ്പോൾ നിങ്ങൾക്കും മരണത്തെ മന്ദഹാസത്തോടെ നേരിടാൻ കഴിയും. 'ഞാൻ ആരാണെന്നു മാത്രമല്ല എങ്ങോട്ടാണു പോകുന്നതെന്നും എനിക്കറിയാം' എന്നു ധൈര്യത്തോടെ പറയുവാൻ താങ്കൾക്കും കഴിയും.

❖

"ഈ കൈ നശിപ്പിക്കുന്നതിനു പകരം മറ്റുള്ളവരെ സഹായിക്കാൻവേണ്ടി അത് ഉപയോഗിക്കാമായിരുന്നു. അങ്ങുമൂലം ഉണ്ടായ നഷ്ടത്തിന് അങ്ങനെ പരിഹാരം ചെയ്യാമായിരുന്നു. അങ്ങയുടെ കൈ നശിപ്പിക്കുന്നതിലല്ല പിന്നെയോ അതു പരസഹായാർത്ഥം വിനിയോഗിക്കുന്നതിലാണു യഥാർഥ ധൈര്യവും വിജയവുമിരിക്കുന്നത്". 'വലങ്കൈ നിനക്കു ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക.....' എന്ന് എന്റെ ഗുരുവായ ക്രിസ്തുവും പറഞ്ഞിട്ടുണ്ട്. പാപം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ ഹൃദയത്തിൽ നിന്നു നീക്കിക്കളയണമെന്നാണ് ഇതിന്റെയർഥം"

യിലുള്ള അഭിമാനത്തോടെ അദ്ദേഹം പറയുകയാണ്: 'സാർ, ഈ കൈകൊണ്ടു ഞാൻ അനേകം മോഷണകൃത്യങ്ങൾ ചെയ്തിട്ടുണ്ട്, അനേകരെ തല്ലിയിട്ടുണ്ട്. എന്നാൽ ഒരു ദിവസം എന്റെ ജീവിതത്തിന്റെ അടിസ്ഥാനം തന്നെ കുലുങ്ങത്തക്ക വിധത്തിലുള്ള ഒരു ഞെട്ടലുണ്ടായി; പഴയ ജീവിതരീതി ഞാൻ അപ്പാടെ പരിത്യജിച്ചു. ഒന്നുകിൽ ഈ കൈ വെട്ടിക്കളയണം, അല്ലെങ്കിൽ അതു പ്രയോജനശൂന്യമാക്കണം-അങ്ങനെ അതർഹിക്കുന്ന ശിക്ഷ അതിനു നൽകണം എന്നു ഞാൻ തീരുമാനിച്ചു. ഞാൻ എന്റെ ഗുരുവുമായി കൂടിയാലോചിച്ചു. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു, കൈ വരണ്ടുണങ്ങി ഇപ്പോഴത്തെപ്പോലെ ചലനരഹിതമാകുന്നതുവരെ കൈ പൊക്കിപ്പിടിച്ചു കൊണ്ടേയിരിക്കുന്നു. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു....'.

ഞാൻ മറുപടി പറഞ്ഞു: 'അങ്ങയുടെ ധൈര്യത്തെയും സദുദ്ദേശ്യത്തെയും ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ, ദൈവം തന്ന ഒരു ദാനം ഇങ്ങനെ നശിപ്പിക്കുന്നതിൽ ഞാൻ ഖേദിക്കുന്നു. ഈ കൈ നശിപ്പിക്കുന്നതിനു പകരം മറ്റുള്ളവരെ സഹായിക്കാൻവേണ്ടി അത് ഉപയോഗിക്കാമായിരുന്നു. അങ്ങുമൂലം ഉണ്ടായ നഷ്ടത്തിന് അങ്ങനെ പരിഹാരം ചെയ്യാമായിരുന്നു. അങ്ങയുടെ കൈ നശിപ്പിക്കുന്നതിലല്ല പിന്നെയോ അതു പരസഹായാർത്ഥം വിനിയോഗിക്കുന്നതിലാണു യഥാർഥ ധൈര്യവും വിജയവുമിരിക്കുന്നത്'. 'വലങ്കൈ നിനക്കു ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക.....' (മത്താ. 5:30) എന്ന് എന്റെ ഗുരുവായ ക്രിസ്തുവും പറഞ്ഞിട്ടുണ്ട്. പാപം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ ഹൃദയത്തിൽ നിന്നു നീക്കിക്കളയണമെന്നാണ് ഇതിന്റെയർഥം; ഭാവിയിൽ പാപം ചെയ്യുന്നതിന് അവ നിദാനമായിത്തീരരുത്.'

ഞാൻ ഇതു പറഞ്ഞുതീരുന്നതിനു മുൻപ് ഉഗ്രകോപത്തോടെ അദ്ദേഹം എന്റെ നേരെ ചാടിവീണു. കൈ സ്വാധീനമായിരുന്നെങ്കിൽ തീർച്ചയായും അദ്ദേഹം എന്നെ അടിക്കുമായിരുന്നു.'അംഗഛേദനം' വരുത്തിയതും വെറും നിഷ്പ്രയോജനമാണെന്നു ഞാൻ കുറെക്കഴിഞ്ഞു അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹത്തിന്റെ ഹൃദയ ചിന്താഗതി മാറിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ആ ചിന്താഗതിയാണല്ലോ കൈയുടെ പ്രവർത്തനത്തിനു പുറകിലുള്ളത്. ദൈവോദ്ദേശ്യം സജീവിതത്തിൽ സഫലീകരിക്കത്തക്കവിധം ആ കൈകൾ ചലിപ്പിക്കാമായിരുന്നു.

**മൗനവ്രതം**

ജനങ്ങൾ മണിബാബാ എന്നു വിളിക്കുന്ന ഒരു സന്ന്യാസിയെ കാണുവാനായി ഞാൻ അടുത്ത ദിവസം പോയി. ഏതാനും വർഷക്കാലത്തേക്കു മൗനം





പാലിക്കാമെന്ന് അദ്ദേഹം വ്രതമെടുത്തിട്ടുണ്ട്.അദ്ദേഹം യഥാർഥത്തിൽ ഒരു സത്യാന്വേഷിയായിരുന്നു. കഴിഞ്ഞ ആറു വർഷങ്ങളായി അദ്ദേഹം ഒരൊറ്റ വാക്കുപോലും ഉരിയാടിയിട്ടില്ല. എന്റെ ചോദ്യങ്ങൾക്ക് അദ്ദേഹം ഒരു സ്ലേറ്റിൽ മറുപടി എഴുതിക്കാണിച്ചു.

ചോദ്യം:- 'സംസാരിക്കുന്നതിനും ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിനും ആരാധിക്കുന്നതിനും ആധ്യാത്മിക കാര്യങ്ങളിൽ ഉപദേശം നൽകുന്നതിനും വേണ്ടിയാണല്ലോ ദൈവം അങ്ങേയ്ക്ക് നാവു തന്നിരിക്കുന്നത്. ഈ ദൈവദാനം അങ്ങ് ഉപയോഗിക്കാത്തത് എന്താണ്? അങ്ങ് നിശ്ശബ്ദനായിരിക്കണമെന്നാണു ദൈവം ഇച്ഛിച്ചതെങ്കിൽ, ദൈവം അങ്ങയെ മൂകനായി സൃഷ്ടിക്കുമായിരുന്നു; ഒരു നാവു തരികയില്ലായിരുന്നു'.

ഒട്ടും അഹങ്കാരഭാവമില്ലാതെ അദ്ദേഹം മറുപടി എഴുതി: 'നിങ്ങൾ പറയുന്നതു ശരിയാണ്. ഒരു നല്ല വാക്കുപോലും എന്റെ വായിൽ നിന്നു വരാത്തവിധത്തിൽ എന്റെ സ്വഭാവം അത്ര ചീത്തയാണ്. ഞാൻ കള്ളം പറയുമായിരുന്നു. മറ്റുള്ളവരുടെ വികാരങ്ങൾക്കു ക്ഷതം വരത്തക്കവിധം ഞാൻ സംസാരിക്കുമായിരുന്നു.എന്നാൽ ഇതുവരെ എന്റെ ലക്ഷ്യം സാധിച്ചിട്ടില്ല.സംസാരിക്കാതിരിക്കുന്നതാണ് നല്ല വാക്കുകൾ പറയാൻ കഴിയാത്തതിനേക്കാൾ ഉത്തമം.ഇതുവരെ എനിക്കു വരമൊന്നും ലഭിച്ചിട്ടില്ല. ജനങ്ങൾക്കു നൽകുവാനായി എനിക്കു യാതൊരു പ്രത്യേക ദൂതുമില്ല. അതിനാൽ മൗനമാണ് എനിക്കുത്തമം.....?' കുറച്ചുകൂടി പരസ്പരം ആശയവിനിമയം നടത്തിയശേഷം ഞാൻ അദ്ദേഹത്തിനു സുവിശേഷത്തിന്റെ ഒരു പ്രതി നൽകി; അദ്ദേഹം അതു കൃതജ്ഞതാപുരസ്സരം വാങ്ങുകയും, ശ്രദ്ധാപൂർവം വായിക്കാമെന്നു വാക്കു തരികയും ചെയ്തു'.

'ഞാനൊരു സന്ന്യാസിയായത് അതിലെന്തെങ്കിലും ഗുണമുണ്ടെന്നു കണ്ടിട്ടോ അതുമൂലം രക്ഷ ലഭിക്കുന്നതിനു വേണ്ടിയോ അല്ല. ലൗകിക ബാധ്യതകളിൽ നിന്നകന്ന് ഒരു സന്ന്യാസിയുടെ ലളിതരീതിയിൽ, 'തന്റെ കൃപ'യാൽ എന്നെ രക്ഷിച്ച ദൈവത്തെ സേവിക്കണമെന്നുള്ളതാണെന്റെ ലക്ഷ്യം. എനിക്കുവേണ്ടി ജീവൻ നൽകിയ ദൈവത്തെ എനിക്കു ബലവും ശക്തിയുമുള്ള യൗവനകാലത്തു തന്നെ സേവിക്കുന്നതല്ലേ നല്ലത്? യൗവനകാലം സുഖാനുഭവങ്ങൾക്കുവേണ്ടി നാം ദുരുപയോഗപ്പെടുത്തുകയും വയസ്സുകാലത്തെ ദുർബലഘട്ടത്തിൽ, പഴയ നല്ല കാലത്തിന്റെ എല്ലും തൊലിയും മാത്രം ദൈവത്തിനു നൽകുകയും ചെയ്യുന്നത്, അക്ഷന്തവ്യമായ വിധം മടയത്തരവും ആക്ഷേപവും നിറഞ്ഞ ഒരു പാപമല്ലേ?'

**മറ്റൊരു സന്ന്യാസി**

ബനാറസിൽ (കാശി) വച്ച് ഒരു ദിവസം അഭ്യസ്തവിദ്യനായ ഒരു ഹിന്ദു സന്ന്യാസിയോടു ഞാൻ സംസാരിക്കുകയുണ്ടായി. സംഭാഷണമധ്യേ അദ്ദേഹം പറഞ്ഞു: 'സന്ന്യാസികളും സാധുക്കളുമായിത്തീരേണ്ട പ്രക്രിയയ്ക്കു പഴയകാലത്തു നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾ എത്ര പ്രശംസനീയമാണ്! ആദ്യം ബ്രഹ്മചര്യം (വിദ്യാർഥികാലം), പിന്നെ ഗൃഹസ്ഥം (കുടുംബജീവിതം), അതു കഴിഞ്ഞു വാനപ്രസ്ഥം (കുടുംബ പ്രാരാബ്ധങ്ങളിൽ നിന്നു വിട്ടുമാറി നിൽക്കുക), ഒടുവിൽ സന്ന്യാസം (സർവസംഗപരിത്യാഗം) എന്നിങ്ങനെ നാല് അവസ്ഥകൾ. എന്നാൽ നിങ്ങൾ അവലംബിച്ചിരിക്കുന്ന നില വളരെ വിചിത്രമാണ്-യൗവന

> ക്രിസ്തുവിന്റെ കനകോപദേശം എത്ര നല്ലതാണ്! നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കണം- കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം. ഇവയിൽ വലുതായിട്ടു മറ്റൊരും കല്പനയും ഇല്ല . ഈ തത്ത്വം അംഗീകരിക്കുന്ന പക്ഷം നാം സ്വാർഥമതികളായിത്തീരുന്നതല്ല. ദൈവവും നാമും തമ്മിൽ പിതൃപുത്രബന്ധമുണ്ടാകുന്നതാണ്. നാമെല്ലാവരും തന്നെ യഥാർഥ സഹോദര സഹോദരികളാകുകയും ചെയ്യും. ദൈവരാജ്യത്തെയും രക്ഷയെയും പറ്റിയുള്ള സുവിശേഷപ്രബോധനത്തിന്റെ രത്നച്ചുരുക്കമാണ് ഈ വാക്യങ്ങളിൽ കാണുന്നത്.

ത്തിൽത്തന്നെ ഒരു സന്ന്യാസിയായിത്തീർന്ന നില.' ഞാൻ: 'അങ്ങു പറഞ്ഞതായ നിയമങ്ങളെ എതിർക്കുന്നില്ല. സന്ന്യാസം എന്ന് അങ്ങു പരിഗണിക്കുന്നതിൽ നിന്നു വിഭിന്നമായ രീതിയിലാണു ഞാനൊരു സാധുവായിത്തീർന്നത്. ഞാനൊരു സന്ന്യാസിയായത് അതിലെന്തെങ്കിലും ഗുണമുണ്ടെന്നു കണ്ടിട്ടോ അതു മൂലം രക്ഷ ലഭിക്കുന്നതിനു വേണ്ടിയോ അല്ല. ലൗകിക ബാധ്യതകളിൽ നിന്നകന്ന് ഒരു സന്ന്യാസിയുടെ ലളിതരീതിയിൽ, 'തന്റെ കൃപ'യാൽ എന്നെ രക്ഷിച്ച ദൈവത്തെ സേവിക്കണമെന്നുള്ളതാണെന്റെ ലക്ഷ്യം. എനിക്കുവേണ്ടി ജീവൻ നൽകിയ ദൈവത്തെ എനിക്കു ബലവും ശക്തിയുമുള്ള യൗവനകാലത്തുതന്നെ സേവിക്കുന്നതല്ലേ നല്ലത്? പഴുത്തുതുടുത്ത ഒരു മാമ്പഴത്തിനു പകരം ചാറു വലിച്ചെടുത്തു വെറും അണ്ടിയും തൊലിയുമായ ഒരു മാമ്പഴം ശിഷ്യന്മാരിലൊരാൾ അങ്ങേയ്ക്കു തരുന്നപക്ഷം അങ്ങ് എന്തു മറുപടി പറയും?'

മറുപടി: 'അത് അക്ഷന്തവ്യമായ പ്രവൃത്തിയാണ്; അങ്ങേയറ്റത്തെ വിഡ്ഢിത്തവും ആക്ഷേപകരവും'.

ഞാൻ: 'അങ്ങനെയെങ്കിൽ യൗവനകാലം സുഖാനുഭവങ്ങൾക്കുവേണ്ടി നാം ദുരുപയോഗപ്പെടുത്തുകയും വയസ്സുകാലത്തെ ദുർബലഘട്ടത്തിൽ, പഴയ നല്ല കാലത്തിന്റെ എല്ലും തൊലിയും മാത്രം ദൈവത്തിനു നൽകുകയും ചെയ്യുന്നത്, അക്ഷന്തവ്യമായ വിധം മടയത്തരവും ആക്ഷേപവും നിറഞ്ഞ ഒരു പാപമല്ലേ?'

മറുപടി: 'മറ്റുള്ളവരുടെ മുക്തി കാര്യത്തിൽ നമുക്കെന്താണു ബന്ധം? ഓരോരുത്തരും അവനവന്റെ മുക്തിക്കുവേണ്ടി ശ്രമിക്കണം. സുഖം, കോപം, ദൈവോപാസന...... ഇവയ്ക്കൊന്നും അർഥമില്ല. മുക്തി നമ്മുടെ 'കർമ'ത്തെ മാത്രമാണ് ആശ്രയിച്ചിരിക്കുന്നത്'.

എന്നാൽ ക്രിസ്തുവിന്റെ കനകോപദേശം ഇതിനേക്കാൾ എത്ര നല്ലതാണ്! നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം- കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം. ഇവയിൽ വലുതായിട്ടു മറ്റൊരും കല്പനയും ഇല്ല (മർക്കൊ. 12:30-31). ഈ തത്ത്വം അംഗീകരിക്കുന്ന പക്ഷം നാം സ്വാർഥമതികളായിത്തീരുന്നതല്ല. ദൈവവും നാമും തമ്മിൽ പിതൃപുത്രബന്ധമുണ്ടാകുന്നതാണ്. നാമെല്ലാവരും തന്നെ യഥാർഥ സഹോദര സഹോദരികളാകുകയും ചെയ്യും. ദൈവരാജ്യത്തെയും രക്ഷയെയും പറ്റിയുള്ള സുവിശേഷപ്രബോധനത്തിന്റെ ഒരു രത്നച്ചുരുക്കമാണ് ഈ വാക്യങ്ങളിൽ കാണുന്നത്.

മറ്റു മനുഷ്യരിൽ നിന്നു ഭിന്നരായി,





ആധ്യാത്മികവും മതപരവുമായ കാര്യങ്ങൾക്കുവേണ്ടി മാത്രം തങ്ങളുടെ മുഴുവൻ സമയവും സമർപ്പിച്ചിട്ടുള്ള ഏതാനും സന്ന്യാസിമാരുടെ കാര്യമാണല്ലോ നാമിതുവരെ കണ്ടത്. എന്നാൽ ലക്ഷക്കണക്കിനുള്ള മറ്റു ഹിന്ദുക്കൾക്കും ഇതിനു സമാനമായ ഒരു വിശ്വാസമാണുള്ളത്. മഹാത്മഗാന്ധിയെപ്പോലുള്ള നേതാക്കന്മാർപോലും തങ്ങൾക്ക് ആത്മസാക്ഷാത്കാരം ലഭിക്കുന്നില്ലെന്നു സമ്മതിച്ചിരിക്കുന്നു. മഹാത്മജിയുടെ ആത്മകഥയിൽ പറയുന്നത് ഇപ്രകാരമാണ്: 'ഞാനിതുവരെ ദൈവത്തെ കണ്ടെത്തിയിട്ടില്ല. ഇപ്പോഴും ഞാൻ ദൈവത്തെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്'.

**സ്വരാജ്യവാദി**

സ്വന്ത മതത്തിൽക്കൂടിയോ സ്വന്തം യത്നങ്ങളിൽക്കൂടിയോ ഹൃദയ സമാധാനം ലഭിക്കാത്തവർ പ്രായേണ ആധ്യാത്മിക കാര്യങ്ങളിൽ അനാസ്ഥരാകുകയോ ഒരുപക്ഷേ മതത്തെ അപ്പാടെ പരിത്യജിക്കുകയോ ചെയ്യാനിടയുണ്ട്. * 'സ്വരാജി'നുവേണ്ടി വാദിക്കുന്ന ഒരു നേതാവ് എന്നോടിങ്ങനെ പറഞ്ഞു: 'ഹൈന്ദവ മതഗ്രന്ഥങ്ങൾ വായിക്കുന്നതുവരെ ഞാൻ ഹിന്ദുമതത്തിൽ ദൃഢമായി വിശ്വസിച്ചിരുന്നു. മതഗ്രന്ഥങ്ങൾ പഠിച്ചതിനുശേഷം എനിക്കു മതമേ ഇല്ലാതായി. വേദങ്ങളും ഇതര ഗ്രന്ഥങ്ങളും ഞാൻ പരിശോധിച്ചു നോക്കിയതിൽ എനിക്കു ലഭിക്കുമെന്നു പ്രതീക്ഷിച്ചതായ ഉപദേശങ്ങളൊന്നും കിട്ടിയില്ല.അവയിലെ പരസ്പരവിരുദ്ധമായ ആശയങ്ങൾ എന്നിൽ ചിന്താക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട്.എന്നെപ്പോലെ മറ്റനേകം ഹിന്ദുക്കളും ആധ്യാത്മനിഗൂഢതയിലായിട്ടുണ്ട്. മതത്തിൽ നിന്നു പാടെ പിന്മാറി നാം സ്വരാജ്യസമ്പാദനം ലക്ഷ്യമാക്കണമെന്നാണ് എന്റെ അഭിപ്രായം. 'മായ' എന്ന തത്ത്വം ഉദ്ഘോഷിക്കുന്ന മതം, നൂറ്റാണ്ടുകളായി നമ്മെ അടിമത്തത്തിൽ ആഴ്ത്തിയിരിക്കുന്നു. ഈ അടിമത്തത്തിൽ നിന്നു മോചനം പ്രാപിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു'.

ഞാൻ: 'പാപത്തിന്റെ അടിമത്തം, മറ്റെല്ലാ അടിമത്തത്തെക്കാളും എത്രയോ അധികം ചീത്തയും മുറുകിപ്പിടിച്ചിരിക്കുന്നതുമാണ്! ആദ്യം തന്നെ പാപത്തിന്റെ അടിമത്തത്തിൽ നിന്നു നമുക്കു മോചനം പ്രാപിക്കാം.നമ്മുടെ ജന്മാവകാശമായ 'സ്വരാജ്' ലഭിക്കുന്നതിനു മുമ്പു നമ്മിൽ വസിക്കുന്നതിനും നമ്മെ ഭരിക്കുന്നതിനുമുള്ള ദൈവത്തിന്റെ അവകാശം നമുക്കു ദൈവത്തിനു കൊടുക്കാം. അപ്പോൾ ദൈവം നമ്മുടെ അവകാശം നമുക്കു നൽകും. ക്രിസ്തുവിനെ കൂടാതെയുള്ള സ്വയഭരണം (ഹോംറൂൾ) സ്വയം നാശ (ഹോം റൂയിൻ)മായിത്തീരും. 'മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും' (മത്താ. 6:33).

എന്നാൽ എന്റെ ആശയഗതിയോട് അദ്ദേഹത്തിനു താത്പര്യമില്ലായിരുന്നു. 'ആദ്യമായി നമുക്കു സ്വയംഭരണമാണു കിട്ടേണ്ടത്. അതിനു ശേഷം ഓരോരുത്തർക്കും അവരവർക്ക് ഇഷ്ടപ്പെട്ട മതം സ്വീകരിക്കാമല്ലോ' എന്ന് അദ്ദേഹം ആവർത്തിച്ചു പറയുക മാത്രമാണു ചെയ്തത്.

ഞങ്ങളുടെകൂടെ ഉണ്ടായിരുന്ന മറ്റൊരാൾ അദ്ദേഹത്തിന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: 'ഞാൻ ഹിന്ദുവോ ക്രിസ്ത്യാനിയോ അല്ല; നവീകൃത ഇസ്ലാം മതവിശ്വാസിയാണ്. രാഷ്ട്രീയമോ മതപരമോ ആയ സ്വാതന്ത്ര്യത്തിൽ നിന്നു ബഹുകാതം ദൂരെയാണ് ഇന്ത്യ സ്ഥിതി ചെയ്യുന്നത് എന്നാണ് എനിക്കു പറയുവാനുള്ളത്. സ്വാതന്ത്ര്യത്തിലെത്തുന്നതിനു മുമ്പു-ദൈവത്തിന്റെ സഹായത്തോടെ- നാം ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. (തുടരും)

❖

**തിരുവെഴുത്തുകളെ പരിശോധിക്കുക**



# ബൈബിളിലൂടെ...

# 1 കൊരിന്ത്യർ

**അദ്ധ്യായം എട്ട്**

എട്ടാം അദ്ധ്യായത്തിൽ, വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതൊക്കെ അപ്രധാന വിഷയങ്ങളെന്ന് പൗലൊസ് പ്രസ്താവിക്കുന്നു. ഏറ്റവും പ്രധാനമായത് സ്നേഹമാണ് (8:1). അറിവ് മനുഷ്യരെ ചീർപ്പിക്കുന്നു; മറ്റുള്ളവരെ വിലകുറച്ച് കാണുവാൻ പ്രേരിപ്പിക്കുന്നു. അവരുടെ അഭിപ്രായത്തിൽ, "നിങ്ങൾക്ക് അറിവില്ല. നിങ്ങൾ ഒരു കഷണം തടിയെ ഭയക്കുന്നു." ഇങ്ങനെ പറയുന്ന വ്യക്തിയിൽ സ്നേഹത്തിന്റെ അഭാവം കാണാം. അതുണ്ടായിരുന്നെങ്കിൽ മറ്റൊരു വിശ്വാസിക്ക് ഇടർച്ചവരുത്തുവാൻ അയാൾ തയ്യാറാവില്ലായിരുന്നു. വിഗ്രഹാരാധനവിട്ട് വന്നവർ, ഈ മരക്കഷണങ്ങളെ ദേവന്മാരായി കുറേക്കാലം കണ്ടിരുന്നതിനാൽ അവരുടെ മനസ്സാക്ഷി ഇതുമൂലം കളങ്കിതമാകും. നിങ്ങളുടെ മനസ്സാക്ഷി നിങ്ങളെ വിഷമിപ്പിക്കാത്തതിന് കാരണം നിങ്ങളുടെ പശ്ചാത്തലം വ്യത്യസ്തമായതിനാലാണ്. "എന്നാൽ



*സ്നേഹത്തിൽ വസിക്കുവാൻ നിങ്ങൾ പരിശ്രമിക്കുമ്പോൾ നിങ്ങൾ എപ്പോഴും മറ്റുള്ളവരെക്കുറിച്ച് കരുതലുള്ള വ്യക്തിയായിരിക്കും.*





നിങ്ങളുടെ ഈ സ്വാതന്ത്ര്യം ബലഹീനന്മാർക്കു യാതൊരു വിധത്തിലും തടങ്ങൽ ആയി വരാതിരിപ്പാൻ നോക്കുവിൻ" (8:9). അതിനാൽ പൗലൊസ് പറയുകയാണ്: "ആകയാൽ ആഹാരം എന്റെ സഹോദരന് ഇടർച്ചയായിത്തീരും എങ്കിൽ - എന്റെ സഹോദരന് ഇടർച്ചവരുത്താതിരിക്കേണ്ടതിന് ഞാൻ ഒരു നാളും മാംസം തിന്നുകയില്ല." (8:13). ഇതാണ് പക്വതയുള്ള ഒരു ക്രിസ്ത്യാനിയുടെ നിലപാട്.

**ചില പ്രായോഗിക നിർദ്ദേശങ്ങൾ**

ഇതിനെ നമ്മുടെ കാലഘട്ടത്തിലേക്ക് കൊണ്ടുവരാം. മദ്യമെന്നു കരുതുന്ന ലഹരിയില്ലാത്ത പാനീയം കുടിക്കുന്നശീലം ഉണ്ടെന്നിരിക്കട്ടെ. അതു കുടിക്കുന്നത് തെറ്റാണെന്ന് ബൈബിൾ പറയുന്നില്ല. മദ്യപിക്കരുതെന്ന് മാത്രമാണ് ബൈബിൾ പറഞ്ഞിട്ടുള്ളത്. എന്നാൽ നിങ്ങൾ അതു കുടിക്കുന്നത് മറ്റൊരു വിശ്വാസി കണ്ടെന്നിരിക്കട്ടെ. അര ഗ്ലാസ്സിൽ നിർത്തുവാനുള്ള ആത്മനിയന്ത്രണം നിങ്ങൾക്കുണ്ടാവാം. എന്നാൽ ദൈവഭക്തനായ നിങ്ങൾ കുടിക്കുന്നത് കാണുമ്പോൾ, അയാളും അതിന് തയ്യാറാവും. എന്നാൽ അയാൾക്ക് നിങ്ങളുടേതുപോലെ ആത്മനിയന്ത്രണമില്ല. ഫലമോ, അമിതമായി മദ്യപിച്ച് അയാളൊരു മുഴുക്കുടിയനായിത്തീരുന്നു; അയാൾ നരകത്തിൽ പതിക്കുന്നു. നരകത്തിലേക്കുള്ള പാത അയാൾക്ക് തുറന്നുകൊടുത്തതാരാണ്? നിങ്ങൾ!! അതിനാൽ ദൈവഭക്തൻ ചെയ്യേണ്ടതെന്താണ്? ആ പാനീയം കുടിക്കുന്നസുഖം വേണ്ടെന്ന് വെയ്ക്കുക. ഇത് ശരിയാണോ തെറ്റാണോ? എന്ന് അയാൾ ഒരു സ്വാർത്ഥനായ വിശ്വാസിയെപ്പോലെ ചിന്തിക്കുന്നില്ല. അതിനുപകരം അതിലും ഉന്നതമായ ഒരു ചോദ്യമാണ് അയാളുടെ മനസ്സിൽ ഉള്ളത്, "ഞാൻ മറ്റുള്ളവർക്ക് ഇടർച്ചവരുത്തുന്നുവോ?" അതുകൊണ്ട് ഒരു ലഹരിപാനീയം തന്റെ ജീവിതത്തിൽ കൈകൊണ്ട് തൊടുവാൻ പോലും അയാൾ തയ്യാറാവില്ല. അതാണ് സ്നേഹം. ഇത്തരത്തിലുള്ള ത്യാഗങ്ങൾ നരകത്തിൽ നിപതിക്കുന്നതിൽ നിന്നും ആത്മാക്കളെ രക്ഷിക്കുന്നുവെങ്കിൽ, ദൈവഭക്തനായ ഒരുവൻ സന്തോഷം കണ്ടെത്തുന്നത് ഇത്തരം സ്വയം ത്യജിക്കലുകളിലാണ്.

മറ്റൊരുവൻ നിങ്ങളെ മാതൃകയാക്കി അങ്ങനെ പെരുമാറിയാൽ പാപത്തിൽ വീഴുവാൻ സാദ്ധ്യതയുണ്ടോ? ഉണ്ടെങ്കിൽ നിങ്ങളുടെ തെറ്റായ മാതൃകയാണ് പാപത്തിലേക്ക് അയാളെ നയിക്കുന്നതെന്നുള്ള കാര്യം മറക്കരുത്. സ്വന്തം അറിവിൽ അഭിമാനിക്കുകയും, സ്വന്തഹിതപ്രകാരം ജീവിക്കുകയും, മറ്റുള്ളവരിൽ അതുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ച് വിചാരമില്ലാതിരിക്കുകയും ചെയ്യുന്നത് ജാതീയ ലോകത്തിന്റെ ജീവിതതത്ത്വമാണ്. "ഇങ്ങനെ സഹോദരന്മാരുടെ നേരേ പാപം ചെയ്ത്, അവരുടെ ബലഹീന മനസ്സാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ നിങ്ങൾക്രിസ്തുവിനോട് പാപം ചെയ്യുന്നു"

ഈ തത്ത്വത്തിന് മറ്റുചില ഉപയോഗങ്ങൾ കൂടിയുണ്ട്. ഒരു ഭവനം സന്ദർശിക്കുമ്പോൾ, കുടുംബനാഥൻ അവിടില്ല എന്ന് നിങ്ങൾക്ക് മനസ്സിലായാൽ, എന്താണ് നിങ്ങൾ ചെയ്യുന്നത്? അകത്ത് കടക്കാതിരിക്കുന്നതാണ് നല്ലത്. ഒന്നാമതായി അയാളുടെ ഭാര്യയാൽ പ്രലോഭിപ്പിക്കപ്പെടുന്നത് ഒഴിവാക്കുവാനാകും. കൂടാതെ, നിങ്ങളുടെ സാക്ഷ്യം കാത്തുസൂക്ഷിക്കുവാനും. മറ്റുള്ളവർക്ക് ഒരു മാതൃകയാകുവാനും ഇത് നിങ്ങളെ സഹായിക്കും. നിങ്ങൾ പൂർണ്ണ വിശുദ്ധിയിൽ മാത്രമായിരിക്കും അവിടെ

> പൗലൊസ് ഒഴികെ മറ്റ് അപ്പൊസ്തലന്മാരെല്ലാവരും വിവാഹം കഴിച്ചവരായിരുന്നു. അതുകൊണ്ട്, കർത്താവിനെ പൂർണ്ണസമയം ശുശ്രൂഷിക്കുവാനുള്ള ഒരു യോഗ്യത അവിവാഹിതനായിരിക്കുന്നതാണ് എന്നൊരു സഭ പഠിപ്പിച്ചാൽ, ആ സഭയിൽ മിക്ക അപ്പൊസ്തലന്മാർക്കും ചേർന്നുപ്രവർത്തിക്കുവാൻ സാധിക്കയില്ലായിരുന്നു. പത്രോസും യോഹന്നാനും വിവാഹിതരായിരുന്നതിനാൽ അവർക്ക് അവിടെ ചേരാൻ കഴിയുമായിരുന്നില്ല. അപ്രകാരമുള്ള പഠിപ്പിക്കലുകൾ തെറ്റാണെന്നുള്ളതിന്റെ വ്യക്തമായ തെളിവാണിത്. അപ്പൊസ്തലന്മാർക്കുപോലും ചേർന്നുപോകുവാൻ യോഗ്യതയില്ലാത്ത സഭ, ഏതു തരത്തിലുള്ള സഭയാകും?

യായിരിക്കുന്നത്. എന്നാൽ മറ്റൊരുവൻ നിങ്ങളെ മാതൃകയാക്കി അങ്ങനെ പെരുമാറിയാൽ പാപത്തിൽ വീഴുവാൻ സാദ്ധ്യതയുണ്ട്. നിങ്ങളുടെ തെറ്റായ മാതൃകയാണ് പാപത്തിലേക്ക് അയാളെ നയിക്കുന്നതെന്നുള്ള കാര്യം മറക്കരുത്. ഇതെല്ലാം നിസ്സാരമായ കാര്യങ്ങളാണ്. എന്നാൽ സ്നേഹത്തിൽ വസിക്കുവാൻ നിങ്ങൾ പരിശ്രമിക്കുമ്പോൾ നിങ്ങൾ എപ്പോഴും മറ്റുള്ളവരെക്കുറിച്ച് കരുതലുള്ള വ്യക്തിയായിരിക്കും. സ്വന്തം അറിവിൽ അഭിമാനിക്കുകയും, സ്വന്തഹിതപ്രകാരം ജീവിക്കുകയും, മറ്റുള്ളവരിൽ അതുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ച് വിചാരമില്ലാതിരിക്കുകയും ചെയ്യുന്നത് ജാതീയ ലോകത്തിന്റെ ജീവിതതത്ത്വമാണ്. "ഇങ്ങനെ സഹോദരന്മാരുടെ നേരേ പാപം ചെയ്ത്, അവരുടെ ബലഹീന മനസ്സാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിനോട് പാപം ചെയ്യുന്നു" (8:12).

### ഒൻപതാം അധ്യായം

ഒന്നു കൊരിന്ത്യർ ഒൻപതാം അദ്ധ്യായം, 'സ്വാതന്ത്ര്യം' എന്ന വിഷയം പ്രതിപാദിക്കുന്നു."ഞാനൊരു അപ്പൊസ്തലൻ അല്ലയോ? മറ്റുള്ളവരെപ്പോലെ വേലചെയ്യുവാൻ എനിക്കും കഴിയില്ലയോ? വിവാഹം കഴിക്കാതെ ഏകനായി ഞാൻ കഴിയേണ്ടതുണ്ടോ?".പൗലൊസ് ഒഴികെ മറ്റ് അപ്പൊസ്തലന്മാരെല്ലാവരും വിവാഹം കഴിച്ചവരായിരുന്നു (9:5). അതുകൊണ്ട്, കർത്താവിനെ പൂർണ്ണസമയം ശുശ്രൂഷിക്കുവാനുള്ള ഒരു യോഗ്യത അവിവാഹിതനായിരിക്കുന്നതാണ് എന്നൊരു സഭ പഠിപ്പിച്ചാൽ, ആ സഭയിൽ മിക്ക അപ്പൊസ്തലന്മാർക്കും ചേർന്നുപ്രവർത്തിക്കുവാൻ സാധിക്കയില്ലായിരുന്നു. പത്രോസും യോഹന്നാനും വിവാഹിതരായിരുന്നതിനാൽ അവർക്ക് അവിടെ ചേരാൻ കഴിയുമായിരുന്നില്ല.അപ്രകാരമുള്ള പഠിപ്പിക്കലുകൾ തെറ്റാണെന്നുള്ളതിന്റെ വ്യക്തമായ തെളിവാണിത്.അപ്പൊസ്തലന്മാർക്കുപോലും ചേർന്നുപോകുവാൻ യോഗ്യതയില്ലാത്ത സഭ, ഏതു തരത്തിലുള്ള സഭയാകും?

കർത്താവിനെ ശുശ്രൂഷിക്കുന്ന ഒരുവൻ ലോകപരമായ ജോലിയിൽ ഏർപ്പെടുവാൻ പാടില്ല എന്നാണ് മറ്റുചില സഭകൾ പഠിപ്പിക്കുന്നത്.എങ്കിൽ അങ്ങനെയുള്ള ഒരു സഭയിൽ ചേരുവാൻ പൗലൊസിനും ബർന്നബാസിനും കഴിയില്ലായിരുന്നു.എന്തെന്നാൽ, അവരിരുവരും മറ്റ് ജോലികൾ ചെയ്താണ് തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിയത് (9:6).പത്രോസും, യോഹന്നാനും മറ്റു വിശ്വാസികൾ നൽകുന്ന ദാനങ്ങൾ സ്വീകരിച്ചാണ് ഉപജീവനം കഴിച്ചിരുന്നത്. എന്നാൽ പൗലൊസും ബർന്നബാസും സ്വന്തകയ്യാൽ വേലചെയ്ത് ഉപജീവിച്ചു. അതിനാൽ, സ്വന്തകയ്യാൽ വേലചെയ്ത് ഉപജീവനം കഴിക്കുന്ന ഒരു അപ്പൊസ്തലനോ, അല്ലെങ്കിൽ, മറ്റുള്ളവരുടെ സഹായങ്ങൾ സ്വീകരിച്ച് ജീവിക്കുന്ന ഒരു അപ്പൊസ്തലനോ ആയിരിക്കുവാൻ നിങ്ങൾക്കാവും.ഒരു അപ്പൊസ്തലനായിരിക്കെ വിവാഹം കഴിക്കുവാനോ കഴിക്കാതിരിക്കുവാനോ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. വിവാഹജീവിതവും ഐഹികമായ ജോലിയും അപ്പൊസ്തലത്വത്തിനുള്ള അയോഗ്യതകളല്ല.





> പത്രോസും, യോഹന്നാനും മറ്റു വിശ്വാസികൾ നൽകുന്ന ദാനങ്ങൾ സ്വീകരിച്ചാണ് ഉപജീവനം കഴിച്ചിരുന്നത്. എന്നാൽ പൗലൊസും ബർന്നബാസും സ്വന്തകയ്യാൽ വേലചെയ്ത് ഉപജീവിച്ചു. അതിനാൽ, സ്വന്തകയ്യാൽ വേലചെയ്ത് ഉപജീവനം കഴിക്കുന്ന ഒരു അപ്പൊസ്തലനോ, അല്ലെങ്കിൽ, മറ്റുള്ളവരുടെ സഹായങ്ങൾ സ്വീകരിച്ച് ജീവിക്കുന്ന ഒരു അപ്പൊസ്തലനോ ആയിരിക്കുവാൻ നിങ്ങൾക്കാവും. ഒരു അപ്പൊസ്തലനായിരിക്കെ വിവാഹം കഴിക്കുവാനോ കഴിക്കാതിരിക്കുവാനോ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. വിവാഹജീവിതവും ഐഹികമായ ജോലിയും അപ്പൊസ്തലത്വത്തിനുള്ള അയോഗ്യതകളല്ല.

### സുവിശേഷീകരണത്തിനുള്ള സാമ്പത്തിക സ്രോതസ്സ്

കർത്താവിന്റെ ദാസന്മാർക്ക് നൽകേണ്ട സാമ്പത്തിക പിൻതുണയെക്കുറിച്ച് പൗലൊസ് തുടർന്ന് പറയുന്നു. ദൈവം പറഞ്ഞിരിക്കുന്നു, "മെതിക്കുന്ന കാളയ്ക്കു മുഖക്കൊട്ട കെട്ടരുത്" (9:9). ഇതു ഒരു പഴയനിയമ കല്പനയായിരുന്നു. ഒരു കാള ധാന്യം മെതിക്കുമ്പോൾ,അത് അല്പംപോലും ധാന്യം തിന്നാതിരിക്കുവാനായി, സ്വാർത്ഥരും കഠിനഹൃദയരുമായ ചില കൃഷിക്കാർ അതിന്റെ വായടച്ചുവയ്ക്കുവാൻ മുഖക്കൊട്ട കെട്ടുമായിരുന്നു. അതിനാൽ അപ്രകാരം ചെയ്യരുതെന്ന് ദൈവം തന്റെ ജനത്തിന് കല്പന കൊടുത്തിരുന്നു. പൗലൊസ് തുടർന്ന് പറയുകയാണ്." ദൈവം കാളയ്ക്കുവേണ്ടി മാത്രമാണോ ചിന്തിക്കുന്നത്? അതു നമ്മെക്കൂടി ഉദ്ദേശിച്ചാണ് എഴുതിയിരിക്കുന്നത്" (9:10). കർത്താവിന്റെ വേലചെയ്യുന്നവർക്ക്, അവരുടെയും അവരുടെ കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വേണ്ട സാമ്പത്തിക പിൻതുണ നാം നൽകേണ്ടതുണ്ട് എന്ന് പഠിപ്പിക്കുവാനാണ് അത് എഴുതിയിരിക്കുന്നത്.പൗലൊസ് തുടർന്നു പറയുകയാണ്, "ഞങ്ങൾ ആത്മീയമായതു നിങ്ങൾക്കുവിതെച്ചിട്ടു നിങ്ങളുടെ ഐഹികമായതു കൊയ്താൽ വലിയ കാര്യമോ?"

ആത്മീയ ആഹാരം നൽകി നമ്മെ പോഷിപ്പിക്കുന്നവർക്ക് ആവശ്യമായ സാമ്പത്തിക പിൻതുണ നൽകേണ്ടത് നമ്മുടെ കടമയാണ്. തനിക്കും തന്റെ കുടുംബത്തിനുമായി സ്ഥലവും മറ്റ് വസ്തുവകകളും വാങ്ങിക്കൂട്ടുന്നതിനായി മറ്റുള്ളവരിൽനിന്നും ധനം സമാഹരിക്കുന്ന ഒരു ദൈവഭൃത്യനെക്കുറിച്ചല്ല പൗലൊസ് ഇവിടെ പറയുന്നത്.തന്റെ കുടുംബത്തോടൊപ്പം ഏറ്റവും ലളിതമായ നിലയിൽ ജീവിക്കുവാൻ വേണ്ട അത്യാവശ്യങ്ങൾക്കായി പണം സ്വീകരിക്കുന്ന ഒരു ദൈവദാസനെക്കുറിച്ചാണ് പൗലൊസ് ഇവിടെ സംസാരിക്കുന്നത്. എന്നാൽ ദൈവം ഒരുക്കിയ ഈ മാർഗ്ഗത്തെ തങ്ങൾക്കു ധനം സമാഹരിക്കുവാനായി ഇന്ന് പല സുവിശേഷവേലക്കാരും ദുരുപയോഗപ്പെടുത്തുന്നുണ്ട്.

(തുടരും)

മൊഴിമാറ്റം: **ബോബികുര്യൻ**

## ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

### അധ്യായം -9

# പരിജ്ഞാനത്തിലുള്ള വളർച്ച

**ആനി പുന്നൻ**

ആശുപത്രിക്കു സമീപം ഹിന്ദിക്കാരായ സഹോദരങ്ങളുടെ ഒരു സഭ ഞാൻ കണ്ടെത്തി.

ഒരു ചെറിയ കൂടി വരവ്. ആ പ്രദേശവാസികളും ആശുപത്രിയിൽ നിന്നുള്ള ചിലരും അവിടെ കൂടി വരുന്നു. ആത്മാർത്ഥതയുള്ള ഒരു ചെറിയ കൂട്ടം. തുടർച്ചയായി ഞാൻ അവിടെ യോഗത്തിനു പോകാൻ തുടങ്ങി. പ്രസംഗം കുറച്ചൊക്കെ മനസ്സിലാകത്തക്ക ഹിന്ദിപരിജ്ഞാനം ഇതിനിടെ ഞാൻ നേടിയിരുന്നു. ചില പാട്ടുകൾ പാടാനും ഞാൻ പഠിച്ചു.

എനിക്കു ഹിന്ദി സ്വാതന്ത്ര്യമായി സംസാരിക്കാൻ കഴിയുമായിരുന്നില്ല. പക്ഷേ അവിടെ വന്നിരുന്ന ഒന്നോ രണ്ടോ നല്ല കുടുംബങ്ങൾ എന്റെ 'പൊട്ടഹിന്ദി' സഹിച്ച് എന്നോടു സംസാരിക്കുമായിരുന്നു. അവരുടെ വീടുകളിലേക്കും മിക്കപ്പോഴും വിളിക്കും. ഞാൻ ആ സഭയിൽ ഒരു സ്ഥിരാംഗമായിത്തീർന്നു. ഞാനവിടെ നന്നായി ചേർന്നു പോകാനും തുടങ്ങി. ജലസ്നാനത്തിൽ ഞാൻ കർത്താവിനെ അനുസരിക്കേണ്ടതുണ്ടെന്നു കുറച്ചു കഴിഞ്ഞപ്പോൾ എനിക്കു ബോധ്യപ്പെട്ടു.

ഞാൻ എന്റെ വിശ്വാസത്തെക്കുറിച്ചു തീരുമാനത്തെക്കുറിച്ചും വീട്ടിലേക്ക് എഴുതി.പക്ഷേ മമ്മിപോലും എന്നെ കളിയാക്കുകയാണുണ്ടായത്. മമ്മി ഇഷ്ടപ്പെടാത്ത 'ഹലേലൂയ്യാ കൂട്ടത്തിൽ' ഞാനും ചേരുന്നതു തനിക്കു താത്പര്യമില്ലെന്നു തന്നെ മമ്മി തുറന്നെഴുതി. അവരെ കുറ്റം പറയുന്നതിൽ കാര്യമില്ലെന്ന് എനിക്കും തോന്നി.എന്റെ നാട്ടിൽ പാസ്റ്റർമാർ, ബൈബിളുമായി വരുന്ന സഹോദരിമാർ എന്നിവരിൽ നിന്നു നല്ല പെരുമാറ്റം അല്ല ഞങ്ങളിൽ പലർക്കും ലഭിച്ചിരുന്നത്. അവർ വീടുകൾ കയറി ഇറങ്ങി നീണ്ട പ്രാർത്ഥനകൾ നടത്തി "ദൈവവേലയ്ക്കായി" പണം നൽകാൻ ആളുകളിൽ സമ്മർദ്ദം ചെലുത്തി മതം ആളുകളുടെ തൊണ്ടയിൽ തള്ളിക്കയറ്റാൻ പാടുപെടുന്നവർ. എന്നാൽ അവരിൽ നിന്നു വ്യത്യസ്തയാണു ഞാനെന്നു മമ്മി കാണണമെന്നു ഞാൻ ആഗ്രിച്ചു. എന്റെ കത്തുകളല്ല എന്റെ ജീവിതം തന്നെ അവരോടു സംസാരിക്കട്ടെ എന്നു ഞാൻ ആഗ്രഹിച്ചു.

എന്റെ സ്നാനം എന്നെ സംബന്ധിച്ചിടത്തോളം ഒരു വലിയ സംഭവമായിരുന്നു. ചില വർഷങ്ങൾക്കു മുൻപു കർത്താവ് എന്നെ തന്റെ സ്വന്തമാക്കിയതുപോലെയുള്ള ഒരു ദിവസം. ഇതേസമയം ഒട്ടേറെ





പ്രതികൂലങ്ങളും എതിർപ്പുകളും അന്നുമുതൽ എന്റെ നേരെ വരാൻ തുടങ്ങി. കർത്താവിനെ പിൻപറ്റുകയും ഒരു ദൈവിക ജീവിതം ജീവിക്കുകയും ചെയ്യുന്നവരെല്ലാം പീഡനങ്ങളിലൂടെ കടന്നുപോകാറുണ്ടെന്നു ഞാൻ കണ്ടെത്തി.

താഴ്മയോടും അതേ സമയം അന്തസ്സോടും വേണം ഒരു ദൈവപൈതലെന്ന നിലയിൽ ഞാൻ പെരുമാറാൻ. ആ പെരുമാറ്റം അഭ്യസിക്കാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ കർത്താവായ യേശുക്രിസ്തുവിന്റെ വകയാണെന്ന് എന്റെ ജോലിസ്ഥലത്തുള്ളവർ മനസ്സിലാക്കണമെന്നും ഞാൻ ആഗ്രഹിച്ചു. സ്നാനത്തിനുശേഷം ലോകത്തിനും അതിന്റെ ആകർഷണങ്ങൾക്കും സത്യത്തിൽ എന്റെമേൽ വളരെക്കുറച്ചേ സ്വാധീനമുണ്ടായിരുന്നുള്ളു.

സഭയിൽ ധാരാളം നല്ല വ്യക്തികൾ ഉണ്ടായിരുന്നു. ക്രമേണ സഭയിലും ജോലിസ്ഥലത്തും പുരുഷന്മാരോട്-വിവാഹിതരായവരോടും- കൂടുതൽ സംസാരിക്കുവാനുള്ള പ്രവണത എന്നിലുണ്ടെന്നു ഞാൻ മനസ്സിലാക്കി. ഇതുതെറ്റാണെന്ന് വേഗത്തിൽ തന്നെ ഞാൻ തിരിച്ചറിഞ്ഞു. സൂക്ഷ്മതയുള്ളവളായിരിക്കാൻ കർത്താവെനിക്കു മുന്നറിയിപ്പു തന്നു.ദൈവം യോജിപ്പിച്ച പുരുഷന്റെയും സ്ത്രീയുടെയും മധ്യത്തിൽ ഞാൻ വരുവാൻ പാടില്ല. വിവാഹിതനായ ഒരു പുരുഷന്റെ ഭാര്യയോട് അതേ സ്വാതന്ത്ര്യത്തോടെ സംസാരിക്കുവാൻ കഴിയുകയില്ലെങ്കിൽ ഒരിക്കലും ആ പുരുഷനോട് മാത്രം സ്വാതന്ത്ര്യമായി സംസാരിക്കുകയില്ലെന്നു ഞാൻ അതിനു തുടർന്നു തീരുമാനിച്ചു. ഈ തീരുമാനം പിന്നീട് എന്നെ പല ചതിക്കുഴികളിൽ നിന്നും രക്ഷിച്ചു. മറ്റു വീടുകളിൽ തെറ്റിദ്ധാരണ ഉണ്ടാകുന്നതിന് ഒരു നിമിത്തമാകുന്നതിൽ നിന്ന് ഈ തീരുമാനം എന്നെ രക്ഷിച്ചെന്നും ഞാൻ കരുതുന്നു. വേണ്ട സമയങ്ങളിൽ മുന്നറിയിപ്പു നൽകുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിനായി ഞാൻ

> **കർത്താവിനായി ചെറിയ ശുശ്രൂഷകൾ ചെയ്യുന്നതിൽ ഞാൻ ആനന്ദം കണ്ടെത്തി. സണ്ടേസ്കൂൾ കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ ഞാൻ സന്നദ്ധത പ്രകടിപ്പിച്ചു. ഒന്നോ രണ്ടോ കുടുംബങ്ങൾക്ക് എങ്ങോട്ടെങ്കിലും പോകേണ്ടി വരുമ്പോൾ അവരുടെ കുഞ്ഞുങ്ങളെ നോക്കാനും ഞാൻ തയ്യാറായി. ചില രോഗികളോടു ഞാൻകർത്താവിനെക്കുറിച്ചു പറയുമായിരുന്നു. ആളുകൾക്ക് സന്തോഷം നൽകാൻ കൊച്ചു കാര്യങ്ങൾ മതിയെന്നും ഞാൻ കണ്ടെത്തി. രോഗിയായ ഒരാളുടെ മുഖം ദീപ്തമാക്കാൻ നമ്മുടെ ഒരു പുഞ്ചിരി മതി. ദയയോടു കൂടിയ നമ്മുടെ ഒരു വാക്ക് അവർക്കു സാന്ത്വനതൈലമാകും!**

ദൈവത്തിനു നന്ദി പറഞ്ഞു.

എനിക്കുതോന്നിയപ്പോലെ മറ്റു പെൺകുട്ടികൾക്കു തോന്നാറുണ്ടോ എന്ന് ഞാൻ ഇടയ്ക്കിടെ അത്ഭുതപ്പെടുമായിരുന്നു. ആരോഗ്യകരമല്ലാത്ത സൗഹൃദങ്ങൾ താല്ക്കാലികമായ സന്തോഷം നൽകുമെങ്കിലും പിന്നീട് അതു തിന്മയായിത്തീരും. എന്നെ നശിപ്പിച്ചുകളയാവുന്ന മറ്റൊരു മല്ലനായി ഞാൻ ഇതിനെ കണ്ടു. എന്റെ ജീവിതത്തിൽ അവിടുന്നു സന്തുഷ്ടനല്ലാത്ത എല്ലാ ശീലങ്ങളും എന്നിൽ നിന്നു വേരോടെ പറിച്ചു നീക്കണമേ ദൈവമേ- ഞാൻ പ്രാർത്ഥിച്ചു.

കർത്താവിനായി ചെറിയ ശുശ്രൂഷകൾ ചെയ്യുന്നതിൽ ഞാൻ ആനന്ദം കണ്ടെത്തി. സണ്ടേസ്കൂൾ കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ ഞാൻ സന്നദ്ധത പ്രകടിപ്പിച്ചു. ഒന്നോ രണ്ടോ കുടുംബങ്ങൾക്ക് എങ്ങോട്ടെങ്കിലും പോകേണ്ടി വരുമ്പോൾ അവ

**ഞാൻ, ആളുകൾക്കു സൗജന്യമായി ഉപദേശം നൽകുന്ന പരിപാടി നിർത്തി. കാരണം ഞാൻ ചെറുപ്പമാണ്, എനിക്ക് അനുഭവപരിചയവും കുറവാണ്. ആളുകൾക്കു സത്യത്തിൽ വേണ്ടതു തങ്ങൾക്ക് ഉപദേശം തരുന്ന ആളുകളെയല്ല, മറിച്ച് തങ്ങൾക്കുപറയാനുള്ളതു ക്ഷമയോടെ കേട്ടിരിക്കുന്ന ആളുകളെയാണ്. അതുകൊണ്ട് ആളുകളുടെ പ്രശ്നങ്ങൾക്കു ചെവികൊടുക്കുന്ന ശീലം ഞാൻ വളർത്തിയെടുക്കാൻ തുടങ്ങി. അങ്ങനെ ഹോസ്പിറ്റലിന്റെ എല്ലാവാർഡിലും എനിക്കു പരിചയക്കാരും സ്നേഹിതരും ഉണ്ടായി.**

രുടെ കുഞ്ഞുങ്ങളെ നോക്കാനും ഞാൻ തയ്യാറായി. ചില രോഗികളോടു ഞാൻ കർത്താവിനെക്കുറിച്ചു പറയുമായിരുന്നു. ആളുകൾക്ക് സന്തോഷം നൽകാൻ കൊച്ചു കാര്യങ്ങൾ മതിയെന്നും ഞാൻ കണ്ടെത്തി. രോഗിയായ ഒരാളുടെ മുഖം ദീപ്തമാക്കാൻ നമ്മുടെ ഒരു പുഞ്ചിരി മതി. ദയയോടു കൂടിയ നമ്മുടെ ഒരു വാക്ക് അവർക്കു സാന്ത്വനതൈലമാകും!

ആളുകൾ എന്നെ മുതലെടുക്കാതിരിക്കാൻ ഞാൻ പരിജ്ഞാനത്തോടെയും പെരുമാറണമായിരുന്നു. ദയയുള്ള നഴ്സുമാരെ മുതലെടുക്കുന്ന ചില രോഗികളുണ്ടായിരുന്നു. അടിമകളെപ്പോലെ തങ്ങളുടെ ചുറ്റും ഓടിനടക്കാൻ അവർ ദയാനിധികളായ നഴ്സുമാരെ ഉപയോഗപ്പെടുത്തും.

എല്ലാവർക്കും ഉപദേശം കൊടുക്കാൻ നഴ്സുമാർക്കു പൊതുവെ താത്പര്യമുണ്ടെന്നും ഞാൻ കണ്ടു. വിദഗ്ദ്ധരെപ്പോലെയും രക്ഷാകർത്താക്കളെപ്പോലെയും അവർ പെരുമാറിക്കളയും. ഒടുവിൽ ആളുകൾ അവരെക്കൊണ്ടു മടുത്ത് അവരെ ഒഴിവാക്കാൻ തുടങ്ങും. ഇതു മനസ്സിലാക്കിയ ഞാൻ, ആളുകൾക്കു സൗജന്യമായി ഉപദേശം നൽകുന്ന പരിപാടി നിർത്തി. കാരണം ഞാൻ ചെറുപ്പമാണ്, എനിക്ക് അനുഭവപരിചയവും കുറവാണ്. ആളുകൾക്കു സത്യത്തിൽ വേണ്ടതു തങ്ങൾക്ക് ഉപദേശം തരുന്ന ആളുകളെയല്ല, മറിച്ച് തങ്ങൾക്കുപറയാനുള്ളതു ക്ഷമയോടെ കേട്ടിരിക്കുന്ന ആളുകളെയാണ്. അതുകൊണ്ട് ആളുകളുടെ പ്രശ്നങ്ങൾക്കു ചെവികൊടുക്കുന്ന ശീലം ഞാൻ വളർത്തിയെടുക്കാൻ തുടങ്ങി. അങ്ങനെ ഹോസ്പിറ്റലിന്റെ എല്ലാ വാർഡിലും എനിക്കു പരിചയക്കാരും സ്നേഹിതരും ഉണ്ടായി.

ഹോസ്റ്റലിലെ സഹനഴ്സുമാരിൽനിന്നു ഞാൻ നേരിട്ടതു മറ്റൊരു പ്രശ്നമാണ്. അവരിൽ മിക്കവരും മറ്റുള്ളവരെക്കുറിച്ചും ആശുപത്രി അധികൃതരെക്കുറിച്ചും ദൂഷണം പറയുന്നവരായിരുന്നു. ഒട്ടേറെ സമയം അവർ വൃഥാസംഭാഷണത്തിനു ചെലവിടും. അവരിൽനിന്നു രക്ഷപ്പെടുന്നത് ഏറെ പ്രയാസമായിരുന്നു. പക്ഷേ എന്തെങ്കിലും കാരണം പറഞ്ഞ് കുറച്ചുകഴിയുമ്പോൾ ഞാൻ മെല്ലെ അവരുടെ അടുത്തുനിന്നു പോകും. ഏതു നിസ്സാരവാക്കിനും ചെവി കൊടുത്ത ഏതു പരദൂഷണത്തിനും ഞാൻ ഒരു നാളിൽ കർത്താവിന്റെ മുൻപാകെ കണക്കുകൊടുക്കേണ്ടതാണെന്ന ബോധ്യം എനിക്കുണ്ടായിരുന്നു.

തങ്ങൾക്ക് എന്തോ മാരകരോഗമുണ്ടെന്നു കരുതുന്നവരായിരുന്നു മറ്റു ചില നഴ്സുമാർ.മറ്റുള്ളവരുടെ സഹതാപം അവർക്കു വേണം. ഇന്ന് ഒറ്റയ്ക്കായിരിക്കുമ്പോൾ തന്നെ അവർ അവരുടെ





ഇല്ലാത്ത രോഗത്തിനുസഹതാപം തേടി മുഴുവൻ സമയവും ചെലവഴിക്കുന്നു. ഇങ്ങനെയെങ്കിൽ നാളെ അവർക്കു ഭർത്താവും കുഞ്ഞുങ്ങളും ആകുമ്പോൾ ആ ചുമതലകൾ എങ്ങനെ അവർക്കു നിറവേറ്റാൻ കഴിയും?

മറ്റുള്ളവർക്ക് തങ്ങൾ ഉണ്ടാക്കുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് ഇവർക്ക് ചിന്തയേയില്ലെന്നു മിക്കപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്. ആശുപത്രികളിൽ ഒട്ടേറെ രോഗികളെയും രോഗം സംബന്ധിച്ചകാര്യങ്ങളെയും അവർ നേരിടുന്നതുകൊണ്ടാണോ തങ്ങൾക്കും ഇവയിൽപലരോഗങ്ങളും ഉണ്ടെന്ന് ഇവർ സങ്കല്പിക്കുന്നതെന്നു ഞാൻ അത്ഭുതപ്പെട്ടു!

ഒരു നഴ്സിന് രോഗിയിൽനിന്നു ടി.ബി. പിടിപെട്ടു. തനിക്ക് ക്ഷയരോഗം പിടിപെട്ടത് രോഗിയിൽനിന്നാണെന്നു മനസ്സിലായപ്പോൾ അവൾ ആകെ അസ്വസ്ഥയായി. അവിശ്വാസിനിയായ അവൾ പിന്നെ രാവും പകലും തനിക്കു രോഗം പകർന്നു തന്ന ആ ആളിനെ ശപിക്കുന്നതു കേൾക്കാമായിരുന്നു.

ദൈവമക്കളെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ എത്ര വ്യത്യസ്തമാണ്! ദൈവം അറിയാതെ നമുക്ക് ഒന്നും സംഭവിക്കുന്നില്ല. നമ്മൾ രോഗികൾ ആയാൽ, ദൈവത്തിന് നന്ദി, അവിടുത്തേക്കു നമ്മെ സഹായിക്കാൻ കഴിയും! യേശു നമ്മുടെ സൗഖ്യദായകനാണ്. അവിടുന്നു നമ്മുടെ ഭാരം വഹിക്കുന്നു. അവിടുത്തേക്കു നമ്മെ അത്ഭുതകരമായി സൗഖ്യമാക്കാൻ കഴിയും. അല്ലെങ്കിൽ നമ്മുടെ രോഗത്തിനു ശരിയായ ചികിത്സ കിട്ടുന്ന ഒരിടത്തേക്കു നമ്മെ നയിക്കാൻ കഴിയും.

എന്റെ സഹപ്രവർത്തകരിൽ ചിലർ സിനിമാഭ്രാന്തുള്ളവരായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട താരങ്ങളെക്കുറിച്ചായിരുന്നു എപ്പോഴും അവരുടെ സംസാരം. ഹോസ്റ്റലിൽ അവർ എപ്പോഴും സിനിമാഗാനങ്ങളും പാടും. എനിക്കിതൊന്നും

**തങ്ങൾക്ക് എന്തോ മാരകരോഗമുണ്ടെന്നു കരുതുന്നവരായിരുന്നു ചില നഴ്സുമാർ. മറ്റുള്ളവരുടെ സഹതാപം അവർക്കു വേണം. അവർ അവരുടെ ഇല്ലാത്ത രോഗത്തിനുസഹതാപം തേടി മുഴുവൻ സമയവും ചെലവഴിക്കുന്നു മറ്റുള്ളവർക്ക് തങ്ങൾ ഉണ്ടാക്കുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് ഇവർക്ക് ചിന്തയേയില്ലെന്നു മിക്കപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്. ആശുപത്രികളിൽ ഒട്ടേറെ രോഗികളെയും രോഗം സംബന്ധിച്ചകാര്യങ്ങളെയും അവർ നേരിടുന്നതുകൊണ്ടാണോ തങ്ങൾക്കും ഇവയിൽപല രോഗങ്ങളും ഉണ്ടെന്ന് ഇവർ സങ്കല്പിക്കുന്നതെന്നു ഞാൻ അത്ഭുതപ്പെട്ടു!**

അറിഞ്ഞു കൂടായിരുന്നു എന്നതിൽ ഞാൻ ദൈവത്തെ സ്തുതിച്ചു. ഞാൻ മിക്കപ്പോഴും ഈ പാട്ടിന്റെ വരികൾ ഓർക്കും:

എന്റെ സ്വരം എടുത്താലും, എന്നെ പാടാൻ അനുവദിച്ചാലും

എപ്പോഴും എന്നേക്കും എന്റെ രാജാവിനായ് മാത്രം....

വേറെ ചിലർ ഗൾഫുനാടുകളിൽപോയി പണം ഉണ്ടാക്കുന്നതും സ്വർണാഭരണങ്ങൾ വാങ്ങി അണിയുന്നതും സ്വപ്നം കാണും. പല നഴ്സുമാരും അവിടെപോയി പണം ഉണ്ടാക്കിയെന്ന് അവർ കേട്ടിട്ടുണ്ട്.

ദൈവം എന്നെക്കുറിച്ച് എന്താണ് ആഗ്രഹിക്കുന്നത്?

എന്റെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കാൻ ഞാനാഗ്രഹിച്ചു. ഇതേസമയം ദൈവേഷ്ടം, അതെന്താ

> സഭാലൈബ്രറിയിൽ ചില നല്ല പുസ്തകങ്ങൾഉണ്ടായിരുന്നു. മാഡം ഗയോണിന്റെ ജീവചരിത്രത്തിന്റെ ഒരു പഴയ കോപ്പി അവിടെ ഞാൻ കണ്ടെത്തി. ഞാൻ വായിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും മികച്ച പുസ്തകം അതായിരുന്നു. പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കാൻ അതെന്നെ വെല്ലുവിളിച്ചു. എന്റെ ആത്മീയജീവിതത്തിൽ ആ പുസ്തകം എന്നെ വിവിധനിലകളിൽ സഹായിച്ചു. കഷ്ടതകളുടെ ലക്ഷ്യവും ക്രൂശിന്റെ മാർഗ്ഗവും മനസ്സിലാക്കാൻ അത് കുറച്ചൊന്നുമല്ല എന്നെ സഹായിച്ചത്!

യാലും, ചെയ്യാനും ഞാൻ വാഞ്ഛിച്ചു. എനിക്കുള്ള അല്പത്തെ – അഞ്ചപ്പവും രണ്ടുമീനും അനുഗ്രഹിച്ച് അവിടുന്ന് 5000 പേരെ തൃപ്തരാക്കിയപോലെ അവിടുന്ന് വാഴ്ത്തി അനുഗ്രഹിച്ചു തരുമെന്നു ഞാൻ വിശ്വസിച്ചു.

പണം ഉണ്ടാക്കാനായി മാത്രം വിദേശത്തുപോയ പല വിശ്വാസികളെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ട്.പണം ഒരു വലിയ കെണിയാണെന്നു ഞാൻ കണ്ടു. തെറ്റായ നിലയിൽ കുന്നുകൂടുന്ന സ്വത്തെല്ലാം എനിക്കും എന്റെ കുടുംബത്തിനും ശാപമായി മാറുമെന്നു ഞാൻ കണ്ടു.

വീട്ടിൽ പണമെല്ലാം കുടിച്ചു ധൂർത്തടിച്ച പിതാവിനെ ഞാൻ ഓർത്തു. കുടിക്കുന്ന സ്വഭാവം പിതാവിനില്ലായിരുന്നെങ്കിൽ ഞങ്ങൾ ധനികരാകുമായിരുന്നു. പണം എന്നു പറയുന്നതു ദൈവം തരുന്ന ഒരു ദിവ്യമായ നിക്ഷേപമാണ് അതു നാം വിവേകത്തോടെ ഉപയോഗിക്കുന്നു.

ഞാൻ എപ്പോഴും തിരക്കിലായിരുന്നു. വളരെക്കുറിച്ച് ഒഴിവുസമയം മാത്രമേ എനിക്കുണ്ടായിരുന്നുള്ളു. അതു നന്നായി.കാരണം അലസന്റെ ഹൃദയം ചെകുത്താന്റെ പണിശാലയാണെന്ന് എനിക്കറിയാമായിരുന്നു. സമയം കിട്ടുമ്പോൾ ഞാൻ തയ്ക്കും. എന്റെ അല്പമായ ഒഴിവുസമയം വസ്ത്രങ്ങൾ തയ്ക്കാനും കേടുപോക്കാനും ഞാൻ ഉപയോഗിച്ചു.

ഞാൻ എന്റെ പഠനവും ഇഷ്ടപ്പെട്ടു. മൊത്തത്തിൽ ജീവിതം സന്തോഷകരം. എനിക്കൊരു ലക്ഷ്യമുണ്ട്. ചിലതു നേടിയതിന്റെ ചാരിതാർഥ്യമുണ്ട്. എന്റെ ബാഹ്യലോകത്തിലെതിരിച്ചടികളെ മറികടന്ന് അവയെല്ലാം എന്നെന്നേക്കുമായി മറന്നു മുമ്പോട്ടുപോകാൻ ഞാനാഗ്രഹിച്ചു.

സഭാലൈബ്രറിയിൽ ചില നല്ല പുസ്തകങ്ങൾഉണ്ടായിരുന്നു. മാഡം ഗയോണിന്റെ ജീവചരിത്രത്തിന്റെ ഒരു പഴയ കോപ്പി അവിടെ ഞാൻ കണ്ടെത്തി. അവരെക്കുറിച്ചു ഞാൻ നേരത്തെ കേട്ടിട്ടുണ്ടായിരുന്നില്ല. അതൊരു വലിയ പുസ്തകമായിരുന്നു. എനിക്ക് വായിക്കാൻ ഏറെ സമയം കിട്ടാതിരുന്നതുകൊണ്ട് അതു വായിച്ചു തീർക്കാൻ മാസങ്ങൾ തന്നെ എടുത്തു.

എന്നാൽ ഞാൻ വായിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും മികച്ച പുസ്തകം അതായിരുന്നു. പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കാൻ അതെന്നെ വെല്ലുവിളിച്ചു. എന്റെ ആത്മീയജീവിതത്തിൽ ആ പുസ്തകം എന്നെ വിവിധനിലകളിൽ സഹായിച്ചു. കഷ്ടതകളുടെ ലക്ഷ്യവും ക്രൂശിന്റെ മാർഗ്ഗവും മനസ്സിലാക്കാൻ അത് കുറച്ചൊന്നുമല്ല എന്നെ സഹായിച്ചത്!

'ഒരു ചാഞ്ചല്യവുമില്ലാതെ കർത്താവിനെ സേവിക്കുക' – എന്റെ ആദർശവാക്യം അതായിത്തീർന്നു. ആ ആദർശവാക്യം കർത്താവിനെ അടുത്ത് അനുഗമിക്കാൻ എന്നെ പ്രചോദിപ്പിച്ചു.

(തുടരും)

മൊഴിമാറ്റം: **സാന്ദ്ര**

❖





# എഡിറ്റോറിയൽ തുടർച്ച......

ഉണ്ടായിരിക്കുകയില്ല.

ദൈവസ്നേഹമില്ലാതെയും നമുക്ക് ഒട്ടേറെ പരിപാടികൾ സംഘടിപ്പിക്കാനും പ്രവർത്തനങ്ങളിൽ വ്യാപൃതരാകാനും കഴിയും. പക്ഷേ അപ്പോൾ കർത്താവ് പരീശന്മാരോട് പറഞ്ഞതു നമ്മോടും പറയും:'നിങ്ങൾ പുറമെ എന്തു ഭാവിച്ചാലും ഉള്ളിൽ ദൈവസ്നേഹമില്ലാതെ, ചടങ്ങുപോലെയാണ് ഇവയെല്ലാം ചെയ്യുന്നതെന്നു ഞാൻ അറിയുന്നു. നിങ്ങൾക്ക് ആത്മീയരാകാനല്ല താത്പര്യം മറിച്ച് മതഭക്തിയിൽ അഭിരമിക്കാനാണ്'.

**തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട്...**

പരീശന് 'അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും' താത്പര്യമായിരുന്നു. അവർക്കു തങ്ങളുടെ 'മുമ്പിൽ കാഹളം ഊതാനും' പ്രാർത്ഥനയിലൂടെയും ഭിക്ഷ കൊടുക്കുന്നതിലൂടെയും മറ്റു 'മനുഷ്യർക്കു വിളങ്ങാനും' സന്തോഷമായിരുന്നു. എന്നാൽ ഏകദൈവത്തിന്റെ പക്കൽനിന്നുള്ള ബഹുമാനത്തിന് അവർ പ്രാധാന്യം കൊടുത്തില്ല. ഫലം അവരെ കപടഭക്തരെന്നും മതഭക്തരെന്നും കർത്താവു വിളിച്ചു.

നമ്മുടെ അവസ്ഥ എന്താണ്? ഇന്നു പരിഷ്കൃത സമൂഹത്തെ നയിക്കുന്ന ഒരു കാഴ്ചപ്പാട് 'നീ എന്റെ പുറം ചൊറിഞ്ഞാൽ ഞാൻ നിന്റെ പുറം ചൊറിയാം' എന്നതാണ്. ഒരാൾ അർത്ഥമില്ലാത്ത കാര്യത്തിനു മറ്റൊരാളെ പൊള്ളയായ വാക്കുകൾകൊണ്ടു പ്രശംസിക്കുന്നു. ഒരു ഉളുപ്പും കൂടാതെ അയാൾ ആ പ്രശംസ സ്വീകരിക്കുന്നു. പകരം തന്നെ അഭിനന്ദിച്ചയാളെ തിരിച്ചു പ്രശംസിക്കുന്നു. തമ്മിൽത്തമ്മിൽ ബഹുമാനം വാങ്ങുന്ന അവസ്ഥ. ഊതിവീർപ്പിക്കപ്പെടുന്ന സ്വയം. പൊള്ളയായ വാക്കുകൾ. തന്നിൽത്തന്നെ പ്രസാദിക്കുന്ന രീതി. മറുവശത്തു കൊച്ചുവാക്കുകളിൽ നീരസപ്പെടുന്ന മനോഭാവം. ഇതെല്ലാം കൂടിക്കലർന്ന അയഥാർത്ഥമായ ഒരു ലോകത്താണു പലരുടേയും ജീവിതം.

നിർഭാഗ്യവശാൽ ലോകത്തിന്റെ ഈ രീതി തന്നെയാണ് ഇന്നു വിശ്വാസഗോളത്തെയും സ്വാധീനിച്ചിരിക്കുന്നത്. ക്രിസ്തീയയോഗങ്ങളിലും പ്ലാറ്റ്ഫോമുകളിലും കോരിച്ചൊരിയപ്പെടുന്ന പ്രശംസകളും ഭംഗിവാക്കുകളും അന്യോന്യം ബഹുമാനം വാങ്ങുന്ന മനോഭാവത്തിന്റെ സ്വാധീനത്തിലേക്കാണു വിരൽചൂണ്ടുന്നത്. ഇതിന്റെയെല്ലാം ഫലമായി വിശ്വാസികൾ തങ്ങളെക്കുറിച്ചുതന്നെ അയഥാർത്ഥമായ ഒരു സങ്കല്പം വച്ചു പുലർത്താൻ ഇടയാകുന്നു. ഫലം ദൈവത്തോടുള്ള ആദ്യസ്നേഹം പടിയിറക്കപ്പെട്ട ഹൃദയസംഹാസനത്തിൽ ഇപ്പോൾ അവരോധിക്കപ്പെട്ടിരിക്കുന്നത് ഊതിവീർപ്പിക്കപ്പെട്ട സ്വയമാണ്. 'അന്ത്യകാലത്തു...മനുഷ്യർ സ്വസ്നേഹികളും...ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും' എന്ന വചനം യാഥാർത്ഥ്യമായിത്തീരുകയാണ് (1 തിമൊ. 3:15).

ഭക്തിയുടെ ശക്തി ത്യജിച്ച് അതിന്റെ വേഷം മാത്രം ധരിക്കുക-മതഭക്തി ഇതാണ്. മതഭക്തിയിൽ നിന്ന് ആത്മീയതയിലേക്കുള്ള പാത ക്രൂശിന്റെ പാതയാണ്. യഥാർത്ഥ വിശ്വാസം ആവശ്യമുള്ള വഴിയാണ്.

ദൈവത്തോടുള്ള കറകളഞ്ഞ സ്നേഹത്തിൽ, അക്ഷരങ്ങളിൽ അഭിരമിക്കാതെ, മനുഷ്യമാനത്തിനും സ്വന്തഹിതത്തിനും മരിച്ച് ആത്മീയരാകാനാണു ദൈവം നമ്മെ വിളിക്കുന്നത്.

പ്രസക്തമായ ചോദ്യം ഇതാണ്: നാം ആരുടെ അനുകാരികളായിത്തീരും, പരീശന്മാരുടെയോ, യേശുവിന്റെയോ?

❖

# കാതറിനും വില്യംബൂത്തും

*12-ാം പേജിൽ നിന്നു തുടർച്ച*

മാറി വരും. ചീത്ത ദിവസങ്ങളിൽ കുഞ്ഞുങ്ങൾപോലും അതു മനസ്സിലാക്കി അപ്പനിൽ നിന്നും കഴിവതും അകന്നു നിൽക്കും. കാതറിനോടു മാത്രമായിരുന്നു മാറ്റമില്ലാത്ത പെരുമാറ്റം. പ്രണയകാലത്തെന്നതുപോലുള്ള മാർദ്ദവം ജീവിതാന്ത്യംവരെ നിലനിന്നു. കാതറിനുമായുള്ള അടുപ്പം ഒരു പ്രത്യേക തലത്തിലുള്ളതായിരുന്നു. ഭാര്യക്കയച്ച ഒരു കത്തിൽ ഇങ്ങനെ കാണുന്നു:"നമുക്കു ചുറ്റുമുള്ള പലരെക്കാളും വിവാഹജീവിതത്തിന്റെ മാധുര്യവും ഒരുമയും നമ്മൾ മനസ്സിലാക്കുന്നുണ്ട് എന്നെനിക്കു തോന്നുന്നു. നമുക്കുള്ളതു പോലുള്ള സ്നേഹവും പിണക്കവും ആകർഷണവും ആസ്വാദനവും കരുതലും ഞാൻ കണ്ടുമുട്ടിയ ആളുകളിൽ ആർക്കെങ്കിലും ഉണ്ടായിരിക്കുമോ എന്നാണെന്റെ തോന്നൽ.

ഒമ്പതു വർഷങ്ങളിൽ ആറു കുഞ്ഞുങ്ങളെ പ്രസവിച്ച് വളർത്തേണ്ടി വന്നതു കൊണ്ടാവാം, അല്ലെങ്കിൽ സ്ഥിരമായൊരു വീടില്ലാതെ പലദിക്കിൽ കറങ്ങേണ്ടിവന്നതു കൊണ്ടാവാം, അതുമല്ലെങ്കിൽ തുടർച്ചയായുണ്ടായ ആരോഗ്യപ്രശ്നങ്ങളാലുമാവാം വില്യമിനെ എന്നും ഉത്സാഹിപ്പിച്ചുകൊണ്ടിരുന്ന കാതറിൻ തന്നെ ഒടുവിൽ വിഷാദത്തിലായി. അത്തരമൊരവസരത്തിൽ കാതറിൻ എഴുതി:'ഇങ്ങനെ വിഷാദിച്ചിരിക്കരുതെന്നെനിക്കറിയാം. അത് കർത്താവിനെ അപമാനിക്കലാണല്ലോ. എന്നാലും എനിക്ക് അങ്ങനെയല്ലാതാകാൻ സാധിക്കുന്നില്ല.എത്രയോ നാളായി ഇതിനെതിരായി ഞാൻ പോരാടുന്നു. അക്ഷരാർത്ഥത്തിൽത്തന്നെ എന്റെ ശിരസ്സും കൈകളും ഹൃദയവും കൂപ്പി ആത്മമാരി എന്റെ മേൽ പതിക്കേണ്ടതിനായി കാത്തിരുന്നിട്ടുണ്ട്. ഇന്ന് ഞാൻ അഗാധത്തിൽ നിപതിച്ചിരിക്കുന്നു!'

ഏറ്റവും ഇളയകുഞ്ഞിന് അപസ്മാരലക്ഷണങ്ങളുണ്ടായി. കടയിലും മറ്റും പണം കൊടുത്തു തീർക്കാൻ വിഷമിച്ചു. പണ്ടുണ്ടായിരുന്ന നട്ടെല്ലിലെ വേദന വീണ്ടും തലപൊക്കാൻ തുടങ്ങിയിരിക്കുന്നു. ഇതെല്ലാം ചേർന്നായിരിക്കണം കാതറിൻ ആകുലചിത്തയായത്. എന്നാൽ വില്യമിന് നല്ലസമയമായിരുന്നു. ഇംഗ്ലണ്ടിന്റെ വടക്കൻ പ്രദേശങ്ങളിൽ നടത്തിവന്ന ഉണർവുയോഗങ്ങൾ വൻ വിജയമായിരുന്നു. ഭർത്താവ് ഭാര്യയ്ക്കെഴുതി:'സന്തോഷിക്കുക-എല്ലാം നേരെയാവും. എന്തെല്ലാമായാലും ആശങ്ക മാത്രമരുത്'.

മറ്റെന്തെങ്കിലും കാര്യങ്ങളിൽ ശ്രദ്ധതിരിക്കുന്നത് നന്നായിരിക്കുമെന്ന് വില്യം അഭിപ്രായപ്പെട്ടു. ഏതാണ്ട് അതേ സമയത്താണ് ചില ഉണർവുയോഗങ്ങൾ സ്വന്തനിലയ്ക്ക് നടത്താമോ എന്നാവശ്യപ്പെട്ട് ചിലർ കാതറിനെ സമീപിച്ചത്. ലണ്ടന്റെ തെക്കൻ പ്രദേശങ്ങളിൽ ക്രമീകരിച്ചിരുന്ന ഈ സമ്മേളനങ്ങളിൽ വില്യം ഉണ്ടാവുകയില്ല എന്നത് ബുദ്ധിമുട്ടായി തോന്നിയെങ്കിലും വില്യത്തിന്റെ പ്രോത്സാഹനമുണ്ടായപ്പോൾ കാതറിൻ സമ്മതിച്ചു. ഈ യോഗങ്ങളെല്ലാംതന്നെ പ്രതീക്ഷിച്ചതിലുമധികം വിജയമായിരുന്നു. അതുകൊണ്ടുതന്നെ ലണ്ടന്റെ മറ്റു ചില പ്രദേശങ്ങളിൽ നിന്നും ക്ഷണമുണ്ടായി. തുടർന്ന് വില്യവും ലണ്ടനിലേയ്ക്ക് വന്നു ഭാര്യയുടെ മീറ്റിംഗുകളിൽ സഹകരിച്ചു.

(തുടരും)





അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-34

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു. അവിടെ പല കാര്യങ്ങൾക്കുവേണ്ടിയും മദ്ധ്യസ്ഥപ്രാർത്ഥന നടത്തുമായിരുന്നു.അതിനൊക്കെ അദ്ഭുതകരമായ നിലയിൽ മറുപടി ലഭിച്ചു. ലോകമെങ്ങും ചിതറിക്കിടക്കുന്ന യെഹൂദന്മാർ ഒന്നുചേർന്ന് യിസ്രായേൽ രാഷ്ട്രം രൂപീകരിക്കാൻ സാഹചര്യം ഉണ്ടാകാനായി റീസും കൂട്ടരും പ്രാർത്ഥന ആരംഭിച്ചു. യെഹൂദരായ അഭയാർത്ഥിക്കുട്ടികൾക്ക് ഒരു താവളം വെയിൽസിൽ സ്ഥാപിക്കാനും റീസിനെ ദൈവം പ്രേരിപ്പിച്ചു...*

## ഒരു രാഷ്ട്രം പിറക്കുന്നു

**യെ**ഹൂദന്മാർ - ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ചിതറിപ്പാർക്കുന്ന ജനം. രണ്ടായിരം വർഷങ്ങളായി പല സ്ഥലങ്ങളിൽ കഴിയുന്ന അവർ തങ്ങളുടെ വാഗ്ദത്തനാട് -യിസ്രായേൽ- സ്വപ്നം കണ്ടു കഴിയുകയായിരുന്നു. പക്ഷേ നൂറ്റാണ്ടുകൾ കടന്നുപോയിട്ടും ആ സ്വപ്നം സാക്ഷാൽക്കരിക്കുന്ന മട്ടില്ല. പക്ഷേ പ്രതീക്ഷകൈവിടാതെ അവർ തങ്ങളുടെ പൂർവ്വപിതാവായ അബ്രഹാമിനു ദൈവം നൽകിയ വാഗ്ദാനത്തിൽ വിശ്വസിച്ച് നാളുകൾ പിന്നിട്ടു.

ഇതിനിടയിൽ 20-ാം നൂറ്റാണ്ടിൽ ആദ്യ ലോകമഹായുദ്ധം വന്നു. പക്ഷേ യെഹൂദർക്കു തങ്ങളുടെ രാജ്യം തിരികെ കിട്ടിയില്ല. ഇതിനിടെ രണ്ടാംലോകമഹായുദ്ധത്തിനും കേളികൊട്ടുയർന്നു.

ഈ സമയത്താണ് ഇംഗ്ലണ്ടിലെ വെയിൽസിൽ റീസും കൂട്ടരും യെഹൂദനു ദൈവം രാജ്യം പുനഃസ്ഥാപിച്ചുകൊടുക്കാ

നായി പ്രാർത്ഥന ആരംഭിച്ചത്. ആ പ്രാർത്ഥന മുന്നോട്ടുപോയപ്പോൾ ജർമ്മനിയിൽനിന്നു ഹിറ്റ്ലറിന്റെ പട്ടാളം പുറന്തള്ളുന്ന യെഹൂദരായ കുട്ടികൾക്ക് ഒരു താവളം ഒരുക്കാൻ ദൈവം അവരെ പ്രേരിപ്പിച്ചു.

ഇതിനിടയിൽ കൂടുതൽ സാമ്പത്തിക ബാധ്യത നൽകുന്ന മറ്റൊരു ദൗത്യവും ദൈവം റീസിനെ ഭരമേൽപിച്ചു — 100000 പൗണ്ട് നിർദ്ദിഷ്ട യിസ്രായേൽ രാഷ്ട്രത്തിനു സംഭാവനയായി നൽകുക.

ഒരു ലക്ഷം പൗണ്ട്!- റീസും കൂട്ടരും ഇതുവരെ ഏറ്റെടുത്ത സാമ്പത്തിക ബാധ്യതകളിലെ ഏറ്റവും വലിയ ഒന്നായിരുന്നു ഇത്. ഒരു ലക്ഷം പൗണ്ട് സമാഹരിച്ച് സംഭാവന നൽകാൻ അവർ ആഗ്രഹിച്ചു. അതിനായി പ്രാർത്ഥനവും ആരംഭിച്ചിരുന്നു. എന്നാൽ ചെലവില്ലാതെ യാഗം ഒഴിക്കാൻ പാടില്ലല്ലോ (2ശമുവേൽ 24:24)! അതുകൊണ്ട് ഈ ഒരു ലക്ഷം പൗണ്ടിൽ തങ്ങളെക്കൊണ്ടു നൽകാൻ കഴിയുന്ന പരമാവധി ആദ്യംതന്നെ മാറ്റിവയ്ക്കാൻ റീസ് തീരുമാനിച്ചു. ഇതിന്റെ ആത്മിക പ്രമാണം അദ്ദേഹം ഇങ്ങനെ വിശദീകരിച്ചു: "വിശ്വാസ വഴിയിൽ ഒരു സുവർണനിയമമുണ്ട്. അതിങ്ങനെയാണ്. ഒരുവൻ തന്റെ കൈവശം ഉള്ള പണം ഒന്നാമതു കൊടുക്കാൻ തയ്യാറായില്ലെങ്കിൽ അവന് നിർദ്ദിഷ്ട പദ്ധതിക്ക് പണം നൽകാൻ മറ്റുള്ളവരെ പ്രേരിപ്പിക്കാൻ ദൈവത്തോട് അപേക്ഷിക്കാൻ അവകാശമില്ല."

ചില ദിവസങ്ങളായി ഇക്കാര്യം റീസിനെ ദൈവം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഈ ദൈവികപ്രേരണ അനുസരിക്കാൻ തന്നെ അദ്ദേഹം തീരുമാനിച്ചു. ഞായറാഴ്ച രാവിലെ യോഗത്തിൽ ഇക്കാര്യം കോളജിൽ പരസ്യമായി പ്രസ്താവിച്ചപ്പോൾ അതു വലിയൊരു കോളിളക്കം തന്നെ കോളജിലെ വിദ്യാർത്ഥികളുടെയും മറ്റു സ്റ്റാഫിന്റെയും ഇടയിലുണ്ടാക്കി. "ഇപ്പോഴുള്ള ഗ്ലെൻഡർവെൻ, ഡെർവെൻ ഫോർ, സ്കെറ്റി ഇസാഫ് എന്ന മൂന്ന് എസ്റ്റേറ്റുകളും വില്ക്കുക. അവ വിറ്റാൽ ഏകദേശം ഒരു ലക്ഷം പൗണ്ട് ലഭിക്കും . ഈ തുക യിസ്രായേൽ രാഷ്ട്രത്തിനുള്ള സംഭാവനയായി ആദ്യം നൽകുക. തുടർന്ന് ആരെങ്കിലും സംഭാവനകൾ നൽകിയാൽ അവയും സമാഹരിച്ച ബാക്കിതുകയും നൽകുക" - ഇതാണു താൻചെയ്യാൻ പോകുന്നതെന്നാണ് റീസ് ഹൊവൽസ് മീറ്റിംഗിൽ പ്രഖ്യാപിച്ചത്. 'ഈ മൂന്ന് എസ്റ്റേറ്റുകളിലായി നടന്നുകൊണ്ടിരുന്ന കോളജ്, സ്കൂൾ, അനാഥാലയം എന്നിവ പുതിയ 'പെൻലെർഗെയർ' എസ്റ്റേറ്റിലേക്കു മാറ്റി സ്ഥാപിക്കും. എല്ലാവരും പെൻലെർഗെയർ എസ്റ്റേറ്റിൽ യെഹൂദാക്കുട്ടികളോടൊപ്പം കഴിയട്ടെ '- റീസ് നയം വ്യക്തമാക്കി.

പറഞ്ഞപ്പോൾ എളുപ്പം കഴിഞ്ഞെങ്കിലും ഇത് പ്രായോഗികമായി നടപ്പാക്കാൻ ഏറെ പ്രയാസമുള്ള കാര്യമായിരുന്നു. ഒന്നാമതു കഷ്ടപ്പെട്ടു വാങ്ങിയ മൂന്ന് എസ്റ്റേറ്റുകൾ വില്ക്കണം. പെൻലെർഗെയറിലേക്കു കോളജ്, സ്കൂൾ തുടങ്ങിയവ മാറ്റുമ്പോൾ അവിടെ പുതിയ കെട്ടിടങ്ങൾ പണിയണം.

ഇവയെക്കാളൊക്കെ പ്രയാസകരമായിരുന്നത് ആദ്യ എസ്റ്റേറ്റുകളോടുണ്ടായിരുന്ന മാനസിക അടുപ്പം ഒഴിവാക്കുന്നതായിരുന്നു. പ്രത്യേകിച്ചും റീസിന്റെ ഭാര്യ എലിസബത്തിന്. വാസ്തവത്തിൽ ഇതു ദൈവോദ്ദേശ്യമാണോ?- എലിസബത്തിന് ആദ്യം സംശയമുണ്ടായിരുന്നു. എന്നാൽ റീസ് ഇക്കാര്യം പരസ്യമായി വലിയ ബോധ്യത്തോടെ പ്രഖ്യാപിക്കുന്നതു കേട്ടിരുന്നപ്പോൾ എലിസബത്തിനു മനസ്സിലായി അതെ ഇതു തന്നെയാണു വഴി; ദൈവഹിതവും ഇതുതന്നെ.

പക്ഷേ മീറ്റിംഗു കഴിഞ്ഞു നിറകണ്ണുകളോടെയാണ് എലിസബത്ത് മടങ്ങിയത്. തന്റേതായ വൈകാരികമായ അടുപ്പങ്ങളോടു വിടപറയാൻ എലിസബത്തിന് ഒരു സാവകാശം വേണ്ടിയിരുന്നു. ആദ്യമീറ്റിംഗിന്റെ തുടർച്ചയായുള്ള ഉച്ചയ്ക്കു മുൻപുള്ള യോഗത്തിൽ എലിസബത്ത് പങ്കെടുത്തില്ല. ഉച്ചഭക്ഷണം കഴിക്കാനും പോയില്ല. എന്നാൽ മുറിയിൽ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ എലിസബത്തിന്റെ മനോമുകുരത്തിൽ ഒരു ചിത്രം തെളിഞ്ഞു - അബ്രഹാം മോറിയാമലയുടെ കയറ്റം കയറുന്നു, മകൻ യിസ്ഹാക്കുമായി. തുടർന്ന് അബ്രഹാം, യിസ്ഹാക്കിനെ യാഗം കഴിക്കാൻ ഒരുമ്പെടുന്നു!

മൂന്നു മണിയുടെ യോഗത്തിന് റീസ് എത്തിയപ്പോൾ, തന്റെ ഭാര്യ കടന്നുപോയ മാനസികപോരാട്ടങ്ങളെക്കുറിച്ച് ഒന്നും അറിയാതിരുന്ന റീസ് സൂക്ഷം പോലെ സംസാരിച്ചതാകട്ടെ അബ്രഹാം യിസ്ഹാക്കിനെ, താൻ സ്നേഹിച്ചഏകജാതനെ, ബലികഴിക്കാൻ കൊണ്ടുപോയ തിരുവചനഭാഗം. എലിസബത്തിന് ഉറപ്പായി, ദൈവം ഈ ത്യാഗം ആവശ്യപ്പെടുന്നു. ഒടുവിൽ മീറ്റിംഗിന്റെ അന്ത്യത്തിൽ എലിസബത്ത് തന്നെത്തന്നെ സമർപ്പിച്ചു പ്രാർത്ഥിച്ചപ്പോൾ സദസ്സിൽ ഒരു കണ്ണുപോലും നനയാത്തതായുണ്ടായിരുന്നില്ല.

എസ്റ്റേറ്റുകളുടെ വില്പനയ്ക്കുവേണ്ടിയുള്ള കൂടിയാലോചനകൾ ആരംഭിച്ചു. ഡെർവെൻ ഫോർ എസ്റ്റേറ്റിനു സമീപം ബ്രിട്ടീഷ് സൈന്യം നേരത്തെ അല്പം ഭൂമി വാങ്ങിയിരുന്നു. അവരുടെ ഒരു പരിശീലനകേന്ദ്രം ആരംഭിക്കാൻ വേണ്ടിയായിരുന്നു അത്. കുറച്ചുകൂടി സ്ഥലം വാങ്ങാൻ പട്ടാള അധികാരികൾ ആഗ്രഹിച്ചു. അവർ ഡെർവെൻഫോർ എസ്റ്റേറ്റിനെക്കുറിച്ച് അന്ന് അന്വേഷിക്കുകയും ചെയ്തിരുന്നു. ഈ വിവരം അറിഞ്ഞപ്പോൾ റീസ് സൈനിക ഓഫീസുമായി ബന്ധപ്പെട്ടു. അവർ അതേക്കുറിച്ച് പരിഗണിക്കാമെന്നു പറഞ്ഞു. ചില മാസങ്ങൾ മുന്നോട്ടുപോയി. ഒടുവിൽ മാസങ്ങൾക്കുശേഷം സൈനികഓഫീസ് ഒരു തീരുമാനത്തിലെത്തി. ആ സ്ഥലത്തുകൂടുതൽ വികസന പ്രവർത്തനങ്ങൾ ആവശ്യമില്ല.... ഈ തീരുമാനം വരുന്നതിനിടയിൽ വേറെ ചില സംഭവവികാസങ്ങളുണ്ടായി.

കോളജിൽ ഒട്ടേറെ യോഗങ്ങൾ തുടർമാനം നടന്നുകൊണ്ടിരുന്നു. അതിൽ സംബന്ധിക്കാനെത്തിയ, മിഷനറി വേലയ്ക്കായി വിളിയുള്ള, ദമ്പതികളോട് പരിശുദ്ധാത്മാവ് പ്രത്യേകരീതിയിൽ ഇടപെട്ടു. ദൂരെസ്ഥലങ്ങളിലേയ്ക്കു പ്രേഷിത പ്രവർത്തനത്തിനുപോകാനുള്ള അവരുടെ ആഗ്രഹം യാഗപീഠത്തിൽ വയ്ക്കുവാനാണു പരിശുദ്ധാത്മാവ് ആവശ്യപ്പെട്ടത്. പകരം യെഹൂദക്കുട്ടികൾക്കായുള്ള നിർദ്ദിഷ്ട ഭവനത്തിൽ അവരുടെ മാതാപിതാക്കാളുടെ സ്ഥാനത്തുനിന്ന് അവരെ ശുശ്രൂഷിക്കാനുള്ള പുതിയ ദൗത്യം ഏറ്റെടുക്കാൻ പരിശുദ്ധാത്മാവ് ആഹ്വാനം നൽകി. പലരും ഇക്കാര്യത്തിനായി പൂർണമായി സമർപ്പിച്ചു. പക്ഷേ ദിവസങ്ങൾ നീണ്ടുപോയിട്ടും ഈ ശുശ്രൂഷയ്ക്ക് അവർക്ക് അവസരം ലഭിച്ചില്ല. എന്നാൽ 120 പേരടങ്ങുന്ന ഈ സംഘം മധ്യസ്ഥ പ്രാർത്ഥന എന്ന ശുശ്രൂഷയ്ക്കായി വേർതിരിഞ്ഞു. യുദ്ധത്തിന്റെ ആ വർഷങ്ങളിൽ ലോകഗതിയെ സ്വാധീനിക്കാനും യിസ്രായേൽ രാഷ്ട്രം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിത്തീർക്കാനും പരിശുദ്ധാത്മാവു നടത്തിയ നീക്കമായിരുന്നു ഇതെന്നു വ്യക്തം. യുദ്ധത്തിന്റെ ആ ദിനങ്ങളിൽ യെഹൂദാക്കുട്ടികളെ ശുശ്രൂഷിക്കാൻ കഴിഞ്ഞില്ലെങ്കിലും മുഴങ്കാലിൽ നിന്നുകൊണ്ട് ദൈവഹിതത്തിന്റെ പൂർത്തീകരണത്തിനായി പ്രാർത്ഥനയിൽ പോരാടുന്ന 120 പേരുടെ സംഘത്തെ സജ്ജീകരിക്കാൻ കഴിഞ്ഞതു ചെറിയ കാര്യമല്ലല്ലോ!

യെഹൂദാക്കുട്ടികളെ സ്വീകരിക്കാൻ കോളജിൽ ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കവെയാണു ജർമനിക്കെതിരെ യുദ്ധപ്രഖ്യാപനം ഉണ്ടായത്. അതിനകം 12 യെഹൂദാക്കുട്ടികളെ ജർമനിയിൽ നിന്നുകൊണ്ടു വന്ന് പെൻലെർഗെയർ എസ്റ്റേറ്റിൽ പുനരധിവസിപ്പിച്ചിരുന്നു. പക്ഷേ പൊടുന്നനെ യുദ്ധം പ്രഖ്യാപിച്ചു; സാഹചര്യങ്ങൾ മാറിമറിഞ്ഞു. ജർമനിയിൽ നിന്ന് ഇനി കുട്ടി

കളെകൊണ്ടുവരുന്നത് അസാധ്യമായി.

റീസിന്റെ ജീവിതത്തിൽ മറ്റൊരു പരീക്ഷാഘട്ടം. “നിങ്ങൾ ദൈവത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ തുടങ്ങുമ്പോൾ എല്ലാം നിങ്ങൾക്കെതിരെ വരുന്നു!” റീസ് ഇതേക്കുറിച്ച് പ്രതികരിച്ചത് അങ്ങനെയാണ്. “എന്റെ കാര്യം തന്നെ നോക്കുക. യെഹൂദരായകുഞ്ഞുങ്ങളെ പുനരധിവസിപ്പിക്കാനായി ഞാൻ പെൻലെർഗെയർ എസ്റ്റേറ്റ് വാങ്ങി. കുഞ്ഞുങ്ങളെ പരിചരിക്കാൻ 120 സന്നദ്ധഭടന്മാരും തയ്യാറായി. ഉടനെയിതാ യുദ്ധം! എനിക്കവരെകൊണ്ടുവരാൻ കഴിയാതെ പോകുമോ? എന്നാൽ ദൈവം നിങ്ങളോട് ഒരു കാര്യംപറഞ്ഞാൽ നിങ്ങൾ അത് അവിശ്വസിക്കരുത്. ദൈവം നിങ്ങളോട് ആവശ്യപ്പെട്ടതനുസരിച്ച് നിങ്ങൾ ഒരു സംരംഭത്തിന് ഇറങ്ങിപ്പുറപ്പെടുകയും അതിൽ തിരിച്ചടികൾ ഉണ്ടാകുകയും ചെയ്താൽ എന്താണു വേണ്ടത്? തീർച്ചയായും ആ ഭാരവുമായി ദൈവസന്നിധിയിലേക്കുതന്നെ പോകുകയാണു വേണ്ടത്. യെഹൂദക്കുട്ടികളെ പുനരധിവസിപ്പിക്കുക എന്ന സ്വപ്നത്തിന്റെ കാര്യത്തിൽ എനിക്കു തെറ്റുപറ്റിയതായി ആർക്കും തോന്നാം.എനിക്കു വലിയ സാമ്പത്തിക ബാധ്യതയും ഇക്കാര്യത്തിലുണ്ടായി. പക്ഷേ ഒരിക്കൽപോലും ഞാനാതീരുമാനത്തെ ചോദ്യം ചെയ്തില്ല. പിശാച് അങ്ങനെ മന്ത്രിച്ചെങ്കിലും എനിക്കുതെറ്റു പറ്റിയിട്ടില്ലെന്ന് എനിക്കറിയാമായിരുന്നു. ഞങ്ങൾക്കു കുട്ടികളെ വിചാരിച്ചതുപോലെ കിട്ടിയില്ലെന്നതു നേര്. എന്നാൽ ആ സ്ഥലം വാങ്ങുന്നതിൽ ഞങ്ങൾ ദൈവത്തെ അനുസരിച്ചു. അതിൽനിന്നു ലഭിക്കുന്ന ആയിരക്കണക്കിനു പൗണ്ട് ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി ഉപയോഗിക്കാൻ കഴിയുമെന്ന് അവിടുന്നു ഞങ്ങളെ ഓർമ്മിപ്പിച്ചു.”

ദൈവം എത്ര അത്ഭുതവാൻ! ഒറ്റനോട്ടത്തിൽ പരാജയമെന്നുതോന്നിയ ഈ പദ്ധതിയിലൂടെയും അവിടുന്ന് ഒട്ടേറെ കാര്യങ്ങൾ ചെയ്തെടുത്തു! ഒന്നാമത് ഈ സ്ഥലം കൈവശമാക്കിയതിലൂടെ ആ വർഷങ്ങളിലെല്ലാം മധ്യസ്ഥപ്രാർത്ഥനയ്ക്കായി 120 പേരടങ്ങുന്ന ഒരു സംഘത്തിനു മുഴുവൻ സമയവും അവിടെ ചെലവഴിക്കുവാൻ കഴിഞ്ഞു. മറ്റൊരു കാര്യം യുദ്ധത്തിനുമുൻപ് ഈ സ്ഥലം ലഭ്യമായതോടെ അവിടെ പുതിയ കെട്ടിടങ്ങൾ പണിയാൻ റീസ് പദ്ധതി തയ്യാറാക്കുകയും അപേക്ഷകൾ നൽകുകയും ചെയ്തു. അപ്പോഴാണ് ഒരു പുതിയ ബിൽ വന്നത്. ഇതനുസരിച്ച് പുതിയ സ്ഥലം വാങ്ങുകയും അതിൽകെട്ടിടങ്ങൾ പണിയുകയും ചെയ്യുന്നതിന് ഒരു വലിയതുക വികസന നികുതിയായി സർക്കാരിനു നൽകണം. എന്നാൽ ഈ ബില്ലിന് ഒരു പ്രത്യേക അനുബന്ധം ഉണ്ടായിരുന്നു. ഒരു നിർദ്ദിഷ്ടതീയതിക്കു മുൻപ് കെട്ടിടങ്ങൾ പണിയാൻ അപേക്ഷ നൽകിയവർക്ക് ഈ നികുതിയിൽനിന്ന് ഒഴിവുള്ളവരായിരിക്കും! വളരെക്കുറച്ച് പേർക്കുമാത്രമേ ഈ ‘ക്ലോസി’ന്റെ പ്രയോജനം ലഭിച്ചുള്ളു. പക്ഷേ ആ പ്രയോജനം പെൻലെർഗെയർ എസ്റ്റേറ്റിനു ലഭിച്ചു. നേരത്തെ സ്ഥലം വാങ്ങി കെട്ടിടം പണിയാൻ അപേക്ഷ നൽകിയതിന്റെ മെച്ചം. ഈ ഇനത്തിൽ ലാഭിച്ച ഭീമമായ തുകയും ദൈവരാജ്യവ്യാപനത്തിനു മുതൽ കൂട്ടായി.

പെൻലെർഗെയർ എസ്റ്റേറ്റിലെ കെട്ടിടങ്ങൾ പിന്നീടു യുദ്ധത്തിൽ അനാഥരായ കുഞ്ഞുങ്ങൾക്കുള്ള സൗജന്യപാർപ്പിടമായി നൽകാമെന്നു റീസ് അറിയിച്ചു. പിന്നീട് ഈ കെട്ടിടങ്ങൾ പ്രാദേശിക ഭരണസമിതി പിന്നാക്കക്കാരായ കുട്ടികൾക്കുള്ള സ്കൂളായി ഉപയോഗിച്ചു.

യുദ്ധം കൊടുമ്പിരികൊണ്ടപ്പോൾ കോളജിലെ മധ്യസ്ഥപ്രാർത്ഥനയുടെ ഊന്നൽ ‘യെഹൂദന്മാരുടെ സ്വപ്നരാഷ്ട്രം’ എന്നതിൽനിന്നു നാസികളുടെ പരാജയം എന്നതിലേക്കുമാറി എന്നതുനേര്. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിലൂ





ടെ യെഹൂദന്മാർക്ക് അവരുടെ രാഷ്ട്രം മടക്കിക്കിട്ടണമെന്ന പ്രാർത്ഥന വിട്ടുകളഞ്ഞുമില്ല. ഇതിനെക്കുറിച്ചു റീസു പറയുന്നതിങ്ങനെ: “യുദ്ധം രൂക്ഷമായപ്പോൾ യെഹൂദന്മാരുടെ രക്ഷയ്ക്കുവേണ്ടി നാസികളുടെ തോൽവി എന്നതായി പ്രാർത്ഥനയുടെ മുഖ്യ ഊന്നൽ. എന്നാൽ നാസികൾ തോറ്റപ്പോൾ 1947 ഒക്ടോബർ നവംബർ ആയപ്പോഴേക്കും വീണ്ടും ‘ഇസ്രായേൽ രാഷ്ട്രം’ എന്നതിലേക്കുതന്നെ പ്രാർത്ഥന മടങ്ങിവന്നു. ദിവസം മുഴുവൻ ഈ ഒരൊറ്റ കാര്യത്തിനു വേണ്ടിയുള്ള പ്രാർത്ഥന കോളജിൽ നിന്നുയർന്നു.4000 വർഷം മുൻപ് അബ്രഹാമിനോടുചെയ്ത ഉടമ്പടി അനുസരിച്ചു ദൈവം തന്റെ ജനത്തെ പലസ്തീനിലേക്കു മടക്കിക്കൊണ്ടുവരണം. പലസ്തീൻ വീണ്ടും യെഹൂദരാഷ്ട്രമായി മാറണം. ദൈവത്തിന്റെ വാഗ്ദാനങ്ങളെ മുറുകെപ്പിടിച്ച് അതീവ ശ്രദ്ധയോടെ ഈ കാര്യത്തിനായി ഞങ്ങൾ പല നാളുകൾ പ്രാർത്ഥിച്ചു.”

ഇതു സംബന്ധിച്ചു പ്രാർത്ഥനാപോരാളികൾക്കു പല സന്ദേഹങ്ങളുണ്ടായിരുന്നു. 1914–18ലെ ഒന്നാം ലോക മഹായുദ്ധത്തിനുശേഷം യെഹൂദന്മാർ പലസ്തീനിലേക്കുകൂടിയേറിയില്ല. അങ്ങനെയെങ്കിൽ ഈ രണ്ടാംലോകമഹായുദ്ധത്തിനുശേഷവും അവർ അതിനു തയ്യാറാകാതെ വരുമോ? പക്ഷേ ഇത്തവണ യു.എൻ സമിതി പലസ്തീൻ രാഷ്ട്രം എന്ന കാര്യം പരിഗണിക്കാൻ തുനിഞ്ഞപ്പോൾ അതിൽ ദൈവത്തിന്റെ കരം റീസും കൂട്ടരും കണ്ടു. ബ്രിട്ടൻ, പലസ്തീൻ യെഹൂദന്മാർക്കു വിട്ടുകൊടുത്ത് അവിടെനിന്ന് പിന്മാറാനുള്ള സന്നദ്ധത പരസ്യമായി അറിയിച്ച ദിവസം കോളജിൽ പ്രത്യേക സ്തോത്രപ്രാർത്ഥന നടന്നു. രണ്ടു മാസത്തിനുള്ളിൽ ഇതുസംബന്ധിച്ച 11 നിർണായക ദിവസങ്ങളിൽ കോളജ്, മുഴുവൻ സമയവും പ്രാർത്ഥനയ്ക്കായി മാറ്റിവച്ചു.

1947 നവംബർ 27.അന്നായിരുന്നു യിസ്രായേൽ രാഷ്ട്രം സംബന്ധിച്ച് യു.എൻ. സമിതിയിലെ വോട്ടെടുപ്പ്. അന്നു പ്രത്യേകപ്രാർത്ഥന നടന്നു. പക്ഷേ വോട്ടെടുപ്പിന്റെ ഫലംവന്നപ്പോൾ പലസ്തീൻ വിഭജിക്കുന്നതിൽ യു.എൻ.സമിതിക്കു സമവായത്തിൽ എത്താൻ കഴിഞ്ഞില്ലെന്നു വ്യക്തമായി.

പക്ഷേ പ്രാർത്ഥനാപോരാളികൾ നിരാശപ്പെട്ടില്ല. കൂടുതൽ തീവ്രമായി പ്രാർത്ഥന തുടർന്നു. ന്യൂയോർക്കിൽ നടക്കുന്ന യു.എൻ. സമിതിയോഗത്തിലെ പ്രതിനിധികളെ ദൈവ ദൂതന്മാർ ‘ദൈവജനത്തിന് അനുകൂലമായി സ്വാധീനിക്കുന്നത്’ അവർ വിശ്വാസത്താൽകണ്ടു. വിജയത്തെക്കുറിച്ചു പൂർണ്ണഉറപ്പും പ്രാർത്ഥനാ പോരാളികൾക്കു ലഭിച്ചു. പിറ്റേദിവസം പുതിയവാർത്ത വന്നു. പലസ്തീൻ വിഭജിച്ച് യിസ്രയേൽ രാഷ്ട്രം രൂപീകരിക്കുന്ന തീരുമാനം 13ന് എതിരെ 33 വോട്ടുകളോടെ പാസ്സായി. ഫലത്തിൽ ‘യിസ്രായേൽ രാഷ്ട്രം’ എന്ന സ്വപ്നം പൂവണിയുന്നു. 2000 വർഷത്തെ ചരിത്രത്തിൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ച ഏറ്റവും പ്രധാനദിവസമായി ആ ദിവസത്തെ കോളജ് കൊണ്ടാടി. കഴിഞ്ഞ 20 നൂറ്റാണ്ടായി യെഹൂദന് അവന്റെ രാഷ്ട്രം തിരിച്ചുകിട്ടുമെന്ന് ഒരു സൂചനപോലും ഉണ്ടായിരുന്നില്ല. എന്നാൽ അബ്രഹാമുമായുള്ള ഉടമ്പടി 4000വർഷം പിന്നിട്ടപ്പോൾ ഇതാ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ചിതറിയിരുന്ന യെഹൂദർ തങ്ങളുടെ വാഗ്ദത്തദേശത്ത് ഒത്തുകൂടുന്നു! പലസ്തീനിന്റെ മിക്കഭാഗങ്ങളും അവർക്കു തിരിച്ചുകിട്ടുന്നു – കോളജ് ദൈവപദ്ധതി നിറവേറുന്നതിന്റെ ആഘോഷത്തിൽ മതിമറന്നു.

എന്നാൽ യിസ്രായേൽ രാഷ്ട്രത്തെക്കുറിച്ച് പുതിയൊരു വെളിച്ചംകൂടി റീസിനു ലഭിച്ചു. അത് അറബികളെ സംബന്ധിച്ചുള്ളതായിരുന്നു. ഇതേപ്പറ്റി റീസ് പറയുന്നത് ഇങ്ങനെയാണ്: “ഉൽപത്തി 16:12ൽ യിശ്മായേലിനെക്കുറിച്ച് ദൈവം പറയുന്നത് ‘അവൻ തന്റെ സകല സഹോദരന്മാർക്കും

# മതഭക്തിയോ ആത്മീയതയോ?

*10-ാം പേജിൽ നിന്നു തുടർച്ച*

ന്മേൽ വിജയം ഉണ്ടായിരുന്നുവെന്നും എന്നാൽ കോപിച്ചതോടെ പെട്ടെന്നു പാപത്തിൽ വീണപോയെന്നും അയാൾ കരുതുന്ന പക്ഷം അയാൾ സ്വയം വഞ്ചിക്കുകയാണ്. ആറു മാസക്കാലമായി അയാൾ അട്ടിയട്ടിയായി വെടിക്കോപ്പുകൾ സംഭരിക്കുകയായിരുന്നു. അതു കഴിഞ്ഞ് ഒരു തീപ്പെട്ടിക്കൊള്ളിയുരച്ചതോടെ അതു പൊട്ടിത്തെറിക്കുവാനിടയായി. ഈ കാലം മുഴുവൻ അയാൾ പാപത്തിലാണ് ജീവിച്ചു പോന്നത്. ദീർഘസമയമായി ആ പാപം വെളിപ്പെട്ടിരുന്നില്ല എന്നു മാത്രം ആ തീപ്പെട്ടിക്കൊള്ളിയല്ല, ആറു മാസമായി അയാൾ ശേഖരിച്ചുവച്ച വെടിക്കോപ്പുകളാണ് പൊട്ടിത്തെറിക്കു കാരണം.

മറ്റു മനുഷ്യരോടുള്ള നമ്മുടെ മനോഭാവത്തിൽ നമ്മെത്തന്നെ ദൈവസ്നേഹത്തിൽ സൂക്ഷിച്ചു കൊള്ളുവാൻ (യൂദാ. 21) നാം പോരാടുന്നില്ലെങ്കിൽ മതഭക്തരെന്ന നിലയിൽ നമുക്കു നല്ല സാക്ഷ്യം പുലർത്തുവാൻ കഴിഞ്ഞാൽപ്പോലും നാം പാപികളാണ്. മിക്ക വിശ്വാസികൾക്കും വിവേചനശക്തിയില്ല അതിനാൽ അവർ നമ്മെ ആത്മീയരായി പരിഗണിച്ചെന്നുവരാം. അവരുടെ അഭിപ്രായം മൂലം നാം തൃപ്തിപൂണ്ടിരിക്കുന്നുവെങ്കിൽ അതു നമ്മുടെ മൗഢ്യം മാത്രമാണ്. സംഗീതവാസനയില്ലാത്ത ഒരാളോട് നമ്മുടെ ഗാനസാമർത്ഥ്യം വിലയിരുത്തുവാൻ ആവശ്യപ്പെടുന്നതു പോലെ ബുദ്ധിഹീനമാണത്.

നമ്മുടെ മാനസാന്തരം അടിസ്ഥാനപരമായിരിക്കുകയും നാം മതഭക്തിയിൽ നിന്നു വിടുതൽ നേടുകയും ചെയ്യണമെങ്കിൽ നാം പാപത്തെ പാപമെന്നു തന്നെ വിളിക്കേണ്ടതാവശ്യമാണ്. കോപത്തെ അതിന്റെ യഥാർത്ഥ പേരായ 'കൊലപാതകം' എന്ന പേരിൽത്തന്നെ നാം വിളിക്കണം. (മത്തായി 5:21,22) ഓരോ പാപത്തേയും നിങ്ങൾ ഇപ്രകാരം കരുതുന്നില്ലെങ്കിൽ ജീവിതകാലം മുഴുവൻ മതഭക്തിയിൽ ജീവിക്കുക എന്ന ഭീകര വിപത്തിനു നിങ്ങൾ ഇരയായിത്തീരും. ഒരിക്കലും നിങ്ങൾ ആത്മീയരായിത്തീരുകയുമില്ല. ഒരു മതഭക്തൻ തന്റെ ബാഹ്യമായ നീതിയുടെ കാര്യത്തിൽ വളരെ കരുതലുള്ളവനായിത്തീർന്നേക്കാം. പരീശന്മാർ തുളസി,

---

എതിരെ പാർക്കും' എന്നാണ്. ഇതൊരു പ്രശ്നമായി തോന്നി. അറബികളും യെഹൂദന്മാരോടൊപ്പം അവരുടെ സാന്നിധ്യത്തിൽ തന്നെ അവർക്ക് എതിരെ പാർക്കുമെന്നാണോ ദൈവം ഉദ്ദേശിച്ചത്? യിശ്മായേലിനെ ദൈവവും അനുഗ്രഹിക്കുന്നതായി പറയുന്നു. അറബികളും ഏകദൈവവിശ്വാസികളാണ്. അവർ യെഹൂദർക്ക് അപ്പവും വെള്ളവും നൽകും (യെശയ്യാ. 21:13-15). യഹോവയ്ക്കു കാഴ്ചയുമായി യെരുശലേമിൽ ആദ്യം വരുന്നവരും അവരാണ് (യെശയ്യാ 60:6). ചുരുക്കത്തിൽ യെഹുദന്മാരെക്കുറിച്ചു മാത്രമല്ല അറബികളെക്കുറിച്ചും താത്പര്യം ഉള്ളവരായിരിക്കാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. അവരും അബ്രഹാമിന്റെ സന്തതിപരമ്പരയിൽപ്പെട്ടവരാണ്. യെഹൂദരും അറബികളും തമ്മിലുള്ള വേർപാടിന്റെ നടുച്ചുവർ പരിശുദ്ധാത്മാവ് ഇടിച്ചുകളയുകയാണോ! നിർദ്ദിഷ്ട പുതിയ യിസ്രായേൽ രാജ്യത്തിൽ അറബികളുടെ സാന്നിധ്യം ഉണ്ടാകുന്നതിനെക്കുറിച്ച് ഈ നിലയിലുള്ള ചിന്തകളാണ് ആ ദിവസങ്ങളിൽ ദൈവം എനിക്കു തന്നത്."

രണ്ടായാലും റീസിന്റെയും കോളജിലെ പ്രാർത്ഥനാ പോരാളികളുടെയും മധ്യസ്ഥതയിൽ ലോകത്ത് ഒരു പുതിയ രാഷ്ട്രം പിറന്നു വീണു - യിസ്രായേൽ. പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവിക്കുന്നു!

(തുടരും).

❖





ചതകുപ്പ, ജീരകം എന്നിവയിൽപ്പോലും ദശാംശം കൊടുത്തിരുന്നു. ബാഹ്യനീതിയിൽനിന്ന് അണുവിടപോലും അവർ വ്യതിചലിക്കുമായിരുന്നില്ല. എങ്കിലും സ്നേഹം, ദയ, പരോപകാരം എന്നിവയിൽ നിന്ന് അവർ അനേകകാതം അകലെയായിരുന്നു. ഇന്നും നീതിമാർഗ്ഗം തുടരുന്നവർക്ക് ഇതേ വിപത്തുതന്നെ സംഭവിക്കാം. പുതിയ ഉടമ്പടിയുടെ മാർഗ്ഗം സ്നേഹത്തിന്റെ മാർഗ്ഗമാണ്. ഈ മാർഗ്ഗത്തിൽ നിന്ന് ഒരു മില്ലിമീറ്റർ പോലും നീങ്ങിപ്പോകാതിരിപ്പാൻ നാം ജാഗ്രതപുലർത്തേണ്ടതത്രേ. ഇതാണ് ആത്മീയതയുടെ മാർഗ്ഗം.

ലോകമയത്വമോ ദുഷ്ടയോ ഒന്നും ഇല്ലാത്തവരെങ്കിലും പരീശന്മാരെപ്പോലെ മതഭക്തി നിമിത്തം നരകപാത്രങ്ങളായിത്തീരുന്ന ഒരു വലിയ പങ്ക് ആളുകളുണ്ട്. അതുകൊണ്ടാണ് മതഭക്തിയെയും ആത്മീയതയെയും തമ്മിൽ നാം വേർതിരിച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നത്. പുറമേയുള്ള നമ്മുടെ പ്രവൃത്തികൾ നല്ലവയായിരുന്നാലും അവ കർത്താവിനോടുള്ള ഗാഢസ്നേഹത്താൽ നയിക്കപ്പെടുന്നവയല്ലെങ്കിൽ അതെല്ലാം ഭക്തിയുടെ വേഷം മാത്രമായിത്തീർന്നു പോകാം. അത്തരം പ്രവൃത്തികൾ സ്നേഹത്തിൽനിന്നു വരുന്നവയല്ലായ്കയാൽ നിർജ്ജീവപ്രവൃത്തികൾ അത്രേ. ക്രിസ്തുവിനോടുള്ള നിർമ്മലസ്നേഹത്തിൽ നിന്നു പുറപ്പെടാത്ത നിർജ്ജീവ പ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരം പ്രാപിക്കുവാൻ ദൈവവചനം നമ്മോടു കല്പിക്കുന്നു. (എബ്രാ. 6:1; 2 കൊരി. 11:3)

സന്തോഷത്തോടെ കൊടുക്കുന്നവരെ ദൈവം സ്നേഹിക്കുന്നു. പണത്തിന്റെ കാര്യത്തിൽ മാത്രമല്ല. അനുസരണത്തിന്റെ കാര്യത്തിലും ഇതു സത്യമാണ്. ദൈവത്തോടുള്ള അനുസരണം നമുക്ക് ഒരു ഭാരമായിത്തീരുമ്പോൾ നാം ആത്മീയതയുടെ വഴിയിൽനിന്നു തെറ്റി മതഭക്തിയുടെ വഴിയിൽക്കൂടി പോകുകയാണെന്നുള്ള കാര്യം വ്യക്തമാണ്. പുതിയ ഉടമ്പടിയിൽ നാം ദൈവത്തിനു നൽകുന്നതെന്തും സ്നേഹത്താൽ സന്തോഷത്തോടെ സ്വയം നൽകുന്നതായിത്തീരണം. അല്ലാത്തപക്ഷം നാം മക്കളെപ്പോലെയല്ല, മറിച്ച് ദാസന്മാരെപ്പോലെ നിയമനിരതരായും ന്യായപ്രമാണത്തിൽ കീഴിൽ ജീവിക്കുന്നവരായും തീർന്നു പോകും.

യൂദാ തന്റെ ലേഖനത്തിൽ ആത്മീയരല്ലാതെ കേവലം മതഭക്തരായി ജീവിച്ചിരുന്ന മൂന്നുപേരെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. കയീൻ, ബിലെയാം, കോരഹ് എന്നിവരാണീ മൂന്നുപേർ (യൂദാ. 11). ഇവരിൽ ഓരോരുത്തരെയും പറ്റി നമുക്ക് ചുരുക്കമായി ചിന്തിക്കാം.

**കയീൻ**

കയീൻ ദൈവമില്ലാത്ത ഒരു മനുഷ്യൻ ആയിരുന്നില്ല. നേരേമറിച്ച് ദൈവത്തിനു യാഗമർപ്പിക്കുന്നതിൽ വിശ്വസിച്ചിരുന്ന ആഴമായ മതഭക്തിയുള്ള ഒരുവനായിരുന്നു. (ഉൽ. 4:3) ഹാബേലും ദൈവത്തിന് യാഗമർപ്പിച്ചു. എന്നാൽ ഈ രണ്ടു യാഗങ്ങളും തമ്മിൽ, ഹാബേലും കയീനും തമ്മിൽ ഉണ്ടായിരുന്ന വ്യത്യാസം, സ്വർഗ്ഗനരകങ്ങൾ തമ്മിലുള്ള വ്യത്യാസം- മതഭക്തിയും ആത്മീയതയും തമ്മിലുള്ള വ്യത്യാസം തന്നെ- ആയിരുന്നു. പണം, സേവനം, സമയം എന്നിങ്ങനെയുള്ള ബാഹ്യവസ്തുക്കൾ ദൈവത്തിന് അർപ്പിക്കുന്നവരുടെ ഒരു പ്രതിനിധിയാണ് കയീൻ. എന്നാൽ ഹാബേലാകട്ടെ, ഒരാട്ടിൻ കുട്ടിയെ കൊന്ന് യാഗപീഠത്തിന്മേൽ അർപ്പിച്ചപ്പോൾ, പ്രതീകരൂപേണ തന്നെത്തന്നെ യാഗപീഠത്തിന്മേൽ വയ്ക്കുകയാണ് ചെയ്തത്.

(തുടരും)

❖

Youth Section




# WHEN JESUS BLED ALONE

*Question: Can you share your thoughts on the death of Jesus Christ?*

Answer:

There are two separate times when Jesus suffered so greatly that he bled. One time was when others hit Him. But the other time was when nobody was within even a stone's throw of Him.

Jesus bled while on Calvary. And most Christians are well aware of this.But Jesus also bled in Gethsemane. And sadly, most Christians are not at all aware of this.

*Luke 22:44 – And being in agony He was praying very fervently; and His sweat became like drops of blood, falling down upon the ground*.

I think that our view of Gethsemane is areally good check on the quality of our Christianity. Please make no mistake – the death of Jesus on Calvary's cross is foundational to our salvation and the only reason we are able to have clean hearts. I have no desire to diminish the work that was accomplished on the cross.

But I believe that the HEART OF JESUS that gave Him the strength to do what He did on the cross is actually seen back in the Garden of Gethsemane. It was in the Garden of Gethsemane that the keybattle was fought and won. Once He got up from His knees for the 3rd time in the garden, there was no turning back. Jesus had made His choice: *To do the will of His Father rather than His own will*.

And here are some differences between Jesus bleeding at Gethsemane versus later on:

✧ Jesus bled at the time of His crucifixion because His body was being beaten by others. Jesus bled in Gethsemane because the awful reality of being separated from His Father started to sink in as a very-present reality.





✧ Jesus was in physical pain when He bled at the time of His crucifixion. Jesus was in spiritual agony when He considered the thought of sin being placed on Him.

Now all of us humans will also bleed when we're beat with whips, or when nails are driven into our hands and feet, or when thorny crowns are forced on our heads. But shedding sweat drops of blood when all alone just at the thought of being separated from God is another thing altogether. This is an altogether different level of agony.

I have never come close to bleeding because of agony. I most probably never will. But the mystery and majesty of this grips me. And since I am a disciple of Jesus, I want God to open my heart more and more to this mystery, so that I might better follow Him in His footsteps.

**So I must ask myself this question: What causes me to be in great agony and "bleed," so to speak?Is it the evil that others do to me or is it the evil that I might do to God?**

We don't need to emulate Jesus on Calvary; in fact, Jesus did there what we could never do. But we DO need to emulate Jesus at Gethsemane. He is our Example here.

Many of us fail in the moment of temptation and when faced with the intense pressure of our crosses, because we do not recognize the significance of Gethsemane beforehand (*Luke 23:46 – "Why are you sleeping? Get up and pray that you may not enter into temptation"*).

An easy practical way to test the quality of my "Gethsemane heart" is to see how seriously I treat sin. Do I think of sin as merely a slip-up, or maybe something that I am bound to do because I'm human, or maybe something that I can easily fix later on with the blood of Jesus? Then I might forever weep with gratitude for Calvary and the forgiveness from sins that I receive there, but I will never understand the agony of Gethsemane and agonize over the sins that continue to plague me, or even just hover ever so close to me.

If I claim to be a disciple of Jesus, then I must become more and more like the Jesus who was utterly revolted over the thought of sin touching Him and causing a wedge of separation between Him and His Father.

*Philippians 3:10 – that I may know Him and the power of His resurrection and the fellowship of His sufferings, being conformed to His death*

Here we see the true knowledge of Jesus that disciples seek after: The power of His resurrection and the fellowship of His sufferings – in our personal lives first of all but also to help others.

There are plenty of people who seek for God's divine power. We consider ourselves holy when we ask God for the miraculous resurrection power of Jesus to help us with our sins or to help others by evangelizing, healing, casting out demons, etc. Now that's not bad things to ask for; God does seek to give His gifts to men through His Holy Spirit. And this Holy Spirit is the SAME Spirit of God who raised Jesus from the dead (Romans 8:12). So God does want to give us His resurrection power to overcome sin in our personal lives, and God does give us His gifts (as He sees fit) to help others.

But there is NO knowledge of Jesus in His resurrection power which does not also come with the fellowship of His sufferings. Seeking the fellowship of His sufferings is seeking to suffer over the things that Jesus suffered over. And the agony of Gethsemane is the pinnacle in that journey of imitating Jesus in His sufferings. So for obvious reasons, only a few of even so-called disciples actively pursue the fellowship of Jesus' sufferings. Since most of us are more inconvenienced by our suffering and our discomfort than by our own sins, we avoid following Jesus in the agony of Gethsemane, and remain sadly defeated by sin. We congratulate ourselves for seeking the resurrection power of Jesus, but we are merely deceiving ourselves.

Let me close with the words of one of my favorite poets, Frederick Faber:

*Ever when tempted, make me see, beneath the olives' moon pierced shade,*

*My God, alone, outstretched, and bruised, and bleeding, on the earth He made;*

*And make me feel it was my sin, as though no other sins there were,*

*That was to Him who bears the world, a load that He could scarcely bear.*

**So as we meditate on the life and death of Jesus, may we be properly and deeply awed by the blood that was shed for us at Gethsemane!**

(please mail your genuine doubts to: **sandeep@poonen.org**)

❖



ജീവമൊഴികൾ